## നിയമനിർമ്മാണകാര്യം

1. 2013–ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 2013–ലെ കേരള സഹ കരണ സംഘ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 2013–ലെ കേരള സഹ കരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽസപ്ലൈസും സഹകര ണവും സംബന്ധിച്ച XI–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ഒന്ന്, ഇറങ്ങിപ്പോക്കിനെ സംബന്ധിച്ചുള്ള കാര്യമാണ്. ഇന്നലെ 11 ജില്ലകളിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ഇലക്ഷൻ നടന്നു. അതിൽ ഒന്നോ രണ്ടോ സ്ഥലത്ത് കുറച്ച് വോട്ട് ചെയ്തതിനുശേഷം തെരെഞ്ഞെടുപ്പ് ബഹിഷ്ക്കരിക്കുകയുണ്ടായി. ആദ്യമായി എനിക്ക് പറയാനുള്ളത് തെരെഞ്ഞെടുപ്പ് നിയമാനുസൃതമായാണ് നടന്നത്. അതിന് യാതൊരു മാറ്റവും വന്നിട്ടില്ല. കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ 40–ഓളം വോട്ട് ചെയ്തതിനുശേഷം എൽ.ഡി.എഫ്–ന്റെ ആളുകൾ

ഇറങ്ങിപ്പോവുകയുണ്ടായി. ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിലെ തെരെഞ്ഞെടുപ്പിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവന്ന വോട്ടർമാരെ തടഞ്ഞു നിർത്തി ഗുണ്ടകളെക്കൊണ്ട് തല്ലിയോടിച്ച സംവിധാനമൊന്നും യു.ഡി. എഫ്-ന്റെ തെരെഞ്ഞെടുപ്പ് കാലത്തുണ്ടാകില്ല. തോൽവി വരുമ്പോൾ ഇതു പോലുള്ള കാര്യങ്ങൾ പറയുന്നതല്ലാതെ മറ്റ് യാതൊരു നിയമവിരുദ്ധ നടപടിയും ഉണ്ടായിട്ടില്ല. പ്രതിപക്ഷത്തിന് ഇറങ്ങിപ്പോകുവാൻ ഏതെങ്കിലും കാര്യം ഉണ്ടായിരിക്കും. ഏതായാലും സഹകരണ മേഖലയിൽ ജനാധിപത്യം പരിപൂർണ്ണമായി പാലിച്ചുകൊണ്ടുമാത്രമാണ് മുന്നോട്ടുപോകുന്നത്. അതോടൊപ്പം 97-ാം ഭരണഘടനാ ഭേദഗതി സഹകരണ മേഖലയ്ക്ക് ഭരണഘടനയുടെ സംരക്ഷണം ഉറപ്പുവരുത്തിയിരിക്കുകയാണ്. വാസ്തവത്തിൽ സഹകരണമേഖലയുടെ പുത്തനുണർവിന് ഇന്ത്യാ ഗവൺമെന്റ് നൽകിയ ഔദാര്യമാണ് 97-ാം ഭരണഘടന ഭേദഗതിയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സഹകരണമേഖലയ്ക്ക് ഈ ഭരണഘടനാ ഭേദഗതി നൽകിയ ഇന്ത്യ ഗവൺമെന്റിനെ ഈ സഭ അനുമോദിക്കണമെന്നമാണ് എന്റെ അഭിപ്രായം. ഈ ബില്ലിനെ സംബന്ധിച്ച് പ്രധാനപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. ഒന്ന്, ഓഡിറ്റ് - സംഘത്തിന്റെ ആസ്തി -ബാധ്യതകൾ യഥാസമയം ഓഡിറ്റ് ചെയ്തെങ്കിൽ മാത്രമേ ആ സംഘത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്താൻ സാധിക്കൂ. അതിന് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഓഡിറ്റ് ഓരോ വർഷവും അതാത് കാലയളവിൽത്തന്നെ ചെയ്തുതീർക്കുവാനുള്ള സംവിധാനം ഈ ബില്ലിലുണ്ട്. ജനറൽ ബോഡിക്ക് വളരെ അധികാരം കൊടുത്തിരിക്കുകയാണ്. മെമ്പർമാർ

പൊതുയോഗത്തിൽ വെറുതെ പങ്കെടുത്താൽ പോരാ, സംഘത്തിന്റെ പ്രവർത്തനത്തിൽ ഇടപെടണം, അതിനാണ് ഓഡിറ്റ് സംവിധാനം. ഓഡിറ്റ് റിപ്പോർട്ട് പൊതുയോഗത്തിൽ വയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്യണം. നഷ്ടം ഉണ്ടെങ്കിൽ ഭരണസമിതി റിപ്പോർട്ട് ചെയ്ത് ലാഭകരമാക്കാനുള്ള പ്രവർത്തനം നടത്തുകയും വേണം. അതും ഈ ബില്ലിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ട്. ഇപ്പോൾ അഞ്ച് കൊല്ലത്തിൽ ഒരിക്കലാണ് സംഘങ്ങളിൽ തെരെഞ്ഞെടുപ്പ് നടത്തുന്നത്. ഭരണഘടന അനുശാസിക്കുന്ന രീതിയിൽ അതിന്റെ പരിധിക്കകത്തുനിന്നുകൊണ്ട് എല്ലാ സംഘങ്ങളിലും യഥാസമയം തെരെഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അച്ചടക്കം, സംഘങ്ങ ളുടെ താൽപ്പര്യം, ജനങ്ങളുടെ താൽപ്പര്യം, താഴെത്തട്ടിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങൾ മുതലായ സമഗ്രമായ പുരോഗതിക്കാവശ്യമായ കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭരണഘടനാ ഭേദഗതിയാണ് ബില്ലിൽ വന്നിരിക്കുന്നത്. മാത്രമല്ല, 97-ാം ഭരണഘടനാ ഭേദഗതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ നിയമത്തിൽ വരുത്തേണ്ടതായ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സഹകരണ മേഖലയെ ഏറ്റവും നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുവാൻ പറ്റുന്ന തരത്തിലാണ് ഈ നിയമം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇന്ത്യൻ പാർലമെന്റിൽ - രാജ്യസഭയിലും ലോകസഭ യിലും 97-ാം ഭരണഘടനാ ഭേദഗതി അവതരിപ്പിച്ചപ്പോൾ ഇവിടെനിന്ന് ഇറങ്ങിപ്പോക്ക് നടത്തിയ ആളുകൾ അവിടെ കൈയടിച്ച് പാസ്സാക്കുകയാണ് ചെയ്തത്. അവിടെ പാസ്സാക്കിയപ്പോൾ യാതൊരു കുഴപ്പവുമില്ല. ഇവിടെ വന്ന് കുഴപ്പമുണ്ടാക്കുകയാണ് ചെയ്യുന്നത്. 97-ാം ഭരണഘടന നിലവിൽ വന്നാൽ സഹകരണ സംഘങ്ങളെല്ലാം നശിച്ചുപോകുമെന്ന രീതിയിലാണ്

ഇവർ സംസാരിക്കുന്നത്. ഈ ബിൽ വായിച്ചു നോക്കാതെയാണ് ഈ അഭിപ്രായം പറയുന്നത്. കേന്ദ്ര ഗവൺമെന്റ് എന്ത് കൊണ്ടുവന്നാലും അതിനെ എതിർക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഈ ബിൽ സഹകരണ മേഖലയുടെ എല്ലാ വികസനവും ഉൾക്കൊണ്ടുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കൂടാതെ ഈ ബിൽ ജനാധിപത്യപരവും നിയമ വിധേയവുമാണെന്ന് അറിയിച്ചുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അങ്ങേയ്ക്ക് 2(A) ഭേദഗതി മൂവ് ചെയ്ത് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28-02-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 2 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതു പോലെ, ഒരു നൂറ്റാണ്ട് പിന്നിട്ട ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിന് ഭരണഘടനയുടെ മൗലികതത്വങ്ങളിലും നിർദ്ദേശകതത്വങ്ങളിലും ഉൾപ്പെടുത്തിക്കൊണ്ട് സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വിപ്ലവകരമായ നിയമനിർമ്മാണമാണ് നമ്മുടെ 97-ാം ഭരണഘടനാഭേദഗതിയിലൂടെ ഇന്ത്യൻ പാർലമെന്റ് നിർവ്വഹിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന് എങ്ങനെ ഗുണകരമാക്കി മാറ്റാം, എങ്ങനെ നിയന്ത്രണ വിധേയമാക്കി മാറ്റാമെന്ന പ്രധാനപ്പെട്ട വിഷയമാണ് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ ഭേദഗതികളിലൂടെ നമുക്ക് നിർവ്വഹിക്കുവാനുള്ളത്. 14-ാം ലോകസഭയിലാണ് ആദ്യമായി ഇതിന്റെ ചർച്ച വന്നത്.

അന്ന് ശ്രീ. രാം ഗോപാൽ യാദവ് ചെയർമാനായിട്ടുള്ള കൃഷി വകുപ്പുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 32-ാമത് റിപ്പോർട്ടിലാണ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഫോം ചെയ്യേണ്ടത് മൗലികാവകാശമാക്കണമെന്ന ശുപാർശ ആദ്യമായി നൽകിയത്. ആ കൂട്ടത്തിൽ നമ്മുടെ നിർദ്ദേശകതത്വങ്ങളിൽകൂടി ഇത് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും സഹകരണ സ്ഥാപനങ്ങളിൽ ഓഡിറ്റിംഗ് സംവിധാനം ഫലപ്രദമാക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു. 2009-ൽ ശ്രീ. ശിവാജി റാവു പട്ടേൽ ചെയർമാനായുള്ള ഹൈപവർ കമ്മിറ്റി വീണ്ടും ഏകദേശം ഇതേ ആശയങ്ങൾ തന്നെയുള്ള ഒരു റിപ്പോർട്ട് കൊടുക്കുകയുണ്ടായി. അതോടുകൂടിയാണ് 111-ാമത് ഭരണഘടനാ ഭേദഗതി ബില്ലായി ഇത് നമ്മുടെ പാർലമെന്റിൽ വന്നത്. പാർലമെന്റിൽ 111-ാമത് ഭരണഘടനാ ഭേദഗതി വന്നപ്പോൾ ഇതുസംബന്ധിച്ച് ശുപാർശകൾ നൽകുന്നതിനുവേണ്ടി ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയമിച്ചു. അന്ന് സി.പി.ഐ (എം)-ന്റെ എം.പി.-ആയിരുന്ന ശ്രീ. ബസുദേവ് ആചാര്യ ചെയർമാനായ കമ്മിറ്റിയാണ് 111-ാമത് ഭരണഘടനാ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് പാർലമെന്റിൽ സമർപ്പിച്ചത്. 2010 ഓഗസ്റ്റ് 30-ന് ആ റിപ്പോർട്ട് ലോക്സഭയിൽ വരികയും 22-12-2011-ൽ 97-ാമത് ഭരണഘടനാ ഭേദഗതിയാക്കി ലോകസഭ ഇത് പാസ്സാക്കുകയും ചെയ്തു. ഇതിന്റെ ചർച്ചകളിലെല്ലാം പല കാര്യങ്ങളും വരികയുണ്ടായി. സി.പി.ഐ(എം)-ന്റെ എം.പിയായ ശ്രീ. ബസുദേവ് ആചാര്യ കൊടുത്ത കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഈ ശുപാർശകളെല്ലാം ഉണ്ടായിരുന്നു. ഇതിന്റെ കാതലായ ശുപാർശയിൽ മൗലികാവകാശമായി ഇത് കൂട്ടിച്ചേർക്കുകയും ഡയറക്ടീവ് പ്രിൻസിപ്പിൾസിന്റെകൂടെ വരികയും അതുപോലെ 13

ഭരണഘടനാ ഭേദഗതികളുൾപ്പെടെയുള്ള 15 ഭരണഘടനാ ഭേദഗതികളാണ് ഈ ആക്ടന്റെ ഭാഗമായി വന്നത്. 28-12-2012-ൽ രാജ്യസഭ പാസ്സാക്കുകയും 2012 ജനുവരി 12-ന് പ്രസിഡന്റ് ഒപ്പ് വയ്ക്കുകയും ചെയ്തു. 2012 ഫെബ്രുവരി 15-ാം തീയതി ഇഫക്ടീവ് ഡേറ്റായി നിലവിൽ വരികയും ചെയ്തു. ഭരണഘടനാ ഭേദഗതിയിൽ തന്നെ പറയുന്നത്, 243 (2) (j) അനുസരിച്ച് ഒന്നുകിൽ സംസ്ഥാന നിമയസഭകൾ ഈ അമെന്റ്മെന്റ് പാസ്സാക്കുന്നതുവരെ അല്ലെങ്കിൽ ഒരു കൊല്ലം, ഏതാണ് ഇതിന്റെ കുറവ് കാലഘട്ടം അതുവരെ മാത്രമേ ഇതിന്റെ നിലവിലുള്ള സംവിധാനം നിലനിൽക്കുകയുളളൂവെന്നാണ്. അതുകൊണ്ട് എന്തായാലും ഒരുകൊല്ലം പൂർത്തിയാകുന്നതിനുമുമ്പ് സംസ്ഥാന നിയമസഭയ്ക്ക്, ഈ ഭരണഘടനാ ഭേദഗതിക്ക് അനുയോജ്യമായ തരത്തിൽ സംസ്ഥാന സഹകരണ നിയമത്തിൽ നമുക്ക് ഈ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതിനകത്തൊരു പ്രധാനപ്പെട്ട ക്വസ്റ്റ്യൻ വന്നത് ആർട്ടിക്കിൾ 19 1(c), നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, Protection of certain rights regarding freedom of speech etc. അതിനകത്ത് നിലവിൽ തന്നെ 19 (1) (c) പറയുന്നത്, All citizens shall have the right to form associations or unions എന്നാണ്. അപ്പോൾ ഒരുവാദഗതി വന്നത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുൾപ്പെടെയുള്ള അസ്സോസിയേഷനുകളും യൂണിയനുകളും ഉണ്ടാക്കാനുള്ള അവകാശം ഇപ്പോൾത്തന്നെ നമ്മുടെ ഭരണഘടനയിലുണ്ട്, വീണ്ടും പ്രത്യേകമായി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എന്ന് മൗലിക തത്വങ്ങളിൽ എഴുതിച്ചേർക്കണമോയെന്നുള്ള ഒരു ക്വസ്റ്റ്യനാണ്. അതുകൊണ്ട് ആദ്യം

പാർലമെന്റിൽ ഗവൺമെന്റ് അവതരിപ്പിച്ച ബില്ലിൽ ഇതുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി 97–ാം ഭരണഘടനാ ഭേദഗതി ഇന്ത്യയിലേയും കേരളത്തിലേയും സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുമെന്ന് പറഞ്ഞുകൊണ്ടിരുന്ന കേരളത്തിലെ സി.പി.ഐ (എം)–ഉം പ്രതിപക്ഷാംഗങ്ങളും ഒരുകാര്യം മനസ്സിലാക്കേണ്ടത് സി.പി.ഐ (എം) എം.പി യായ ബസുദേവാചാര്യ ഗവൺമെന്റ് സെക്രട്ടറിമാരെ യഥാർത്ഥത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുമ്പാകെ ക്രോസ് ചെയ്യുകയാണുണ്ടായത്. എന്തുകൊണ്ടാണ് നിങ്ങൾ ഭരണഘടനാ ഭേദഗതിയുടെ, ഭാഗമായി 19 (1) (c)–യുടെ ഭാഗമായി എഴുതിച്ചേർക്കാതിരുന്നതെന്നാണ് ചോദിച്ചത്. ഗവൺമെന്റിന്റെ വിശദീകരണം നിലവിൽതന്നെയുള്ള 19 (1)(c)–യിൽ ഇത് ബാധകമാണ്. സ്റ്റാന്റിംഗ് കമ്മിറ്റി നിർബന്ധിച്ചാൽ ഗവൺമെന്റിന് കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് എന്ന് ചേർക്കുന്നതിൽ യാതൊരു വിരോധവുമില്ലായെന്ന് പറയുകയാണുണ്ടായത്. ഇന്ത്യയിലെ എല്ലാ സംസ്ഥാന ഗവൺമെന്റുകളുടെയും – കേരളവും അന്ന് സി.പി.ഐ(എം)–ന്റെ നേതൃത്വത്തിലുള്ള വെസ്റ്റ് ബംഗാൾ ഗവൺമെന്റും ഉൾപ്പെടെയുള്ള – ഇന്ത്യയിലെ എല്ലാ സംസ്ഥാന ഗവൺമെന്റുകളുടെയും അംഗീകാരത്തോടുകൂടിയാണ് 97–ാമത് ഭരണഘടന ഭേദഗതി പാർലമെന്റിൽ പാസ്സാക്കുകയും ആ നിയമം പാസ്സാക്കുന്നതിനുവേണ്ടി സംസ്ഥാനങ്ങളുമായി ചർച്ച നടത്തുകയും ചെയ്തതിനുശേഷമാണ് കൊണ്ടുവന്നതെന്നുള്ള യാഥാർത്ഥ്യമുണ്ട്. അതുകൊണ്ടാണ് 19 (1)(c) ഇപ്പോൾ മാറി All citizens shall have the right to form associations or unions and Co-operative Societies എന്ന് ചേർക്കപ്പെട്ടിരിക്കുന്നത്. ഇവിടെ Public interest litigation

എന്ന പ്രധാനപ്പെട്ട ഒരു ക്വസ്റ്റ്യൻ ഓഫ് ലാ, പല രംഗങ്ങളിലും പാർലമെന്റിലെ ചർച്ചകളിലുമൊക്കെ ഉയർന്നുവന്നിട്ടുണ്ട്. ഗുജറാത്തിൽ നിന്നുള്ള Public interest litigation സുപ്രീം കോടതിയുടെ മുമ്പാകെ ഉണ്ട്. ഒരു പ്രധാനപ്പെട്ട ക്വസ്റ്റ്യൻ, Whether the Parliament is competent to make amendments on a State subject എന്നതാണ്. അതായത് സഹകരണം സംസ്ഥാന വിഷയമാണ്. ആ സംസ്ഥാന വിഷയത്തിൽ ഭരണഘടനാ ഭേദഗതി ആണെങ്കിലും ഒരു അമെന്റ്മെന്റുണ്ടാക്കി സംസ്ഥാനങ്ങളുടെമേൽ കേന്ദ്രത്തിന്റെ ഒരു തീരുമാനം അടിച്ചേൽപ്പിക്കുന്നതിന്റെ ഭരണഘടനാപരമായ സാധുത ചർച്ച ചെയ്യപ്പെടേണ്ട വിഷയം തന്നെയാണ്. ഒരു debatable question ആണ്. എല്ലാവർക്കും വ്യത്യസ്തമായ അഭിപ്രായങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകും. എന്നാൽ അതിനുള്ള മറുപടിയായി പറയപ്പെട്ടത്, ഇത് മൗലികതത്വങ്ങളിൽ എഴുതിച്ചേർക്കപ്പെടുന്ന കാര്യമാണ്. അപ്പോൾ ഭരണഘടനയിൽ ഭേദഗതി വരുത്തുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇത് ഫെഡറൽ സംവിധാനത്തിന് യോജിച്ചതല്ലായെന്നൊരു ആർഗ്യൂമെന്റാണ് പല ആളുകളും പറയുന്നൊരു കാര്യം. സഹകരണ ആക്ട് അതാത് സംസ്ഥാനങ്ങളാണ് പാസ്സാക്കുന്നത്. എന്നാൽ ഇപ്പോൾ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടുണ്ട്. അത് പാർലമെന്റ് പാസ്സാക്കിയതാണ്. ഒന്നിലധികം സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്ന സഹകരണസ്ഥാപനങ്ങളുണ്ട്. **IFFCO, CRIPCO** പോലുള്ള ധാരാളം സ്ഥാപനങ്ങളും അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുമുണ്ട്. ഇതൊക്കെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

ആക്ടിനാൽ നിയന്ത്രിക്കപ്പെടുന്ന സഹകരണസ്ഥാപനങ്ങളാണ്. പാർലമെന്റിന് കോ–ഓപ്പറേഷൻ എന്ന സബ്ജക്ടിനകത്ത് നിയമം പാസ്സാക്കാമെന്നിരിക്കെ ഫെഡറലിസത്തിന് ഹാനികരമാണെന്ന് പറഞ്ഞുകൊണ്ട് ഇതിനെ എതിർക്കുന്നത് ശരിയാണോ?

ശ്രീ. വി. ഡി. സതീശൻ: മൗലികതത്വങ്ങളിൽ അതായത് ഫണ്ടമെന്റൽ റൈറ്റ്സിലും ഡയറക്ടീവ് പ്രിൻസിപ്പിൾസിലും അമെന്റ്മെന്റ് വരുത്തുകയെന്നതാണ് ഗവൺമെന്റിന്റെ പ്രധാന ന്യായീകരണം. അതോടുകൂടി സഹകരണ സ്ഥാപനങ്ങൾക്കുള്ള പ്രാധാന്യം വർദ്ധിക്കുകയാണ്. അപ്പോൾ ഫണ്ടമെന്റൽ റൈറ്റ്സിലോ ഡയറക്ടീവ് പ്രിൻസിപ്പിൾസിലോ ഭരണഘടനയിലോ ഭേദഗതിവരുത്തുവാനുള്ള അധികാരം പാർലമെന്റിൽ മാത്രം നിക്ഷിപ്തമാണ്. യഥാർത്ഥത്തിൽ സംസ്ഥാന സബ്ജക്ടെന്നുള്ള തലത്തിൽനിന്നും മറ്റൊരു ഡയമെൻഷൻ ഈ ഭരണഘടനാ ഭേദഗതിയിലൂടെ ഉണ്ടായിരിക്കുകയാണ്. അതാണ് അതിനകത്തെ പ്രധാന വ്യത്യാസം. പക്ഷേ ഭരണഘടനയുടെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഒരു സ്റ്റേറ്റ് സബ്ജക്ടിൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയാണ്. മൾട്ടി സ്റ്റേറ്റ് സൊസൈറ്റികളുടെ കാര്യത്തിൽ ഇന്റർ ലിങ്ക്ഡാണ്. അതിനകത്ത് ഇന്റർ സ്റ്റേറ്റ് റാറ്റിഫിക്കേഷനുണ്ട്. പല സ്റ്റേറ്റുകളിലായി വ്യാപിച്ചുകിടക്കുന്ന സൊസൈറ്റികളിൽ പാർലമെന്റ് നിയമം പാസ്സാക്കുന്നതുപോലെയല്ല. പ്രൈമറി സൊസൈറ്റികൾകൂടി ഉൾപ്പെട്ട സ്റ്റേറ്റ് സബ്ജക്ടായ സഹകരണം എന്ന വിഷയത്തിൽ പുതിയ നിർദ്ദേശങ്ങളും ഫ്രെയിമുകളുമുണ്ട്. 97-ാം അമെന്റ്മെന്റ് വായിച്ചാലറിയാം; പല കാര്യങ്ങളും shall എന്നാണറിയുന്നത്. പല കാര്യങ്ങളും നിർബന്ധമായും ചെയ്യണമെന്ന്

ഭരണഘടനയിൽ എഴുതിക്കഴിഞ്ഞാൽ സ്റ്റേറ്റ് ലെജിസ്ലേച്ചറിനോ അല്ലെങ്കിൽ സ്റ്റേറ്റ് എക്സിക്യൂട്ടീവിനോ അത് ചെയ്യാതിരിക്കുവാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് വരും. അതാണ് യഥാർത്ഥത്തിൽ ഇന്നൊരു ക്വസ്റ്റ്യൻ ഓഫ് ലാ ആയി സുപ്രീംകോടതിയുടെ മുമ്പാകെ ഇരിക്കേണ്ടത്. പക്ഷേ സംസ്ഥാനങ്ങളോട് നമ്മുടെ നിർദ്ദേശകതത്വങ്ങളിൽ പറയുന്ന കാര്യവും പൊതുവായി ചെയ്യുന്ന പല കാര്യങ്ങളും സംസ്ഥാന ഗവൺമെന്റുകൾ ചെയ്യാതിരിക്കുന്ന ഘട്ടത്തിൽ, ഉദാഹരണത്തിന് പഞ്ചായത്ത് എന്നു പറയുന്നത് യഥാർത്ഥത്തിൽ സ്റ്റേറ്റ് സബ്ജക്ടാണ്. ഭരണഘടനാ ഭേദഗതിയിലൂടെയാണ് പഞ്ചായത്ത്രാജ് സംവിധാനം നടപ്പിലാക്കിയത്. അത് ദേശീയതലത്തിലുള്ളൊരു ഫ്രെയിംവർക്കും അതിനുവേണ്ടിയിട്ടുള്ള ഒരു നിർദ്ദേശവും അതേ അവസരത്തിൽതന്നെ ഭരണഘടനയിൽ സാധ്യമായ ഭേദഗതികളുമാണ് കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ ചെയ്തിരിക്കുന്നത് 19 (1) (c)-യിലുള്ള ഫണ്ടമെന്റൽ റൈറ്റിലുള്ള അമെന്റ്മെന്റും അതുപോലെ തന്നെ ഡയറക്ടീവ് പ്രിൻസിപ്പിൾസും 43 B യും പ്രധാനപ്പെട്ട നിർദ്ദേശക തത്വമായി എഴുതിച്ചേർക്കപ്പെട്ടിരിക്കുകയാണ്. ഇതിനകത്തുവന്നിരിക്കുന്ന പ്രധാനപ്പെട്ട വ്യത്യാസങ്ങൾ ഈ പറയുന്ന മൗലിക തത്വങ്ങളിലും നിർദ്ദേശക തത്വങ്ങളിലുമുള്ള രണ്ട് അമെന്റ്മെന്റുകളും അതുകൂടാതെയുള്ള പ്രധാനപ്പെട്ട എട്ട് മാറ്റങ്ങളും മാത്രമാണ് 97-ാം ഭരണഘടനാ ഭേദഗതിയിൽ ഉണ്ടായിരിക്കുന്നത്. ബാക്കിയെല്ലാം ഡെഫനിഷൻ ക്ലാസും യൂണിയൻ ടെറിട്ടറികളെയും മറ്റും ബാധിക്കുന്ന കാര്യങ്ങളുമാണ്. യഥാർത്ഥത്തിൽ എട്ട് മാറ്റങ്ങളാണ് 97-ാം ഭരണഘടനാ ഭേദഗതിയിൽ ഉണ്ടായിരിക്കുന്നത്.

അതിൽതന്നെ പല കാര്യങ്ങളും നമ്മുടെ സംസ്ഥാന ഗവൺമെന്റ് നേരത്തെ ചെയ്തിട്ടുള്ളതാണ്. ഉദാഹരണത്തിന് എസ്.സി./എസ്.ടി. റിസർവേഷൻ, വനിതാ റിസർവേഷൻ, പരമാവധി അംഗങ്ങളുടെ എണ്ണം 21 ആണെന്ന കാര്യം ഇതെല്ലാം നേരത്തെ തന്നെ ചെയ്തിട്ടുണ്ട്. ഇവിടെയൊരു വ്യത്യാസം വരുത്തിയിരിക്കുന്നത് കാലാവധിയുടെ കാര്യത്തിൽ മാത്രമാണ്. നിലവിലുള്ള നിയമത്തിൽ not exceeding 5 years എന്നാണ്. അപ്പോൾ 5 വർഷത്തിൽ കൂടാത്തതെന്നാണ്. 5 വർഷത്തിൽ താഴെയാകാമെന്നുണ്ട്. ഭരണഘടനയിൽ ഇത് 5 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. അതിനനുസരിച്ചുള്ള അമെന്റ്മെന്റ് സെക്ഷൻ 28 ഭേദഗതി വരുത്തിക്കൊണ്ട് നമ്മുടെ നിയമത്തിൽ വന്നിട്ടുണ്ട്. അതുപോലെ ഇടക്കാല ഒഴിവുകൾ ഭരണസമിതിക്ക് നോമിനേറ്റ് ചെയ്യാനുള്ള അധികാരം പ്രത്യേകം കൊടുത്തിട്ടുണ്ട്. കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിൽ 243 (Z) (J) ആയിട്ടാണ് അത് വന്നിരിക്കുന്നത്. അതിൽ പറയുന്നു, Provided that the Board may fill a casual vacancy on the board by nomination out of the same class of members in respect of which the casual vacancy has arisen if the term of office of the Board is less than half of its original term എന്നാണ്. ബോർഡിനാണ് അതിനുള്ള അധികാരമെന്ന് കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷേ നമ്മുടെ ബില്ലിൽ അല്പം അവ്യക്തതയുണ്ട്. രജിസ്ട്രാർക്കാണോ ഡയറക്ടർ ബോർഡിനാണോ ഇടക്കാല ഒഴിവുകൾ ഫിൽ ചെയ്യാനുള്ള അധികാരം നൽകിയിരിക്കുന്നതെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. ബോർഡിനാണ് അധികാരമുള്ളതെന്ന് കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിൽ

പറഞ്ഞിരിക്കുന്നതുകൊണ്ട് അതിൽനിന്നും വ്യത്യസ്തമായൊരു നിലപാട് നമുക്കെടുക്കുവാൻ കഴിയില്ല. അതുകൊണ്ട് ഇടക്കാല ഒഴിവുകൾ വരുന്നത് നികത്തേണ്ടത് ബോർഡാണെന്നതിന് കുറച്ചുകൂടി വ്യക്തത അതിനകത്ത് ഉണ്ടാകണം. മറ്റൊരുകാര്യം, മെമ്പേഴ്സിനെ കോ-ഓപ്റ്റ് ചെയ്യാനുള്ള കാര്യങ്ങളാണ്. The Legislature of a State shall by Law make provisions for co-option of persons to be members of the Board having experience in the field of banking, management, finance or specialization in any other field, relating to the objects and activities undertaken by the co-operative society as members of the Board of such society എന്നാണ് പറഞ്ഞിരിക്കുന്നത്. നിലവിൽ സെക്ഷൻ 28 അനുസരിച്ച് അർബൻ ബാങ്കിലുണ്ട്, അവിടെ ബൈ-ഇലക്ഷനായിട്ടാണ് അതുവരുന്നത്. പക്ഷേ നമ്മുടെ അമെന്റ്മെന്റിൽ സ്പെസിഫിക്കായി അത് പറഞ്ഞിട്ടില്ല. അത് shall be competent എന്നാണ് നമ്മുടെ ഭേദഗതിയിൽ സൂചിപ്പിക്കുന്നത്. അത് അങ്ങനെയല്ല വരേണ്ടത്. നമ്മുടെ ഭേദഗതിയിൽ പറയുന്നത് Notwithstanding anything contained in the bye-laws of a society, the committee in office shall be competent to co-opt two persons ....... എന്നു പറയുന്നു. Shall co-opt two persons എന്ന് പറയുന്നതും the committee in office shall be competent to co-opt two persons എന്നു പറയുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. Shall co-opt two persons എന്നുപറഞ്ഞാൽ നിർബന്ധമായി അത് ചെയ്തിരിക്കണം. ഭരണഘടനാ

ഭേദഗതിയിൽ പറയുന്നത് shall co-opt എന്നാണ്. Shall be competent to co-opt എന്നുപറഞ്ഞാൽ അവർക്ക് അധികാരമുണ്ട്. പക്ഷേ അവർ ചെയ്തില്ലെങ്കിൽ ചെയ്യാനവരെ നമ്മൾ നിർബന്ധിതമാക്കുന്നില്ല. ഇതൊക്കെ പല ബാങ്കുകൾ പല രീതിയിൽ interpret ചെയ്യും. പ്രത്യേകിച്ച് നമ്മുടെ സഹകരണനിയമവുമായി ബന്ധപ്പെട്ട് ധാരാളം കേസുകൾ കോടതിയിൽ വരാറുണ്ട്. കോടതിയിൽ അത്തരം കേസുകൾ പരിശോധിക്കുമ്പോൾ ഇക്കാര്യത്തിൽ നമുക്ക് കുറച്ചുകൂടി ക്ലാരിറ്റി വേണം. അതുകൊണ്ട് കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിന് കൺസിസ്റ്റന്റായിതന്നെ നമ്മുടെ അമെന്റ്മെന്റിൽ shall co-opt എന്നാക്കണം. Shall be competent to co-opt എന്നുപറഞ്ഞാൽ അവർക്ക് ചെയ്യാൻ അധികാരമുണ്ടെന്നുമാത്രമേ പറയുന്നുള്ളൂ, ചെയ്യണമെന്ന് ബോർഡുകൾക്ക് സ്പെസിഫിക്കായി ഡയറക്ഷൻ കൊടുക്കുന്നില്ല. അതുപോലെതന്നെ സെക്ഷൻ 64–ലെ അമെന്റ്മെന്റിലും കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിലും വളരെ കൃത്യമായി പറഞ്ഞിട്ടുള്ളത് ആറ് മാസത്തിനുള്ളിൽ ഓഡിറ്റ് പൂർത്തീകരിക്കണമെന്നാണ്. കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിനകത്തുള്ള ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് ഓഡിറ്റ് ഓഫ് കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ്. നമ്മുടെ സഹകരണ സ്ഥാപനങ്ങളെ വളരെ പ്രയോജനകരമായി മാറ്റാം. യഥാർത്ഥത്തിൽ ഫലപ്രദമായൊരു അക്കൗണ്ടിംഗ് സിസ്റ്റം നമുക്ക് നിലവിലില്ല. നാഷണലൈസ്ഡ് ബാങ്കുകളെപ്പോലെയും ഷെഡ്യൂൾഡ് ബാങ്കുകളെപ്പോലെയുമുള്ള ഫലപ്രദമായ ഒരു അക്കൗണ്ടിംഗ് സംവിധാനം നമ്മുടെ സഹകരണ പ്രസ്ഥാനങ്ങളിലില്ല. പലപ്പോഴും ജീവനക്കാർ തമ്മിലുള്ള പരസ്പര

വിശ്വാസത്തിന്റെ നൂലിഴയിൽ മാത്രം നിൽക്കുന്ന ഒരു അക്കൗണ്ടിംഗ് സംവിധാനമാണ്. കൂട്ടുത്തരവാദിത്വമോ സ്പെസിഫിക്കേഷനോ അക്കൗണ്ടിംഗ് സംവിധാനവുമായി ബന്ധപ്പെട്ട് നിലവിലില്ല. മാത്രമല്ല ഡിപ്പാർട്ടുമെന്റ് നടത്തുന്ന ഓഡിറ്റിംഗ് പോലും ഫലപ്രദമായ ഓഡിറ്റിംഗാണെന്ന് അവകാശപ്പെടുവാൻ കഴിയില്ല. ഞാൻ തന്നെ പല ബാങ്കുകളിലും നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അഭിഭാഷകനെന്ന നിലയിൽ എൻക്വയറി ഓഫീസറായി പല സ്ഥലത്തും പോയിട്ടുണ്ട്. അവിടെയെല്ലാം അത്ഭുതപ്പെടുത്തുന്ന കാര്യങ്ങളാണ് നമുക്ക് കാണാൻ സാധിക്കുന്നത്. എത്ര ആയിരം കോടി രൂപ കൈകാര്യം ചെയ്യുന്ന നമ്മുടെ സഹകരണ പ്രസ്ഥാനങ്ങൾ ആ ഫണ്ടിന്റെ ഉപയോഗവും പണം കൈകാര്യം ചെയ്യുന്നതുമായും ബന്ധപ്പെട്ട്,.... യഥാർത്ഥത്തിൽ നമ്മുടെ ചില ബാങ്കുകൾ കൈകാര്യം ചെയ്യുന്നതിനേക്കാൾ കൂടുതൽ പണം സഹകരണ മേഖല കൈകാര്യം ചയ്യുന്നുണ്ട്. അതിന് ഫലപ്രദവും സുതാര്യവും ഇഫക്റ്റീവു മായ ഒരു സിസ്റ്റമോ അക്കൗണ്ടിംഗ് സംവിധാനമോ നമുക്ക് നിലവിലില്ല. കൂടാതെ അതിന്റെ ഓഡിറ്റിംഗ് സമ്പ്രദായത്തിനും ധാരാളം പാളിച്ചകളുണ്ട്. അതുകൂടി ഫലപ്രദമായി പരിഹരിക്കാനായി 97-ാം ഭരണഘടനാ ഭേദഗതിയോ ടനുബന്ധിച്ച് സംസ്ഥാന സഹകരണ നിയമത്തിൽ മാറ്റങ്ങൾ വരുത്തണം. നിയമത്തിൽ ഓഡിറ്റിംഗിനെ സംബന്ധിച്ച് പറയുന്നത്, സെക്ഷൻ 64-ന്റെ അമെന്റ്മെന്റ് - ക്ലോസ് 24 (4A) It shall be the duty of the managing committee of every society to ensure the accuracy of financial and other statutory statements. It is the responsibility of the managing committee to submit the above statements for audit within one month from the date

of receipt of the above statements before the auditor. വീണ്ടും (4B)–യിൽ പറയുന്നു, within three months from the date of receipt of the audit report, the Director of Co-operative Audit shall issue an audit certificate to the concerned society with a copy of audit memorandum as may be prescribed. അവസാനം നമ്മൾ ഒരു സബ് ക്ലോസ് കൂടി ചേർക്കുന്നു. അതിലെ (5)–ൽ പറയുന്നത് – The auditor or auditing firms appointed as per section 63 shall complete the audit within four months from the date of receipt of the statements and submit audit report to the Director of Co-operative Audit or to the persons organized by him in this behalf. ഫിനാൻഷ്യൽ ഇയർ അവസാനിച്ച് ഒരു മാസത്തിനുളളിൽത്തന്നെ കമ്മിറ്റികൾ സ്റ്റേറ്റ്മെന്റ് കൊടുക്കണം. അതിനുശേഷം, The auditor or auditing firms appointed as per section 63 shall complete audit within four months from the date of receipt of the statements and submit audit report to the Director എന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ ആകെ അഞ്ച് മാസങ്ങളാണ് വരുന്നത്. 5 മാസം കഴിഞ്ഞ് വീണ്ടും പറയുന്നത് – Within three months from the date of receipt of the audit report to the Director of Co-operative Audit shall issue an audit certificate to the concerned society. ഓഡിറ്റ് റിപ്പോർട്ട് കംപ്ലീറ്റ് ചെയ്യണമെങ്കിൽ അതിന്റെ പ്രോസസിംഗിന് എട്ട് മാസമെന്നാണ് പറഞ്ഞിരിക്കുന്നത്. കമ്മിറ്റി ഒരു മാസ

ത്തിനകം റിപ്പോർട്ട് കൊടുക്കുകയും അത് കിട്ടിക്കഴിഞ്ഞാൽ ഓഡിറ്റർ 4 മാസത്തിനകം ഓഡിറ്റ് റിപ്പോർട്ട് കൊടുക്കണം. അതിനുശേഷം 3 മാസത്തിനകം ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ ആകെ 8 മാസമാണ് വേണ്ടത്. പക്ഷേ 97th അമെന്റ്മെന്റിലും നമ്മുടെ ബില്ലിലും 6 മാസത്തിനകം ഓഡിറ്റ് പൂർത്തീകരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. 6 മാസത്തിനകം ഓഡിറ്റ് പൂർത്തീകരിച്ചില്ലെങ്കിൽ കമ്മിറ്റി പിരിച്ചുവിടാമെന്നാണ് ബില്ലിലും കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിലും പറഞ്ഞിരിക്കുന്നത്. ഒരു സ്ഥലത്ത് 6 മാസത്തിനകം ഓഡിറ്റ് പൂർത്തീകരിക്കണം അല്ലെങ്കിൽ കമ്മിറ്റി പിരിച്ചുവിടണമെന്ന് പറയുകയും ആ ഓഡിറ്റ് റിപ്പോർട്ട് പൂർത്തീകരിക്കാൻ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ഓഡിറ്റ് പ്രൊസീഡുവർ പൂർത്തിയാകുന്നത്. അല്ലാതെ കമ്മിറ്റി സ്റ്റേറ്റ്മെന്റ് കൊടുക്കുമ്പോഴോ ഓഡിറ്റ് റിപ്പോർട്ട് സബ്മിറ്റ് ചെയ്യുമ്പോഴോ ആ പ്രൊസീഡുവർ നിയമപരമായി പൂർത്തിയാകുന്നില്ല. There may be an audit report, പക്ഷേ അത് പരിശോധിച്ച് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് ഫൈനൽ സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ മാത്രമാണ് യഥാർത്ഥത്തിൽ ഓഡിറ്റ് പ്രൊസീഡുവർ പൂർത്തിയാകുന്നത്. ഓഡിറ്റിനെ സംബന്ധിച്ച് ബില്ലിൽ വളരെ പ്രധാനപ്പെട്ട ഒരു അപാകതയാണുള്ളത്, ഒരു വശത്ത് 6 മാസത്തിനുള്ളിൽ ഓഡിറ്റ് പൂർത്തിയായില്ലെങ്കിൽ ആ കമ്മിറ്റി പിരിച്ചുവിടണമെന്ന് പറയുകയും ആ ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കാനുള്ള പ്രൊസീഡുവർ 8 മാസമായി വച്ചിരിക്കുകയും ചെയ്യുകയാണ്. യഥാർത്ഥത്തിൽ അതിലൊരു കോൺട്രഡിക്ഷനുണ്ട്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ഇപ്പോൾ സഹകരണ സ്ഥാപനങ്ങളിൽ ഒരു അക്കൗണ്ടിംഗ് സിസ്റ്റമില്ലെന്ന് പറഞ്ഞത് ശരിയാണോ എന്നുള്ളത് അങ്ങ് ഒന്നുകൂടി വെരിഫൈ ചെയ്യണം. കാരണം, ഇപ്പോൾ കേരളത്തിലെ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ ഇതുപോലെയുള്ള സ്ഥാപനങ്ങളിലെല്ലാം ഒരു കോമൺ അക്കൗണ്ടിംഗ് സിസ്റ്റം തന്നെയാണ് ഫോളോ ചെയ്യുന്നത്. ഇപ്പോൾ പല സ്ഥാപനങ്ങളിലെയും കോമൺ അക്കൗണ്ടിംഗ് സിസ്റ്റം കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ആ കോമൺ സോഫ്റ്റ് വെയർ തന്നെയാണ് മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും പോകുന്നത്. ഓഡിറ്റിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഡിപ്പാർട്ടുമെന്റൽ ഓഡിറ്റാണുള്ളത്, that is the statutory audit. ആ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പലപ്പോഴും കാലതാമസങ്ങളുണ്ടാക്കുന്നു. നാലഞ്ച് വർഷത്തെ ഓഡിറ്റ് കുടിശ്ശിക തീർക്കാനായുണ്ട്. അതുകൊണ്ട് ഈ രീതിയിൽ നിന്ന് മാറി yearly audit നടത്താനായാണ് ഭരണഘടനാ ഭേദഗതി കൊണ്ടുവന്നപ്പോൾത്തന്നെ അതിനൊരു സ്പെസിഫിക്കേഷൻ കൊടുത്തത്. പക്ഷേ ഒരു മാസത്തിനുമുമ്പ് കണക്ക് കൊടുക്കണമെന്നാണ് പറയുന്നതെങ്കിൽ it is not possible. ഒരു റീസണബിൾ ടൈം കൊടുക്കുന്നില്ലെങ്കിൽ ശരിയായ രീതിയിലുള്ള പരിശോധന നടത്താനുള്ള സാഹചര്യമുണ്ടാകില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഓഡിറ്റ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ കാലതാമസം വരുന്നതെന്തുകൊണ്ടാണ്? ഓഡിറ്റ് സർട്ടിഫിക്കറ്റ് കൊടുത്തുകഴിഞ്ഞാൽ അതിൽ പിന്നെ മാറ്റമുണ്ടാകാൻ പാടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുമുമ്പുതന്നെ ഇതിനകത്തെ കുറ്റങ്ങളെ സംബന്ധിച്ച് എന്തെങ്കിലും കമന്റ്സ് ഉണ്ടെങ്കിൽ ആ കമന്റ്സിനെ സംബന്ധിച്ച് ഒരു പ്രാവശ്യം കൂടി

ഭരണസമിതിക്ക് അതിന്റെ എക്സ്പ്ലനേഷൻ കൊടുത്ത് ആ എക്സ്പ്ലനേഷൻ ശരിയാണോ, ഇല്ലയോ എന്നുള്ളതുനോക്കി ഈ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്ന് ആ പരാമർശം ഒഴിവാക്കാനുള്ള സാഹചര്യം കൂടി ഉണ്ടാക്കുന്നതിനല്ലേ അത്തരത്തിലുള്ള ഒരു സൗകര്യം കൊടുത്തത്?

ശ്രീ. വി.ഡി. സതീശൻ: സർ, അങ്ങ് പ്രധാനമായും മൂന്ന് കാര്യങ്ങളാണ് പറഞ്ഞത്. അക്കൗണ്ടിംഗ് സിസ്റ്റത്തിന്റെ അപര്യാപ്തതകളെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. അങ്ങ് പറയുന്നതുപോലെ, അപ്പെക്സ് ബോഡികളിലോ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലോ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകളിലോ കോമണായിട്ടുള്ള ഒരു അക്കൗണ്ടിംഗ് സിസ്റ്റമുണ്ടാകാം. ഇപ്പോൾ ഐ.റ്റി. സംവിധാനങ്ങളെല്ലാം കുറെക്കൂടി മെച്ചമായി വന്നപ്പോൾ കമ്പ്യൂട്ടറൈസേഷനൊക്കെ ചെയ്തതുകൊണ്ട് വ്യത്യാസമുണ്ട്. പക്ഷേ ക്രെഡിറ്റ് സൊസൈറ്റികളിലെല്ലാം ഇപ്പോഴും നിലവിലിരിക്കുന്ന അക്കൗണ്ടിംഗ് സിസ്റ്റം ധാരാളം ലൂപ്ഹോൾസ് ഉള്ളതാണ്. ആർക്ക് വേണമെങ്കിലും ക്രമക്കേട് കാണിക്കാൻ സാധിക്കുന്നതാണ്. പലപ്പോഴും ജീവനക്കാർ തമ്മിലുള്ള ഒരു പരസ്പര വിശ്വാസത്തിന്റെ നൂലിഴയിൽ മാത്രം ബന്ധപ്പെട്ട് നിൽക്കുന്നതാണ്. കുറെക്കൂടി ഫലപ്രദമായ ഒരു അക്കൗണ്ടിംഗ് സംവിധാനവും പുതിയൊരു സോഫ്റ്റ്വെയറും ഇക്കാര്യത്തിലുണ്ടാകണം. കാരണം, ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബാങ്കുകളെല്ലാം അക്കൗണ്ടിംഗ് സംവിധാനവുമായി ബന്ധപ്പെട്ട് അവരുടെ സോഫ്റ്റ്വെയർ പരിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്, മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇവിടത്തെ അക്കൗണ്ടിംഗ് സംവിധാനം ഇപ്പോഴും നിൽക്കുന്നത് വളരെ ഔട്ട്ഡേറ്റഡായിട്ടുള്ള പഴഞ്ചൻ സംവിധാനത്തിലാണ്. ലോകത്തിലെ നാഷണലൈസ്ഡ് ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും ഉൾപ്പെടെയുള്ള എല്ലാ ധനകാര്യ സ്ഥാപനങ്ങളും അവരുടെ

അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ആവശ്യമായ innovations വരുത്തി വ്യത്യാസം വരുത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടാമതായി പറയാനുള്ളത് കമ്മിറ്റികൾ സ്റ്റേറ്റ്മെന്റ് കൊടുക്കുന്നതുസംബന്ധിച്ചാണ്. ഓഡിറ്ററെ അപ്പോയിന്റ് ചെയ്യിക്കുക, അപ്പോയിന്റ് ചെയ്യപ്പെടുന്ന ഓഡിറ്റർക്ക് ഒരു മാസത്തിനകം സ്റ്റേറ്റ്മെന്റ് കൊടുക്കുക. ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കാനായി 4 മാസമാണ് കൊടുത്തിരിക്കുന്നത്. അതിനുശേഷം സർട്ടിഫിക്കറ്റ് കൊടുക്കാനായി വീണ്ടും 3 മാസം കൊടുത്തിരിക്കുന്നു. ശ്രീ. കെ. ശിവദാസൻ നായർ ചൂണ്ടിക്കാണിച്ചതുപോലെ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് എന്നുള്ള സ്ഥാനം വരുമ്പോൾ അവർക്ക് ചില സംശയങ്ങൾ അല്ലെങ്കിൽ ക്വറികളുണ്ടാകും. പ്രധാനപ്പെട്ട ബാങ്കുമായിട്ടോ അല്ലെങ്കിൽ ഓഡിറ്ററുമായിട്ടോ പരിശോധിക്കേണ്ടിവരും. അത് ശരിയാണ്. പക്ഷേ ഇവിടത്തെ പ്രശ്നം അതല്ല – 97th അമെന്റ്മെന്റിലും ബില്ലിലും 6 മാസത്തിനകം ഓഡിറ്റിംഗ് പൂർത്തിയാക്കണം അല്ലെങ്കിൽ പിരിച്ചുവിടുമെന്ന് പറഞ്ഞിരിക്കുന്നു. പക്ഷേ ഈ പ്രൊസീഡുവർ എക്സ്പ്ലെയിൻ ചെയ്യുമ്പോൾ 6 മാസം കഴിഞ്ഞ് 8 മാസത്തിലേക്ക് കടന്നുവന്നിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയമായി ഞാൻ ചൂണ്ടിക്കാണിച്ചത്. നേരത്തെ ഒരു വർഷമായിരുന്നു ജനറൽ ബോഡിയുടെ സമയം. ഇപ്പോൾ അമെന്റ്മെന്റിൽ 6 മാസത്തിനുള്ളിൽത്തന്നെ ജനറൽ ബോഡി വേണമെന്ന് മാറ്റിയിരിക്കുകയാണ്. ഇത് പ്രായോഗികമാണോ എന്നുള്ളത് നമ്മൾ ആലോചിക്കണം. ആനുവൽ ജനറൽ ബോഡി 6 മാസത്തിനകം കൂടണമെന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. നമുക്ക് അത് നിർബന്ധമല്ലെന്നാണ് തോന്നുന്നത്. കാരണം, കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിൽ 'May' എന്നുള്ള വാക്കാണ് ഉപയോഗിച്ചിരിക്കു

ന്നത്. The State may make Law എന്നാണ് പറയുന്നത്. സ്റ്റേറ്റിന് വേണമെങ്കിൽ ഉണ്ടാക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. നമ്മൾ അത് അഡോപ്റ്റ് ചെയ്യേണ്ട. കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിൽ – The State shall make Law എന്ന് പറഞ്ഞെങ്കിൽ നമ്മൾ അത് ചെയ്യേണ്ടിവരും. പക്ഷേ ഇവിടെ പറഞ്ഞിരിക്കുന്നത് State may make Law എന്നാണ്. അതുകൊണ്ട് ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ജനറൽ ബോഡിയുടെ കാര്യത്തിൽ ഒരു പുനർവിചിന്തനം വേണം. സബ്ജക്റ്റ് കമ്മിറ്റിയിൽ വച്ചോ ഔദ്യോഗികമായ അമെന്റ്മെന്റ് കൊണ്ടുവന്നിട്ടോ ആനുവൽ ജനറൽ ബോഡി മീറ്റിംഗ് തന്നെ ആക്കുന്നതായിരിക്കും നമ്മളെ സംബന്ധിച്ചിടത്തോളം പ്രായോഗികമായി എളുപ്പമുള്ള കാര്യം.

അതുപോലെ സെക്ഷൻ 2-ലെ ഡെഫനിഷൻ ക്ലോസിൽ 'മിസലേനിയസ് സൊസൈറ്റി' എന്നത് ഡിഫൈൻ ചെയ്തിട്ടുണ്ട്. പക്ഷേ 'മിസലേനിയസ് സൊസൈറ്റി' എന്നുള്ള വാക്ക് കോ-ഓപ്പറേറ്റീവ് ആക്ടിൽ ഒരിടത്തും ഞാൻ കണ്ടില്ല, അമെന്റ്മെന്റിലും കണ്ടില്ല. കാണാതെ പോയതാണോ എന്ന് എനിക്കറിയില്ല. കുറേ നേരം പരിശോധിച്ചു. എന്തായാലും അമെന്റ്മെന്റിൽ അത് വന്നിട്ടില്ല. ബില്ലിലും പ്രിൻസിപ്പൽ ആക്ടിലും 'മിസലേനിയസ് സൊസൈറ്റി' എന്ന വാക്ക് കാണുന്നില്ല. ഉണ്ടെങ്കിൽ കാണാതെ പോയത് എന്റെ തെറ്റായിരിക്കും.

<u>മി. സ്പീക്കർ</u>: ഇത്രയും അന്വേഷിച്ചിട്ടും കാണാൻ കഴിഞ്ഞില്ലേ?

<u>ശ്രീ. വി. ഡി. സതീശൻ</u>: ഇല്ല. അങ്ങ് പരിശോധിക്കണം. തെറ്റാണെങ്കിൽ അത് കറക്ട് ചെയ്താൽ മതിയല്ലോ. പക്ഷേ എന്റെ ചോദ്യമെന്നത് നിലവിലുള്ള പ്രിൻസിപ്പൽ ആക്ടിലോ ഈ ബില്ലിലോ ഇല്ലാത്ത ഒരു വാക്കിന്

ഡെഫനിഷൻ കൊടുക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളതാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ഈ വാക്ക് പറയുന്നുണ്ടെങ്കിൽ മാത്രം സെക്ഷൻ 2–ൽ ഡെഫനിഷൻ ക്ലോസിൽ ചേർത്താൽ മതി. ഇല്ലെങ്കിലുള്ള കുഴപ്പം എല്ലാ സംഘവും 'മിസലേനിയസ് സൊസൈറ്റി' ആണെന്ന് ഇന്റർപ്രിട്ട് ചെയ്യപ്പെടും. അങ്ങനെ ഇന്റർപ്രിട്ട് ചെയ്യപ്പെട്ടാൽ അത് വലിയ അപകടത്തിലേയ്ക്ക് പോകും. മിസലേനിയസ് സൊസൈറ്റി ആണെന്ന് പറഞ്ഞാൽ ഇൻകം ടാക്സ് എക്സംപ്ഷൻ കിട്ടില്ല. അത് സേവന–വേതന വ്യവസ്ഥകളെയും ബാധിക്കും. പണ്ട് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഹകരണ നിയമത്തിൽ 28(എ) എന്ന ഒരു പ്രൊവൈസോ ചേർത്തു. ആ പ്രൊവൈസോ ചേർത്തതുകൊണ്ടുണ്ടായ അപകടങ്ങൾ ധാരാളമാണ്. പാലക്കാട്, ഒറ്റപ്പാലം താലൂക്കുകളിലെ 26 ബാങ്കുകൾക്ക് പുതിയതായി ഇൻകം ടാക്സ് കൊടുക്കേണ്ടിവന്നു. സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും കോടതികളിലേയ്ക്ക് പോകുകയാണ്. ഹൈക്കോടതിയിൽ റിട്ട് ജ്യൂറിസ്ഡിക്ഷനകത്ത് നിൽക്കുകയാണ്. ഹൈക്കോടതി തന്നെ നേരിട്ട് ഓരോ വകുപ്പുകളും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ അത് കോടതിയുടെ മുമ്പാകെ പോകും, കോടതിയിൽ പരിശോധിക്കപ്പെടും. നിയമം പാസ്സാക്കുന്ന ബോഡിയെക്കുറിച്ച് കോടതിക്ക് തെറ്റായ ചില ധാരണകളുണ്ടാകും. ശരിയായി ഇതൊന്നും പരിശോധിച്ചിട്ടല്ല ഇവിടെ പാസ്സാക്കുന്നത് എന്ന് വരും. അതുകൊണ്ട് മിസലേനിയസ് സൊസൈറ്റി എന്നുള്ളത് ഉണ്ടെങ്കിൽ ഒരു കൺഫ്യൂഷനും ഇടവരാത്ത തരത്തിൽ, മറ്റെല്ലാ സൊസൈറ്റികളും മിസലേനിയസ് സൊസൈറ്റിയാണെന്ന് ഇന്റർപ്രിട്ട് ചെയ്യാത്ത തരത്തിൽ ഡെഫനിഷൻ

വേണം. അല്ലെങ്കിൽ ആ ഡെഫനിഷൻ ക്ലോസ് മാറ്റണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ സെക്ഷൻ 2-ലെ ഡെഫനിഷനിൽതന്നെ Audit of Co-operative Societies കൂടി വന്നിട്ടുണ്ട്. അതിനകത്ത് യഥാർത്ഥത്തിൽ Preparation of Audit report വരുന്നില്ല. അത് വരേണ്ടതായിരുന്നു, അതു കൂടി ചേർക്കപ്പെടേണ്ടതാണ്. കോ-ഓപ്പറേറ്റീവ് പ്രിൻസിപ്പിൾസിൽ മിസലേനിയസ് സൊസൈറ്റി പറയുന്നുണ്ട്, പ്രിസ്ക്രൈബ്ഡ് പീരിയഡും പറയുന്നുണ്ട്. അങ്ങനെ പറയുമ്പോൾ Preparation of Audit report കൂടി ആ പറയുന്ന ഡെഫനിഷനിൽ എഴുതിച്ചേർക്കണം. ക്ലോസ് 2 (ab):- "auditing of accounts of Co-operative Societies" means a close examination of financial transactions, overdue debts,......... ......

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഒറിജിനൽ ആക്ടിൽത്തന്നെ മിസലേനിയസ് സൊസൈറ്റി ഡിഫൈൻ ചെയ്തിട്ടുണ്ട്. "Miscellaneous Societies" means such societies, as may be prescribed, and which accept deposits from their members only and undertake business activities for the welfare of their members as per their approved bye-laws except providing of agricultural and schematic loans and which do not deal with negotiable instruments under the negotiable instruments act 1881.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ഡെഫനിഷൻ ക്ലോസിലാണ് പറഞ്ഞിരിക്കുന്നത്. ബില്ലിനകത്ത് എവിടെയാണ് പറഞ്ഞിരിക്കുന്നത്? ബില്ലിൽ ആ വാക്ക് ഇല്ല. ബില്ലിൽ ഇല്ലാത്ത വാക്ക് ഡെഫനിഷൻ ക്ലോസിൽ

പറയേണ്ട കാര്യമുണ്ടോ, ഡിഫൈൻ ചെയ്യേണ്ട കാര്യമുണ്ടോ? ബില്ലിലെ വാക്കുകളെക്കുറിച്ചുള്ള ഇന്റർപ്രിട്ടേഷൻ തെറ്റാതിരിക്കാൻ വേണ്ടിയാണ് ഡെഫനിഷൻ ക്ലോസിൽ ക്ലാരിറ്റി വരുന്നതിനായി ആ വാക്ക് ഡിഫൈൻ ചെയ്യുന്നത്. ബില്ലിൽ ആ വാക്ക് പറഞ്ഞിട്ടില്ല എന്നാണ് പറഞ്ഞത്. അതു പോലെ തന്നെ,

"Auditing of accounts of Co-operative Societies" means a close examination of financial transactions, overdue debts, if any, maintenance of books of accounts, documents and other records of a business and includes an inquiry into the affairs of the Society and subsidiary institutions in order to ascertain the correctness of accounts and the extent to which its activities were useful in promoting the economic welfare of the members in accordance with the Co-operative principles; അതിനകത്ത് Preparation of Audit report വരുന്നില്ല. Preparation of Audit report പ്രധാനപ്പെട്ട ഒരു കമ്പോണന്റാണ്. Audit of accounts of Co-operative Societies എന്നു പറയുന്നതിൽ അതുകൂടി ചേർക്കപ്പെടണം. അതു പോലെ ക്ലോസ് 14, സെക്ഷൻ 28-ന്റെ അമെന്റ്മെന്റാണ്. വാർഡ് അടിസ്ഥാന ത്തിലുള്ള ഇലക്ഷൻ എന്ന് അതിനകത്ത് പറയുന്നുണ്ട്. എന്താണ് അതു കൊണ്ട് വിവക്ഷിക്കുന്നത്? പഞ്ചായത്ത് തലത്തിലുള്ള വാർഡാണോ അതോ ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലുള്ള വാർഡാണോ ഉദ്ദേശിക്കുന്നത്? ഗ്രാമപഞ്ചായത്തായിരിക്കാം ഉദ്ദേശിച്ചിട്ടുള്ളത്, പക്ഷേ അത് കൃത്യമായി പറയേണ്ടതാണ്. വാർഡാണെങ്കിൽ ഒറ്റ വാർഡിൽ

മാത്രമുള്ള സൊസൈറ്റികളുണ്ട്, അല്ലെങ്കിൽ രണ്ടോ മൂന്നോ വാർഡുക ളിൽമാത്രം ഏരിയയുള്ള സൊസൈറ്റികളുണ്ട്. ഇതൊന്നും കോൺസ്റ്റിറ്റ്യൂഷ നിൽ പറയുന്ന കാര്യമല്ലല്ലോ.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇത് ശരിയായ രീതിയിലുള്ള ഒരു സംശയമാണ്. കാരണം വാർഡ് എന്നു പറയുമ്പോൾ അതിനൊരു വ്യക്തത യില്ല. പല സംഘങ്ങളിലും പഞ്ചായത്ത് വാർഡനുസരിച്ച് എന്നാണ് ഉദ്ദേശി ക്കുന്നതെങ്കിൽ അതനുസരിച്ച് തെരഞ്ഞെടുപ്പ് നടത്താൻ പ്രായോഗികമായി ചില ബുദ്ധിമുട്ടുകളുണ്ട്. ചിലപ്പോൾ ഒന്നുംരണ്ടും വാർഡുകൾ മാത്രമുള്ള സൊസൈറ്റികൾ കാണും. ഇവിടെ Ward which can be approved by the General Body and accepted by the RCS എന്നു പറഞ്ഞാൽ ആ സംശയം തീരില്ലേ?

ശ്രീ. വി. ഡി. സതീശൻ: എന്താണ് വാർഡ് എന്നുള്ളത് ഡിഫൈൻ ചെയ്യണം. സെക്ഷൻ 2 ഡെഫനിഷൻ ക്ലോസിൽ വാർഡ് എന്നുള്ളത് കൃത്യ മായി ഡിഫൈൻ ചെയ്യണം. മാത്രമല്ല വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെ ടുപ്പ് നടത്തുന്നത് കേരളത്തിലെ എല്ലാ സൊസൈറ്റികളിലും പ്രായോഗികമല്ല. ഒരു വാർഡിൽ മാത്രമുള്ള സൊസൈറ്റികളുണ്ട്. നൂറ് മെമ്പർമാർ മാത്ര മുള്ളവയുണ്ട്, മാത്രമല്ല എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പോലെ വാർഡ് തലത്തിൽ അല്ലാത്ത പല തരത്തിലുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുമുണ്ട്. വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തണ മെന്ന് പറയുമ്പോൾ അത് ആവശ്യമില്ലാത്ത സംശയങ്ങൾക്ക് ഇടവരുത്തും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാർഡ് എന്നുള്ളത് കൃത്യമായി ആക്ടി ലാണ് ഡിഫൈൻ ചെയ്യേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ ഇലക്ഷൻ

നടത്തുന്ന സഹകരണസംഘങ്ങൾ ഇപ്പോഴുണ്ട്. ഇന്നയിന്ന പ്രദേശങ്ങളാണ് വാർഡിൽ വരുന്നതെന്ന് അവരുടെ ആക്ടിൽ പറഞ്ഞിട്ടുണ്ടായിരിക്കും. ഒരു അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ വാർഡ് അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ആ വാർഡിൽ നിന്നുള്ള ആളാണ് തെരഞ്ഞെടുക്കപ്പെടേണ്ടത്. ആ വാർഡിലുള്ളവർക്കാണ് വോട്ട്. വാർഡ് ഒന്നും രണ്ടും ഏതൊക്കെയാണെന്നുള്ളത് അവരുടെ ബൈലായിൽ പറഞ്ഞിട്ടുണ്ടായിരിക്കും. അതിനെക്കുറിച്ച് കൃത്യമായ വ്യക്തത ഇതിൽ വേണം.

ശ്രീ. വി. ഡി. സതീശൻ: വ്യക്തത വേണം. അതാത് സൊസൈറ്റികളുടെ ബൈലായിൽ പറഞ്ഞുകാണും. പക്ഷേ ഇവിടെ കൊടുത്തിരിക്കുന്ന സ്ഥലത്ത് അത് പറഞ്ഞു കഴിഞ്ഞാൽ എല്ലാ സൊസൈറ്റികൾക്കും കോമൺ ആപ്ലിക്കേഷൻ വരും. പ്രത്യേകിച്ച് സഹകരണ നിയമമായതുകൊണ്ട് ബില്ല് സംശയങ്ങൾ ക്ലിയർ ചെയ്ത് കുറ്റമറ്റതാക്കണം.

മി. സ്പീക്കർ: യെസ്, ഒരു കാര്യം, നിയന്ത്രണം പാടില്ല എന്ന് എനിക്ക് അറിയാം. പക്ഷേ, ചർച്ച കൂടാതെ ഒരു ബില്ലുണ്ട്, അല്ലാതെ നാല് ബില്ലുകളുമുണ്ട്. സ്വയം നിയന്ത്രണമുണ്ടാകണം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. പക്ഷേ ഒരു അംഗം എന്നുള്ള നിലയിൽ ഒരു കാര്യം ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കക്ഷി നേതാക്കൻമാർ എല്ലാവരുംകൂടി ഒരുമിച്ച് ചേർന്ന് ഒരു ദിവസം അഞ്ച് ബില്ലെടുക്കാനുള്ള ഒരു തീരുമാനമെടുത്തു. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ അമെന്റ്മെന്റ്, 97-ാം ഭരണഘടനാ ഭേദഗതി, പാർലമെന്റ് വളരെ ഗൗരവത്തോടുകൂടി നടത്തിയ ഒരു നിയമനിർമ്മാണത്തിന് കറസ്പോണ്ടിംഗായി കേരള സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട സഹകരണ നിയമത്തിലെ 33 ക്ലോസുകൾ ചർച്ച ചെയ്യ

പ്പെടുന്ന ഒരു ബില്ലിന് യഥാർത്ഥത്തിൽ ആദ്യത്തെ റീഡിംഗിനുവേണ്ടി ഒരു ദിവസം മുഴുവൻ കൊടുക്കേണ്ടതായിരുന്നു. അതുകൊണ്ട് അംഗം എന്നുള്ള നിലയിൽ ഇതിനെക്കുറിച്ച് സംസാരിക്കാനുള്ള എന്റെ റൈറ്റ് പൂർണ്ണമായി ഉപ യോഗിക്കുകയാണ്. ബഹുമാനപ്പെട്ട ചെയർ അതിൽ കുറ്റക്കാരനല്ല.

മി. സ്പീക്കർ: ഞാൻ അതിൽ നിബന്ധന ഏർപ്പെടുത്തുന്നില്ല. അങ്ങനെ നിബന്ധന പാടില്ല എന്നറിയുന്ന ആളാണ് ഞാൻ. അങ്ങേയ്ക്ക് സമയമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: ഞാൻ പറഞ്ഞതിൽ between the lines കാര്യ ങ്ങളുണ്ട്. ദോശ ചുട്ടെടുക്കുന്നതുപോലെ ബില്ല് പാസ്സാക്കിയെടുക്കാൻ പാടില്ല. അങ്ങനെ ബില്ല് പാസ്സാക്കിയെടുത്താൽ..., ഞാൻ നേരത്തെ പല പ്രാവശ്യം ആവർത്തിച്ചത് ഇത് മനസ്സിൽ വച്ചുകൊണ്ടാണ്. കാരണം സഹക രണ നിയമവുമായി ബന്ധപ്പെട്ട ഓരോ സെക്ഷനും കോടതിയിൽ പോകും. ആ ബില്ല് വായിച്ചുനോക്കുമ്പോൾ അവിടെയിരിക്കുന്ന ന്യായാധിപൻമാർക്ക് ഈ നിയമനിർമ്മാണ സഭയെക്കുറിച്ച് പുച്ഛം തോന്നിയാൽ നമുക്ക് അവരെ കുറ്റപ്പെടുത്താൻ കഴിയില്ല. അവരുടെ മാന്യതകൊണ്ട് ഒരുപക്ഷേ അത് പരസ്യമായി പ്രകടിപ്പിക്കുകയില്ലായിരിക്കും, പക്ഷേ ഇതുപോലും ശ്രദ്ധി ക്കാതെയാണോ പാസ്സാക്കി വിടുന്നതെന്ന് നിയമനിർമ്മാണ സഭയെക്കുറിച്ച് അവരുടെ ഉള്ളിൽ തോന്നും. ഇന്ന് ഇവിടെ പാസ്സാക്കുന്ന ഓരോ ക്ലോസു കളും, നാളെ അതിന്റെ വ്യാഖ്യാനത്തിനുവേണ്ടിയും മറ്റു കാര്യങ്ങൾക്കു വേണ്ടിയും പ്രധാനപ്പെട്ട കോടതികളിലെല്ലാം ചർച്ച ചെയ്യപ്പെടാൻ പോകുന്ന കാര്യമാണ്. നിയമസഭാംഗം എന്നുള്ള നിലയിൽ ഞാൻ ആ കാര്യം എടുത്തു പറഞ്ഞു എന്ന് മാത്രമേയുള്ളൂ. എല്ലാ അംഗങ്ങൾക്കും ആ അധികാരമുണ്ട്. അതുകൊണ്ടാണ് അത് ശരിയായില്ല എന്ന് പറഞ്ഞത്. ഇക്കാര്യത്തിൽ ഒരു

അംഗം എന്നുള്ള നിലയിലുള്ള ശക്തമായ വിയോജിപ്പ് കൂടി, I register my strong protest on that.

മി. സ്പീക്കർ: എന്റെ സ്റ്റേറ്റ്മെന്റിലാണോ; നാല് ബില്ലുകളുടെ കാര്യത്തിലാണോ വിയോജിപ്പ്?

ശ്രീ. വി. ഡി. സതീശൻ : അല്ല. ഈ ബില്ലുകളെല്ലാം കൂടി ഇന്ന് ഒരുമിച്ച് വന്നതിലാണ് വിയോജിപ്പ്.

മി. സ്പീക്കർ : യെസ്, യെസ്.....

ശ്രീ. വി. ഡി. സതീശൻ : സർ, നിയമസഭാ സമ്മേളനം വെട്ടിച്ചുരുക്കാനുള്ള ഒരു കാരണം പറഞ്ഞത് പണിമുടക്കാണ്. അഖിലേന്ത്യാ പണിമുടക്ക് നടക്കുന്നുവെന്ന കാരണം പറഞ്ഞ് ഈ ബില്ലുകളെല്ലാം പാസാക്കേണ്ട വളരെ പ്രധാനപ്പെട്ട നിയമസഭാ സമ്മേളനം രണ്ട് ദിവസം ചുരുക്കുകയാണ്. നമ്മൾ സെമിനാറും സമ്മേളനവും കൂടിയിട്ട് നിയമസഭാ സമ്മേളനങ്ങളുടെ ദിവസം വർദ്ധിപ്പിക്കണമെന്ന് പറഞ്ഞ് പ്രസംഗിക്കുകയും ഫലത്തിൽ നിയമസഭ കൂടുന്ന ദിവസങ്ങളുടെ എണ്ണം കുറഞ്ഞുവരികയും ചെയ്യുന്ന ദൗർഭാഗ്യകരമായ ഒരു സാഹചര്യം കൂടി ഇവിടെ നിലവിലുണ്ട്. ഇത് പറയാതെ പോകുന്നത് ശരിയല്ലായെന്നതുകൊണ്ടാണ് പറഞ്ഞത്.

വാർഡ് അടിസ്ഥാനത്തിലുള്ള കാര്യത്തിൽ വളരെ വ്യക്തത വേണം. രണ്ടാമത് ഒരു പ്രധാനപ്പെട്ട പ്രശ്നം നഷ്ടത്തിലാകുന്ന സൊസൈറ്റികളെക്കുറിച്ച് ഇവിടെ പറയുന്നുണ്ട്. ഡെപ്പോസിറ്റിൽ നിന്നും ശമ്പളം കൊടുക്കാൻ പറ്റില്ലായെന്ന് പറയുന്നുണ്ട്. ഒറ്റ ചോദ്യമേയുള്ളു. ഒരു സൊസൈറ്റി നഷ്ടത്തിലായാൽ എവിടെനിന്നാണ് ശമ്പളം കൊടുക്കുന്നത്; നഷ്ടത്തിലാകുന്ന സൊസൈറ്റികളുടെ ശമ്പളം കൊടുക്കുന്നത് ആരാണ്?

ശ്രീ. കെ. ശിവദാസൻ നായർ : അങ്ങ് ചോദിച്ചത് വളരെ ശരിയായിട്ടുള്ള ഒരു കാര്യമാണ്. കാരണം ഇന്ന് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ അഭിമാനത്തോടെ പറയുന്ന ക്രെഡിറ്റ് സൊസൈറ്റീസിൽ നാലിൽമൂന്ന് ശതമാനവും നഷ്ടത്തിലാണ്. ഈ പറയുന്ന കാര്യങ്ങളാണ് ബില്ലിൽ വച്ചിട്ടുള്ളതെങ്കിൽ, അവരുടെ ക്യാപിറ്റൽ മുഴുവൻ ശമ്പളം കൊടുത്ത് തീർന്നിരിക്കുന്നു. അത്തരത്തിലുള്ള ക്രെഡിറ്റ് സംഘങ്ങളിൽ നാലിൽമൂന്ന് ശതമാനം ക്രെഡിറ്റ് സംഘങ്ങൾക്കും ഈ നിയമം പാസാക്കിക്കഴിഞ്ഞാൽ അവിടെത്തെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയില്ല എന്നുള്ള സാഹചര്യത്തിലേയ്ക്കല്ലേ അങ്ങ് വിരൽ ചൂണ്ടുന്നത്?

ശ്രീ. വി. ഡി. സതീശൻ : തീർച്ചയായും. അത് വലിയ പ്രതിസന്ധിയാണ്. നഷ്ടത്തിലാകുന്ന സൊസൈറ്റികളിൽ ജീവനക്കാർക്ക് ശമ്പളം കൊടുത്തില്ലെങ്കിൽ ജീവനക്കാർ ഉണ്ടാകുമോ? നമ്മൾ ഒരു നിയമം പാസാക്കുന്ന സമയത്ത് നല്ല വ്യക്തത വേണം. ഡെപ്പോസിറ്റിൽ നിന്നും പണമെടുക്കരുത് എന്ന് പറഞ്ഞാൽ അതിന് പകരമായി വളരെ വ്യക്തതയോടുകൂടിയ ഒരു സ്കീം വേണം. As such ഈ നിയമം പാസാക്കിയാൽ നഷ്ടത്തിലാകുന്ന സൊസൈറ്റികൾക്ക് ശമ്പളം കൊടുക്കാൻ പണമുണ്ടാകില്ല. നഷ്ടത്തിലായ ധാരാളം സൊസൈറ്റികൾ സംസ്ഥാനത്തുണ്ട്. അത്തരം അവ്യക്തതകൾ നമുക്ക് ഇക്കാര്യത്തിൽ വരാൻ പാടില്ല. അതുപോലെ പാർട്ടിസിപ്പേഷനെക്കുറിച്ച് നമ്മൾ പറയുന്നുണ്ട്. അംഗങ്ങളുടെ പാർട്ടിസിപ്പേഷൻ നമ്മൾ പ്രമോട്ട് ചെയ്യണമെന്നാണ് എല്ലാ ഭാഗത്തും സൂചിപ്പിച്ചിരിക്കുന്നത്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഭരണഘടനാ ഭേദഗതിയിലും ആ കാര്യം നന്നായിട്ട് പറയുന്നുണ്ട്. അത് നമുക്ക് കൂടുതൽ ചെയ്യണം. പക്ഷേ അവിടെ

'shall' എന്നുള്ള വാക്കല്ല കോൺസ്റ്റിറ്റ്യൂഷണൽ അമെൻമെന്റിൽ പറഞ്ഞിരിക്കുന്നത്, 'may' എന്നുള്ള വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അപ്പോൾ അംഗങ്ങളുടെ അവകാശങ്ങൾ നമുക്ക് ഒരു പരിധിവിട്ട് നിയന്ത്രിക്കേണ്ട ആവശ്യമില്ല. ഇവിടെ പല കാര്യങ്ങളിലും അംഗത്വം തന്നെ നഷ്ടപ്പെടുന്ന തരത്തിലാണ് എഴുതിവച്ചിട്ടുള്ളത്. ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തില്ലെങ്കിൽ അംഗത്വം നഷ്ടപ്പെട്ടുപോകും. അതുപോലെ ഈ സൊസൈറ്റി നടത്തുന്ന സെയിം ബിസിനസ് അംഗം നടത്തിയാൽ അംഗത്വം നഷ്ടപ്പെട്ടുപോകും. ഒരു സംഘം ഒരു പ്രൊവിഷണൽ സ്റ്റോർ നടത്തുന്നുണ്ടെങ്കിൽ അവിടെയുള്ള പലചരക്ക് കച്ചവടക്കാർക്ക് ആർക്കും ആ സൊസൈറ്റിയിൽ അംഗമാകാൻ പറ്റില്ല എന്നുള്ള നിലവരും. അതൊന്നും ഭരണഘടനാ ഭേദഗതിയിൽ പറയുന്ന കാര്യങ്ങളല്ല. ഭരണഘടനാ ഭേദഗതിയുടെ ഇന്റൻഷൻ വളരെ ക്ലിയറാണ്. ഇപ്പോൾത്തന്നെ നമുക്ക് ഇവിടെ സെക്ഷൻ (44)-ൽ അതിനാവശ്യമായ കാര്യങ്ങളുണ്ട്.  ഭരണസമിതിയുടെ അംഗങ്ങൾക്ക് സെയിം ബിസിനസ് ചെയ്യാൻ പാടില്ലായെന്ന് സെക്ഷൻ (44)-ൽ, നമ്മുടെ ഇപ്പോഴത്തെ നിയമത്തിൽ പറയുന്നുണ്ട്. ഡയറക്ടർ ബോർഡ് അംഗങ്ങളായിരുന്നുകൊണ്ട് സൊസൈറ്റി ചെയ്യുന്ന അതേ ബിസിനസ് തന്നെ അവർ പുറത്ത് ചെയ്യാൻ പാടില്ല എന്നുണ്ട്. പ്രൈമറി മെമ്പർഷിപ്പിനുകൂടി അത് ബാധകമാക്കേണ്ട ആവശ്യമുണ്ടോ? അത് നമ്മൾ പരിശോധിക്കേണ്ട ഒരു വിഷയമാണ്. എന്തായാലും കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റ് നമ്മളോട് നിർബന്ധമായി അത് ചെയ്യണമെന്ന് ആവശ്യപ്പെടുന്നില്ല. മെമ്പേഴ്സിന്റെ പാർട്ടിസിപ്പേഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയിട്ടാണ് അത് പറയുന്നത്. മാത്രമല്ല, തുടർച്ചയായ രണ്ടുകൊല്ലക്കാലം ഒരു ആക്ടിവിറ്റീസിലും ബന്ധപ്പെടാതെ നിൽക്കുന്ന

ഒരാളുടെ മെമ്പർഷിപ്പ് പോകുമെന്ന് ഇതിനകത്തെ ഒരു പ്രൊവിനിൽ പറയുന്നു. അത് എങ്ങനെയാണ് പോകുന്നത്? ഒരാൾ ഇടയ്ക്ക് സ്വർണ്ണം പണയം വച്ച് ബാങ്കിൽ നിന്നും കുറച്ച് പൈസ വാങ്ങിച്ചു. അല്ലെങ്കിൽ സ്ഥലം വച്ച് കുറേ പണമെടുത്തു, അല്ലെങ്കിൽ ഡെപ്പോസിറ്റ് കൊടുക്കാൻ പോയി. ഇങ്ങനെയൊക്കെയാണ് സ്വാഭാവികമായിട്ട് ബാങ്കിംഗ് ആക്ടിവിറ്റീസ് നടക്കുന്നത്. രണ്ടുകൊല്ലത്തേയ്ക്ക് കടം വാങ്ങാൻ പോയില്ല, അല്ലെങ്കിൽ നിക്ഷേപിക്കാൻ കയ്യിൽപണം ഉണ്ടായില്ല. അതുകൊണ്ട് സൊസൈറ്റിയുമായിട്ടോ ബാങ്കുമായിട്ടോ ഒരു ഇടപാടുണ്ടായില്ല എന്ന കാരണത്താൽ ഒരാളുടെ പ്രൈമറി അംഗത്വം പോകുമെന്ന് പറയുന്നത് ജനാധിപത്യവിരുദ്ധമാണ്. ആ ക്ലോസ് നമുക്ക് മാറ്റണം. ആ ക്ലോസ് വയ്ക്കാൻ പാടില്ല. കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിന്റെ പിറകിൽ അങ്ങനെ ആവശ്യമില്ലാത്ത നിയന്ത്രണങ്ങൾ അംഗങ്ങളുടെ മേൽ വയ്ക്കുന്നത് ശരിയല്ല. ഞാൻ ഭരണസമിതി അംഗങ്ങളുടെ, ഡയറക്ടർ ബോർഡ് അംഗങ്ങളുടെ കാര്യമല്ല പറയുന്നത്. പ്രൈമറി മെമ്പേഴ്സിന്റെ കാര്യത്തിൽ അങ്ങനെയുള്ള ആവശ്യമില്ലാത്ത കുറേ നിയന്ത്രണങ്ങൾ വച്ചിട്ടുണ്ട്. അത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് വരുന്ന സമയത്ത് ആവശ്യമായ മാറ്റം വരുത്തണം. അംഗങ്ങളുടെ പാർട്ടിസിപ്പേഷൻ, സൊസൈറ്റിയുമായി ബന്ധപ്പെട്ടിട്ടുള്ള അവരുടെ ഇടപാടുകൾ, അവരുടെ ബന്ധം, പങ്കാളിത്തം, അത് വർദ്ധിപ്പിക്കാൻ വേണ്ടിയിട്ട് മാത്രമാണ് കോൺസ്റ്റിറ്റ്യൂഷണൽ ഇന്റൻഷൻ. അതുപോലെതന്നെ മെമ്പർമാരിൽ നിന്നുമാത്രം ഡെപ്പോസിറ്റ് സ്വീകരിക്കണമെന്നാണ് പറയുന്നത്. അത് എങ്ങനെയാണ് ശരിയാകുന്നത്? ഒരു ലക്ഷത്തി ഇരുപതിനായിരം കോടി രൂപയുടെ ഇടപാടുകളാണ് സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനങ്ങൾ വഴി നടക്കുന്നത്. ഒരു വലിയ സമ്പദ്വ്യവസ്ഥയാണ് സഹകരണ പ്രസ്ഥാനം. ഈ വകുപ്പിന്റെ മന്ത്രി

നിസ്സാരനായിട്ടുള്ള ഒരാളല്ല. ഒരുപക്ഷേ സംസ്ഥാനത്ത് ബഡ്ജറ്റ് കൈകാര്യം ചെയ്യുന്നതിനെക്കാൾ മൂന്നിരട്ടി തുക കൈകാര്യം ചെയ്യുന്ന ഒരു വലിയ സാമ്പത്തിക സാമ്രാജ്യമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനമെന്ന് പറയുന്നത്. അത് നിസ്സാര സംഭവമല്ല. 100 മെമ്പർമാർ മാത്രമുള്ള സംഘത്തിന് പുറത്തുനിന്ന് ഡെപ്പോസിറ്റ് വരാൻ പാടില്ല എന്ന് പറയുന്നത് നമുക്ക് എത്ര മാത്രം ഗുണകരമാകും എന്ന് നമ്മൾ ആലോചിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, അങ്ങ് പറയുന്നത് ഒരു ന്യായമായ കാര്യമാണ്. അതായത് മെമ്പേഴ്സിന്റെ കയ്യിൽ നിന്നും മാത്രമേ ഡെപ്പോസിറ്റ് വാങ്ങിക്കൂവെങ്കിൽ ഡെപ്പോസിറ്റ് വരാൻ ഒരു ലിമിറ്റേഷനുണ്ട് എന്നാണ് അങ്ങ് സൂചിപ്പിക്കുന്നത്. തീർച്ചയായും ശരിയായ കാര്യമാണ്. പക്ഷേ ഇപ്പോൾ അത് വളരെ ബോധപൂർവ്വം കൊണ്ടുവന്ന ഒരു അമെന്റ്മെന്റാണെന്നാണ് എനിക്ക് തോന്നുന്നത്. കാരണം, ഇപ്പോൾത്തന്നെ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡെപ്പോസിറ്റ് കളക്ട് ചെയ്യുന്നതിന് ആർ.ബി.ഐ.-യുടെ റെസ്ട്രിക്ഷൻസ് ഉണ്ട്. എന്നാൽ ആർ.ബി.ഐ.-ക്ക് മെമ്പേഴ്സിൽ നിന്നും ഡെപ്പോസിറ്റ് കളക്ട് ചെയ്യുന്നത് തടയാൻ വ്യവസ്ഥയില്ല. മെമ്പേഴ്സിൽ നിന്നും ഡെപ്പോസിറ്റ് എപ്പോഴും കളക്ട് ചെയ്യാൻ അനുവദിച്ചിട്ടുമുണ്ട്. എനിക്ക് തോന്നുന്നത് അത്തരത്തിലുള്ള തടസ്സവാദങ്ങളെ അതിജീവിക്കുന്നതിനുവേണ്ടിയിട്ടായിരിക്കണം ഈ ഭേദഗതി കൊണ്ടുവന്നത്. എന്നാൽ നമുക്ക് ഒരു ഡെപ്പോസിറ്റർ വരികയാണെങ്കിൽ ഒരു അസോസിയേറ്റ് മെമ്പർഷിപ്പ് കൊടുത്തുകഴിഞ്ഞാൽ ആ ആളിൽ നിന്നും ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിന് ഒരു തടസ്സവുമില്ലായെന്നുള്ള കാര്യം ഈ അവസരത്തിൽ ഓർക്കുന്നത് നന്നായിരിക്കും.

ശ്രീ. വി. ഡി. സതീശൻ : ഞാൻ പറയുന്നത് ഇക്കാര്യത്തിൽ കുറച്ചു കൂടി വ്യക്തത വരണം. കാരണം മെമ്പേഴ്സല്ലാത്തവർക്ക് ഡെപ്പോസിറ്റ് ചെയ്യാൻ പാടില്ലായെന്ന് നമ്മൾ പൊതുവായി പറയുമ്പോൾ അത് നമ്മുടെ സാമ്പത്തിക നിലയെത്തന്നെ, നമ്മുടെ റിസോഴ്സ് മൊബിലൈസേഷനെ യൊക്കെ ഗൗരവമായി ബാധിക്കുന്ന തരത്തിലാണ്. ഒരുപക്ഷേ അതിൽ നിന്നും ഒഴിവാകുന്നതിനുവേണ്ടിയിട്ടായിരിക്കും കൊണ്ടുവന്നത്. പക്ഷേ ഇൻ-ഇഫക്ട്, നമുക്ക് ഡെപ്പോസിറ്റുകൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യ ത്തിലേയ്ക്ക് പോകും. അതുപോലെ ക്ലോസ് 18-ൽ പറയുന്നത് സെക്ഷൻ 32-ന്റെ അമെന്റ്മെന്റാണ്. അതിലേയ്ക്ക് ഈ സഭയുടെ ശ്രദ്ധക്ഷണിക്കു കയാണ്. ക്ലോസ് 18-ൽ യഥാർത്ഥത്തിൽ പറയുന്നത് സെക്ഷൻ 32-ന്റെ അമെന്റ്മെന്റാണ്. ഏറ്റവും പ്രധാനമായ ഒരു കാര്യം പറയുന്നത് ഈ സൂപ്പർസെഷനുവേണ്ടി ഒരു പുതിയ കണ്ടീഷൻ കൂടി യഥാർത്ഥത്തിൽ എഴു തിച്ചേർക്കുകയാണ്. അതായത് സ്റ്റെയിൽമേറ്റ് കണ്ടീഷനാണ്. സ്റ്റെയിൽമേറ്റ് കണ്ടീഷൻ എന്ന് പറയുന്ന നേരത്തെയുള്ള, സൂപ്പർസീഡ് ചെയ്യുന്നതിനുവേ ണ്ടിയിട്ടുള്ള അഞ്ച് കാരണങ്ങളെക്കൂടാതെ ഒരു കാര്യം കൂടി യഥാർത്ഥത്തിൽ എഴുതിച്ചേർക്കുകയാണ്. അത് നമുക്ക് പ്രായോഗികമാണോ എന്ന് പരിശോധി ക്കണം. കാരണം യഥാർത്ഥത്തിൽ 243 ZL അനുസരിച്ച് കോൺസ്റ്റിറ്റ്യൂഷണൽ അമെൻമെന്റിൽ പറയുന്നത് അസിസ്റ്റഡ് സൊസൈറ്റീസിനെ മാത്രമേ സൂപ്പർസീഡ് ചെയ്യാൻ പാടുള്ളു. ഗവൺമെന്റ് ഗ്രാന്റും മറ്റു സംവിധാനങ്ങളു മില്ലാത്ത സൊസൈറ്റികളെ സൂപ്പർസീഡ് ചെയ്യാൻ പാടില്ലായെന്നാണ് കോൺസ്റ്റിറ്റ്യൂഷണൽ അമെൻമെന്റിൽ എഴുതിയിരിക്കുന്നത്. അപ്പോൾ അസിസ്റ്റഡ് സൊസൈറ്റീസിനെ മാത്രമേ സൂപ്പർസീഡ് ചെയ്യാൻ കഴിയുകയു

ളളു. അങ്ങനെയാണെങ്കിലും സെക്ഷൻ 32–ൽ ആയിരുന്നു ഈ സ്റ്റെയിൽമേറ്റ് കണ്ടീഷൻ എന്നുള്ള അമെൻമെന്റ് കൊണ്ടുവരേണ്ടിയിരുന്നത്. ഇത് ഇപ്പോൾ സെക്ഷൻ 33–ൽ കൊണ്ടുവന്നിരിക്കുകയാണ്. അവിടെ ആറുമാസത്തിൽ കൂടുതൽ ഇപ്പോൾത്തന്നെ നിലവിലുണ്ട്. അപ്പോൾ സെക്ഷൻ 33–ൽ ആണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. സെക്ഷൻ 33–ൽ കൊണ്ടുവന്നിരിക്കുന്നതുകൊണ്ട് സെക്ഷൻ 33–ന്റെ അമെന്റ്മെന്റ് കൂടി വേണ്ടിവരും. സെക്ഷൻ 33 അമെന്റ് ചെയ്യാതെ സെക്ഷൻ 33–ൽ ഈ ക്ലോസ് കൂടി ആഡ് ചെയ്യുമ്പോൾ നമുക്ക് പ്രശ്നമുണ്ടാകും. എനിക്ക് തോന്നുന്നത് തെറ്റ് പറ്റിയിട്ട് സെക്ഷൻ 33–ലേയ്ക്ക് വന്നിരിക്കുന്നുവെന്നാണ്. സെക്ഷൻ 32 –ൽ അമെന്റ്മെന്റ് നടത്തി സ്റ്റെയിൽമേറ്റ് കണ്ടീഷൻ എന്നുള്ള കണ്ടീഷൻ വയ്ക്കുന്നതായിരിക്കും കൂടുതൽ ഉചിതം. അത് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ സെക്ഷൻ 31–ന്റെ അമെന്റ്മെന്റിൽ ഗവൺമെന്റ് നോമിനി വേണം എന്നാണ് പറഞ്ഞിരിക്കുന്നത്. പണ്ട് ഉണ്ടായിരുന്നത് എടുത്തുകളഞ്ഞതാണ്. അത് വീണ്ടും കൊണ്ടുവരാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കണം. എല്ലാ സൊസൈറ്റികളിലും ഇപ്പോൾ ഗവൺമെന്റ് നോമിനികളെ വയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾക്കാണ് പല സൊസൈറ്റികളിലെയും ഭരണ നിയന്ത്രണമുള്ളത്. അതിനാൽ ഓരോ ഗവൺമെന്റ് മാറിമാറി വരുമ്പോഴും ആ ഗവൺമെന്റിൽനിന്ന് ആളുകളെ നോമിനേറ്റ് ചെയ്യാൻ സാധിക്കും. അങ്ങനെ നോമിനേറ്റ് ചെയ്യപ്പെടുന്ന ആളുകൾക്ക് വോട്ടവകാശമില്ല. അവിടെ പോയി ഇരിക്കാം, സംഘത്തിന് ഒരു ബാധ്യത കൂടി വരുത്തിത്തീർക്കാം എന്നല്ലാതെ പ്രത്യേകിച്ച് എന്തെങ്കിലും റോൾ ഗവൺമെന്റ് നോമിനികൾക്ക് ഈ സംഘങ്ങ

ളിൽ ഉണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. അത് ക്ലാരിറ്റിയോടുകൂടി പറയണം. ഒരു ക്ലാരിറ്റി കുറവ് അവിടെയുണ്ട്. ബില്ലിൽ ഇപ്പോൾ വച്ചിരിക്കു ന്നതനുസരിച്ചാണെങ്കിൽ എല്ലാ സഹകരണസ്ഥാപനത്തിലും നോമിനികൾ വരും. ഇത്രയും കാര്യങ്ങളാണ് ഏറ്റവും പ്രധാനമായി എനിക്ക് സൂചിപ്പിപ്പിക്കു വാനുള്ളത്.

ശ്രീ. കെ ശിവദാസൻ നായർ : സെക്ഷൻ 31-ന്റെ അമെന്റ്മെന്റിൽ "the Government or any other authority specified by them in this behalf shall have the right to nominate not more than three persons or one-third of the total number of members of the committee of such apex or central society......" എന്നുതന്നെയാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ : രണ്ടാമത് ഒരു അമെന്റ്മെന്റ് കൂടിയുണ്ട്. ആദ്യത്തേതാണ് അങ്ങ് വായിച്ചത്. അമെന്റ്മെന്റിൽ ക്ലാരിറ്റി കുറവ് ഉണ്ടെ ന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇപ്പോൾ, three persons എന്നുള്ളത് two persons എന്ന് മാറ്റി. എല്ലാ സൊസൈറ്റികളിലും ഗവൺമെന്റ് നോമിനിയുടെ കാര്യം ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങനെതന്നെ ആയി ക്കൊള്ളട്ടെ. പക്ഷേ, നമുക്ക് അത് എത്രമാത്രം ഗുണകരമാകും എന്ന കാര്യം കൂടി ചർച്ച ചെയ്യപ്പെടണം. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ ഉതകുന്ന തരത്തിലായിരിക്കണം ഈ ഭേദഗതി. ഭരണ ഘടനാ ഭേദഗതിയുടെ ലെജിസ്ലേറ്റീവ് ഇന്റൻഷൻ എന്നു പറയുന്നത് – സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ഇടപാടുകൾ സുതാ ര്യവും ഇഫക്ടീവും ജനാധിപത്യപരവുമായിരിക്കണമെന്നതാണ്. അതിലെ

മെമ്പർമാരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം, അതിന്റെ കൺട്രോൾ കാര്യ ക്ഷമമായി വേണം. ഇവിടെ പല അമെന്റ്മെന്റുകളിൽക്കൂടി രജിസ്ട്രാറുടെ ഒരുപാട് അധികാരങ്ങൾ എടുത്തു കളയുന്നുണ്ട്. രജിസ്ട്രാറുടെ അധികാരം എടുത്തു കളയുക എന്നു പറഞ്ഞാൽ ഗവൺമെന്റിന്റെ അധികാരങ്ങളാണ് എടുത്തു കളയുന്നത്. അതുകൊണ്ട് അത്രയും ആവശ്യമില്ല. നമ്മുടെ കോൺസ്റ്റിറ്റ്യൂഷനൽ അമെന്റ്മെന്റ് വായിക്കുമ്പോൾ, 'shall' എന്ന് സൂചിപ്പിച്ച സ്ഥലങ്ങളിൽ മാത്രമേ മാൻഡേറ്ററിയായിട്ടുള്ള പരിഷ്ക്കാരങ്ങൾ വരുത്തേണ്ട ആവശ്യമുള്ളു. കാരണം ഇത് രാജ്യത്ത് മുഴുവൻ അപ്ലിക്കബിൾ ആയിട്ടുള്ള ഒരു നിയമമാണ്. മറ്റ് പല സംസ്ഥാനങ്ങളിലേതിനേക്കാൾ ഫലപ്രദമായ ഒരു സഹകരണ നിയമം കേരളത്തിൽ നിലവിലുണ്ട്. മറ്റു പല സംസ്ഥാനങ്ങളു മായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സഹകരണ നിയമം നല്ല നിയമമാണ്. സഹകരണ പ്രസ്ഥാനങ്ങളുടെ പേരിൽ, ധനകാര്യ സ്ഥാപനങ്ങളുടെ പേരിൽ ജനാധിപത്യവിരുദ്ധമായ തരത്തിലുള്ള സുതാര്യമല്ലാത്ത നടപടികളെ നിയ ന്ത്രിക്കുന്നതിനുവേണ്ടി രാജ്യത്ത് പൊതുവായി ആപ്ലിക്കബിളായിട്ടുള്ള ഒരു നിയമമാണ്. അതിൽ വളരെ മാൻഡേറ്ററിയായി 'shall' എന്നു പറയുന്ന സ്ഥലങ്ങളിൽ മാത്രം അത്തരം അമെന്റ്മെന്റുകൾ കൊണ്ടുവരികയും 'may' എന്നു സൂചിപ്പിക്കുന്ന സ്ഥലങ്ങളിൽ യുക്തമായ തരത്തിൽ അത് ചെയ്യാവുന്നതാണ്. State may, make such amendments എന്നാണ് പറയുന്ന ത്. നമ്മുടെ സഹകരണ നിയമത്തെ കുറ്റമറ്റതാക്കുന്നതിനും ഫലപ്രദമാക്കുന്ന തിനും എഫിഷ്യന്റാക്കുന്നതിനും വേണ്ടി യുക്തമായ തരത്തിൽ നമുക്ക് ഉപ യോഗിക്കാം. അല്ലാതെ കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റ് കേന്ദ്രത്തി ലുണ്ടെന്ന് കരുതി അവിടെ പറഞ്ഞിരിക്കുന്ന എല്ലാ പ്രൊവിഷൻസിനും

കറസ്പോണ്ടിംഗായി സംസ്ഥാന സഹകരണ നിയമത്തിൽ ഭേദഗതികൾ വരുത്തി സർക്കാരിനും അല്ലെങ്കിൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിനും ഇന്നുള്ള അധികാരങ്ങൾ പൂർണ്ണമായി വിട്ടുകൊടു ക്കേണ്ടതില്ല. അത്യാവശ്യമായ ചില നിയന്ത്രണങ്ങൾ ഗവൺമെന്റിന്റെ കയ്യിലു ണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ ഉദാത്തമായ ഒരു നിയമത്തിന് അനുബന്ധമായി സംസ്ഥാന സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള വളരെ ഫലപ്രദമായ ഈ ബിൽ അവതരിപ്പിച്ച ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. പ്രതിപക്ഷം ഇതിൽ പൂർണ്ണമായി സഹകരിക്കേണ്ടതായിരുന്നു. ഈ ഭരണഘടനാ ഭേദഗതി ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുമെന്ന് രാഷ്ട്രീയമായി പ്രസംഗിച്ച ആൾക്കാരാണ് പ്രതിപക്ഷം. അവരുടെ രാഷ്ട്രീയ നേതൃത്വം അംഗീകരിച്ച കാര്യങ്ങളും പ്രൊവിഷൻസും മാത്രമേ ഈ നിയമത്തിലുള്ളു. യഥാർത്ഥത്തിൽ, ഡിബേറ്റ് ചെയ്ത് ഈ നിയമത്തെ കുറ്റമറ്റതാക്കി മാറ്റാൻ അവർ സഹകരിക്കണമായിരുന്നു. നിസ്സാരമായ കാര്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് ഇങ്ങനെ മാറി നിൽക്കരുതരായിരുന്നു. സഹകരണബാങ്ക് തെരഞ്ഞെ ടുപ്പുകളിൽ വലിയ വിജയമാണ് യു.ഡി.എഫ്-ന് ഉണ്ടായിരിക്കുന്നത്. കൃത്രിമ മായി സൃഷ്ടിച്ചെടുക്കാൻ കഴിയുന്ന ഒരു വിജയമല്ല, വളരെ ആധികരികമായ വിജയമാണ്. എൽ.ഡി.എഫ് പലരുടെയും അംഗത്വം എടുത്തുകളഞ്ഞു. അധികാരം ഉപയോഗിച്ചുകൊണ്ട്, ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് അംഗങ്ങ ളുടെ ജനാധിപത്യപരമായ അവകാശങ്ങൾ എടുത്തു കളയുകയും അംഗ ങ്ങൾക്ക് വോട്ട് ചെയ്യാൻ അവകാശം നൽകാതെ അവരെ പുറത്തുനിർത്തി ഇഷ്ടക്കാരായ കുറച്ചാളുകൾ മാത്രം വോട്ട് ചെയ്ത് ജയിച്ചുവന്നിരുന്ന

അവസ്ഥ മാറി. എല്ലാ അംഗങ്ങൾക്കും വോട്ട് ചെയ്യുവാനുള്ള അവകാശം കൊടുത്തപ്പോൾ യു.ഡി.എഫ്. ജയിച്ചുവന്നു. യു.ഡി.എഫ്.-ന്റെ വിജയം ജനാധിപത്യത്തിന്റെ വിജയം കൂടിയാണ്. ആ വിജയത്തിൽ വിറളി പൂണ്ട്, അതിന് രാഷ്ട്രീയമായ കാരണങ്ങൾ ഒന്നും നിരത്താൻ കഴിയാതെ, ഗവൺമെന്റിനെതിരായും സഹകരണ മന്ത്രിക്കെതിരായും വളരെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുകയാണുണ്ടായത്. അനാവശ്യമായ ഒരു ഇടപെടലും സഹകരണ ബാങ്ക് തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് സഹകരണ വക്കുപ്പുമന്ത്രി നടത്തിയിട്ടില്ല. തെരഞ്ഞെടുപ്പുകൾ ജനാധിപത്യപരമായി നടക്കണമെന്നുള്ള ഗവൺമെന്റിന്റെ നയം നടപ്പാക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. ആ കാര്യത്തിൽ ഞാൻ അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുന്നു. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ നിയന്ത്രിക്കുന്ന സഹകരണ നിയമത്തിന്റെ പ്രധാനപ്പെട്ട ഈ ഭേദഗതിയുടെ ചർച്ചയിൽ പങ്കെടുക്കാതെ പ്രതിപക്ഷം ഇറങ്ങിപ്പോയത് തീർച്ചയായും വളരെ ദൗർഭാഗ്യകരമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ഭേദഗതി മൂവ് ചെയ്യുന്നു.

മി. ചെയർമാൻ : ബഹുമാനപ്പെട്ട ശ്രീ. റ്റി. എ. അഹ്മദ് കബീർ, അങ്ങേയ്ക്ക് 4 (ബി) ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. നമ്മുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, 'the third important sector of our economy' എന്നാണ് കോ-ഓപ്പറേറ്റീവ് മൂവ്മെന്റിനെ വിലയിരുത്തിയത്. ആ ദിശയിലുള്ള വളരെ ശക്തിസാന്ദ്രമായ ഒരു ഭരണഘടനാ ഭേദഗതിയാണ് 97-ാമത്തേത്. ആ ഭേദഗതിയുടെ പശ്ചാത്തലത്തിൽ സഹകരണ പ്രസ്ഥാനത്തിന് ദേശീയമായ, ഭരണഘടനാപരമായ ഒരു അംഗീകാരം ലഭ്യമാകുമ്പോൾ, അതിനനുസൃതമായി നമ്മുടെ സംസ്ഥാനത്ത് നിയമത്തിൽ മാറ്റംവരുത്തുമ്പോൾ ആലോചിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഒന്ന്, ഇത്രയധികം ഭേദഗതികൾ വരുവാൻ തക്കവണ്ണം കേരളത്തിലെ സഹകരണ പ്രസ്ഥാനം ദുർബലമല്ല, വളരെ ശക്തമാണ്. നമ്മൾ കൈവയ്ക്കാത്ത ഒരു മേഖലയുമില്ല. നമ്മുടെ ഉദ്യോഗസ്ഥർ വളരെ സമർത്ഥമായി പ്രവർത്തിക്കുന്നു. ഈ മേഖലയിൽ, നമ്മുടെ സഹകാരികളെപ്പോലെ ഇത്രമാത്രം കമ്മിറ്റ്മെന്റുള്ള, സമർപ്പണ മനോഭാവമുള്ള ആളുകൾ മറ്റ് എവിടെയാണ് ഉണ്ടാവുക എന്ന് പരിശോധിക്കേണ്ടതാണ്. ഇൻഡ്യയിൽ മഹാരാഷ്ട്രയും ഗുജറാത്തും പോലുള്ള ഏതാനും മൂന്നോ നാലോ സംസ്ഥാനങ്ങളിൽ മാത്രമാണ് ഇത് ഫലപ്രദമായി പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഈ ഭരണഘടനാ ഭേദഗതി എന്നുപറയുന്നത്, നമ്മുടെ രാജ്യം സമ്പദ്ഘടനയിൽ സ്വീകരിച്ച മാറ്റങ്ങൾക്കനുസൃതമായി, നമ്മുടെ സമ്പത്തിന്റെ വിതരണം ജനങ്ങൾക്ക് എത്തിക്കേണ്ട ഒരു ദേശീയ പരിപാടിയുടെ ഭാഗമായി വന്നതാണ്. അതുകൊണ്ട് വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളെപ്പോലെ ചിന്തിക്കേണ്ട ഒരു സംസ്ഥാനമല്ല നമ്മുടേതെന്നും, നേരത്തെ പറവൂരിന്റെ പ്രിയപ്പെട്ട അംഗം സൂചിപ്പിച്ചതു

പോലെ അത്യാവശ്യമുള്ള മാറ്റങ്ങൾ മാത്രമേ നിലവിലുള്ള നിയമത്തിൽ വരാൻ പാടുള്ളൂവെന്നും ഞാൻ ആദ്യമായി അഭ്യർത്ഥിക്കുകയാണ്.

രണ്ടാമത്തെ കാര്യം, ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭരണപക്ഷമാണെ ങ്കിലും പ്രതിപക്ഷമാണെങ്കിലും സഹകരണ പ്രസ്ഥാനം നമ്മുടെ ജീവിത ത്തിന്റെ ഭാഗമാണ്. സത്യത്തിൽ ഇത്തരമൊരു പ്രധാനപ്പെട്ട ചർച്ചയിൽ പ്രതിപക്ഷമില്ല എന്നുപറയുന്നത് വളരെയധികം നിർഭാഗ്യകരമാണ്. അതിനാ രാണ് ഉത്തരവാദിയെങ്കിലും അത് ശരിയായില്ല എന്നുമാത്രം പറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഇവിടെയുള്ള നിയമത്തിൽ നേരത്തെ പറവൂർ അംഗം ശ്രീ. വി.ഡി. സതീശൻ സൂചിപ്പിച്ചതാണ് ക്ലോസ് 16 (എ) (ബി)–യിൽ അംഗങ്ങളുടെ യോഗ്യത പറയുന്നിടത്ത്, ഭരണ സമിതിയിൽ എന്തുമാകാം പക്ഷെ അംഗങ്ങളായി എല്ലാവർക്കും വരാൻ കഴിയുന്ന രീതി യിൽത്തന്നെ ആ വ്യവസ്ഥയിൽ മാറ്റം വരുത്തണം. അതുപോലെ ക്ലോസ് 28 –ലെ സബ് സെക്ഷൻ (1) –ൽ 'വാർഡുതലം' എന്നുള്ളതിന് വ്യക്തത വേണം. ആ സൊസൈറ്റി ഉണ്ടാക്കുന്ന വാർഡായിരിക്കും ഉദ്ദേശിച്ചത്. എന്തായാലും ശരി അതൊഴിവാക്കുകയോ വ്യക്തമായി പറയുകയോ വേണം. അതുപോലെ ക്ലോസ് 28 (ബി)–യിൽ ഇലക്ഷനുവേണ്ടി ഒരു പ്രത്യേക അതോ റിറ്റി ഉണ്ടാക്കുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് നല്ല കാര്യമാണ്. ഇവി ടെയുള്ള ഒരു സംവിധാനത്തിലുള്ള .പൂർണ്ണമായ സ്വാതന്ത്ര്യം സഹകരണ സംവിധാനത്തിനുമുണ്ടാകണം. പ്രാഥമിക സഹകരണ ബാങ്കുകളുടെ തെര ഞ്ഞെടുപ്പുകളെല്ലാം ഒറ്റ ദിവസം നടത്താൻ കഴിയുമോ എന്നതിന്റെ പ്രായോ

ഗികവശം നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ഈ സന്ദർഭത്തിൽ നമ്മൾ ആലോചിക്കേണ്ടതാണ്. ക്ലോസ് 31–ൽ സബ് സെക്ഷൻ (1)–ൽ നോമിനേഷൻ പറയുന്ന ഭാഗത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നോമിനേഷൻ വരുമെന്ന തോന്നലുണ്ടാകാതെ നോക്കണം. അതുപോലെതന്നെ അസിസ്റ്റഡ് എന്ന ആദ്യത്തെ ഡെഫനിഷൻ ക്ലോസിൽ വരുന്ന കാര്യങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾകൂടി ഉൾപ്പെടാമെന്നുള്ളതുകൊണ്ട് ഇത്തരം സംഘങ്ങൾ വരാതെ നോക്കണം. അതുപോലെ ക്ലോസ് 31 –ൽ സബ്സെക്ഷൻ (2) –ൽ 2(എ) അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് നോമിനികൾ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ വരാറുണ്ട്. ആ അധികാരം എടുത്തുകളയേണ്ടതില്ല എന്നാണ് എനിക്ക് തോന്നുന്നത്. നോമിനേറ്റഡ് അംഗങ്ങൾക്ക് പൂർണ്ണമായ അധികാരം നൽകുന്നതാണ് നല്ലത്. ക്ലോസ് 32–ൽ വരുത്തുന്ന ഭേദഗതികൾ നമ്മുടെ കാർഷിക പ്രാഥമിക ബാങ്കുകൾക്ക് തടസ്സമാകാതെ നോക്കണം. ആഡിറ്റിന്റെ കാര്യത്തിൽ എനിക്ക് പ്രത്യേകമായി ഒരു കാര്യം പറയാനുള്ളത് – കൺകറന്റ് ആഡിറ്റിംഗിലും അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റിംഗിലുമുള്ള വിപുലമായ സാധ്യതകൾ സഹകരണസ്ഥാപനത്തിന്റെ പ്രവർത്തനശൈലിയെ ഇല്ലാതാക്കുന്ന വിധത്തിലാകരുത്. പാനലുണ്ടാക്കുമ്പോൾ അക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണം. അതനുസരിച്ച് നിയമത്തിൽ മാറ്റം വരുത്തണം. അതുപോലെ ഇത് മൗലികാവകാശമാകുന്നു എന്നുപറയുമ്പോൾ കൂടുതൽ ബാങ്കുകൾ, സ്ഥാപനങ്ങൾ വരാൻ സാധ്യതയുണ്ട്. അവിടെ നിലവിലുള്ള സ്ഥാപനങ്ങൾക്ക് കോട്ടംവരാതെ, അതിൽ പ്രതിപക്ഷ–ഭരണപക്ഷ വ്യത്യാസമില്ല, നിലവിലുള്ള സ്ഥാപനങ്ങൾ ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങളുടെ വലിപ്പം മനസ്സിലാക്കി ഇത് മൗലികാവകാശമാകുന്നു എന്നതിന്റെ മറവിൽ ഡ്യൂപ്ലിക്കേഷൻ വന്ന് നമ്മുടെ സഹകരണ

സ്ഥാപനങ്ങളെ തകർച്ചയിലേയ്ക്ക് നയിക്കാൻ ഇടവരരുത്. ഇതിൽ ജീവന ക്കാരുടെ പ്രശ്നങ്ങളുണ്ട്. സഹകരണമേഖലയുടെ ഒരു പ്രത്യേകത, അവി ടത്തെ ജീവനക്കാരെല്ലാം സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവരാണ്. അതുകൊണ്ട് സഹകരണരംഗത്തെ ഭരണ സമിതിക്ക് എത്ര വലിയ സംഭാവന യാണോ ഈ രംഗത്ത് ചെയ്യാൻ കഴിയുന്നത് അതേ സേവനമാണ് അവിടെ യുള്ള ജീവനക്കാരും ചെയ്യുന്നത്. സർക്കാർതല ഉദ്യോഗസ്ഥർ മാത്രമല്ല, ഈ ഇൻഡിവിഡുവൽ ബാങ്കിലെ ജീവനക്കാർ, അതുകൊണ്ട് അവരുടെ സേവന വേതന വ്യവസ്ഥകളിൽ അപകടം വരാവുന്ന യാതൊന്നും ഉണ്ടാ കാതെ നോക്കേണ്ടതും നമ്മുടെ ബാധ്യതയാണ്. നേരത്തെ സൂചിപ്പിച്ചതു പോലെ ഭരണഘടനാ ഭേദഗതി വന്നതോടെ പുതിയ മേച്ചിൽപുറങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന ഒരു വലിയ ഉണർവ്വാണ് നമ്മുടെ രാജ്യത്ത് വരാൻ പോകുന്നത്. സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുക എന്നുപറയുമ്പോൾ സഹകരണരംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ ഉത്ത രവാദിത്തം വർദ്ധിക്കാൻ ഇതുകൊണ്ട് സാധിക്കുമോ? ധാരാളം അവസര ങ്ങളും വെല്ലുവിളികളുമുള്ള ഒരു രംഗം ഈ നിയമഭേദഗതിയിലൂടെ വരു മ്പോൾ നമ്മൾ ഉണ്ടാക്കുന്ന നിയമ നിർമ്മാണം ശ്രീ. വി.ഡി. സതീശൻ സൂചിപ്പിച്ചതുപോലെ വേണ്ടത്ര അവധാനതയോടുകൂടിയും സബ്ജക്ട് കമ്മി റ്റിയിലായാലും ഔദ്യോഗിക ഭേദഗതിയിലായാലും നിയമത്തിലെ അപാകത കൾ പരിഹരിച്ചുകൊണ്ടും വേണം ഇത് നടപ്പിലാക്കാൻ എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശനും ശ്രീ. റ്റി. എ. അഹ്മദ് കബീറും പറഞ്ഞ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു. സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് മുന്നോട്ട് പോകുന്നതാണ്.

മി. ചെയർമാൻ: ശ്രീ. വി. ഡി സതീശൻ അങ്ങയുടെ 2(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....................................

പ്രതികൂലിക്കുന്നവർ.....................................

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹ്മദ് കബീർ അങ്ങയുടെ 4(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എ. അഹ്മദ് കബീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. റ്റി. എ. അഹ്മദ് കബീർ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....................................

പ്രതികൂലിക്കുന്നവർ.....................................

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013–ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................................

പ്രതികൂലിക്കുന്നവർ.....................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (2) 2013– ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

മി. ചെയർമാൻ: ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിന് 2013–ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നതിനുള്ള ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2013–ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് 2013–ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2013–ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ: ശ്രീ. വി. ശശിയ്ക്ക് 2013 –ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ശശി ............Not in the Seat.

Shri C. Divakaran: I move that- “This House resolves to disapprove The Kerala Stamp (Amendment) Ordinance, 2013 (Ordinance No. 5 of 2013)”.

ഭേദഗതി ബില്ലിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്നുള്ളത് ഈ ബിൽ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വിട്ടുപോയിട്ടുണ്ട്. ഈ ബില്ലിനകത്ത് ഉദ്ദേശ്യകാരണങ്ങളും വിവരണങ്ങളും പറഞ്ഞിരുന്ന ഭാഗത്ത് പ്രസ്തുത വകുപ്പിന്റെ (4)–ാം ഉപവകുപ്പ്, (1)–ാം ഉപവകുപ്പനുസരിച്ച് ന്യായവില നിജപ്പെടുത്തിയതിൽ പരാതിയുള്ള ഏതൊരാൾക്കും (3)–ാം ഉപവകുപ്പിന്റെ കീഴിൽ അത് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസ

ത്തിനകം കളക്ടർക്ക് അപ്പീൽ ഫയൽ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇത് അപ്രായോഗ്യമായൊരു കാര്യമാണ്. കാരണം ആ പരാതി മുപ്പതുദിവസം കഴിഞ്ഞ് ഫയൽ ചെയ്തുകഴിഞ്ഞാൽ മുപ്പതുദിവസത്തിനകം ഈ കമ്പോളത്തിലുണ്ടാകുന്ന മറിമായങ്ങളെക്കുറിച്ചൊന്നും പറയാതിരിക്കാൻ നിവൃത്തിയില്ല. മുപ്പതു ദിവസം കഴിഞ്ഞ് വില കൂടുതലാണെന്ന് കാണിച്ച് പരാതി ബോധിപ്പിച്ച് വിധി പ്രഖ്യാപിച്ചുവരുമ്പോൾ, അയാൾ അങ്ങോട്ട് വില കൊടുക്കേണ്ടി വരും. അതുകൊണ്ട് മുപ്പതുദിവസമെന്നുള്ളത് മാറ്റി 48 മണിക്കൂറിനകം പരാതി ബോധിപ്പിക്കണം എന്നാക്കണം. കാരണം ഇന്ന് വില മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. കമ്പോളത്തിൽ മരുന്നുകളുടെ വില ഓരോ ദിവസവും ഓരോ മണിക്കൂറും മാറിക്കൊണ്ടിരിക്കുകയാണ്. പരാതി ക്കാരൻ 30 ദിവസം കാത്തിരുന്ന് ഒരു അപേക്ഷയുമായി അപ്പീൽ കൊടുക്കുക, പിന്നെ അതിന്റെ വിധി വരികയെന്ന് പറയുന്നത് അപ്രായോഗ്യ മായൊരു ഭേദഗതിയാണ്. അതുകൊണ്ട് ഇത് തള്ളിക്കളയേണ്ടതാണ്. അല്ലെങ്കിൽ ഇതിന്റെ സമയം ക്ലിപ്തപ്പെടുത്തേണ്ടതാണ്. അതല്ലെങ്കിൽ മുപ്പത് ദിവസമെന്നുള്ളത് ചുരുക്കേണ്ടതാണ്. അതുപോലെ മുദ്രപ്പത്രത്തിന്റെ ചില കാര്യങ്ങൾ ഈ ബില്ലിൽ പറയുന്നുണ്ട്. ഏറ്റവും വലിയ ഗുരുതരമായ അഴിമതി നടക്കുന്നത് മുദ്രപ്പത്രങ്ങളിലാണ്. വെണ്ടർമാർക്ക് ലൈസൻസ് കൊടുക്കുന്ന കാര്യത്തിൽ, അത് സൂക്ഷിക്കുന്ന കാര്യത്തിൽ, ധാരാളം കൃത്രിമ മുദ്രപ്പത്രങ്ങൾ അച്ചടിച്ച് വിതരണം ചെയ്ത് ഞെട്ടിപ്പിക്കുന്ന, സി.ബി ഐ. അന്വേഷിക്കുന്ന കേസുകൾവരെ നിലവിലുണ്ട്. ഈ അഴിമതികളെല്ലാം അവസാനിപ്പിക്കേണ്ടതാണ്. അതിന്റെ എല്ലാ പഴുതുകളും അടച്ചുകൊണ്ടുള്ള യാതൊരു നിർദ്ദേശവും ഈ ബില്ലിൽ കാണുന്നില്ല. ഏറ്റവും പ്രധാനപ്പെട്ടൊരു

കാര്യം, കൺസ്യൂമേഴ്സിന് ഇതിന്റെ ബെനിഫിറ്റ് കിട്ടണം. ഒരു നിയമം ഭേദഗതി ചെയ്യുമ്പോൾ നമ്മുടെ സമൂഹത്തിന് എന്തെങ്കിലുമൊരു പ്രയോജനം കിട്ടണം. ഇവിടെ മരുന്നിന്റെ വില വർദ്ധിപ്പിക്കുന്ന കാര്യമായാലും അത് നിയന്ത്രിക്കുന്നതായാലും അതിന്റെ അപ്പീലായാലും സാധാരണ ജനങ്ങൾക്ക് അതുകൊണ്ട് വലിയ ഗുണമില്ല.. അതുപോലെ ഇപ്പോൾ മുദ്രപ്പത്രങ്ങളിൽ സാധാരണ ആളുകളെ പറ്റിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വില കയറ്റുക-കുറയ്ക്കുക; കൃത്രിമമായ ക്ഷാമം സൃഷ്ടിക്കുക, ബ്ലാക്ക് മാർക്കറ്റിൽ വിൽക്കുക, വ്യാപകമായി-കൃത്രിമമായി പ്രിന്റ് ചെയ്യുക മുതലായ കാര്യങ്ങളെ സംബന്ധിച്ച് അഴിമതി നടത്തുന്ന, പഴുതുകൾ അടയ്ക്കാൻ ഈ ബില്ലിൽ കാര്യമായ ഒരു വകുപ്പും ഭേദഗതിയും കാണുന്നില്ല. മുദ്രപ്പത്രമെന്ന് പറയുന്നത് കേരളത്തിലെ ജനങ്ങളെ സാരമായി ബാധിക്കുന്ന പ്രശ്നമാണ്. മിക്കവാറും എല്ലാ ഗവൺമെന്റുകാര്യങ്ങൾക്കും ഇടപെടുന്നതിന് മുദ്രപ്പത്ര ങ്ങൾ ആവശ്യമാണ്. 10, 100,1000 എന്നീ മുദ്രപ്പത്രങ്ങൾ. ക്യാഷ് പോലെ യാണ്, റിസർവ്വ് ബാങ്കിന്റെ നോട്ട് അടിക്കുന്നതുപോലെയാണ്. മുദ്ര പ്പത്രങ്ങളില്ലാതെ ഇന്ന് ഒന്നും നടക്കാത്തൊരു അവസ്ഥയുണ്ട്. അതുകൊണ്ട് ജീവത്തായ ഈ വിഷയത്തിൽ അഴിമതി നടക്കുന്നുവെന്നുള്ളത് പരക്കെ ആളുകൾ ഇന്ന് പറയുന്നുണ്ട്. പല വാർത്തകളും രേഖകളും ഇതേക്കുറിച്ച് പുറത്തുവരുന്നുണ്ട്. അതുകൊണ്ട് അത് അവസാനിപ്പിക്കാനും മുദ്രപ്പത്ര ത്തിന്റെ വിതരണം, പ്രിന്റിംഗ്, വിലനിശ്ചയിക്കൽ, സൂക്ഷിക്കൽ, വെണ്ടർ മാരുടെ ലൈസൻസ് ഇത്തരം കാര്യങ്ങൾക്ക് സുതാര്യത ആവശ്യമാണ്. അതിന് സുതാര്യ വേണ്ടതരത്തിൽ ഇതിനകത്ത് ആവശ്യമായ ഭേദഗതി വരു ത്തേണ്ടതാണ്. ഇതിനകത്ത് 16-ാമത്തെ പാരാഗ്രാഫിൽ പറയുന്നത്, 2012-ലെ

കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസിനു (2012-ലെ 47) പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 143-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2012 ഡിസംബർ 10-.ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല. ആയതിനാൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനുവേണ്ടി 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് 2013 ജനുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013 ജനുവരി 10-ാം തീയതിയിലെ 99-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2013 -ലെ 5-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു. 17-ാമത്തെ പാരഗ്രാഫിൽ, 2013-ലെ 5-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ ബിൽ. ആ ആക്റ്റിൽ ഇത്തരം കാര്യങ്ങൾ വ്യക്തമാക്കേണ്ടതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഈ ബിൽ പോകുകയാണെങ്കിൽ അവിടെ ഇതിനെപ്പറ്റി വിശദമായ ചർച്ചകൾ നടത്തുന്നതായിരിക്കും. ഇതാണ് എനിക്ക് പറയാനുള്ളത്.

<u>മി. ചെയർമാൻ</u>: ശ്രീ. എം. ഹംസയ്ക്ക് പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. എം. ഹംസ</u>: സർ, 2013-ലെ കേരള മുദ്രപ്പത്ര ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.03.2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇതിൽ പ്രധാനപ്പെട്ട ഒരു ക്ലോസ് മാത്രമാണ് ഈ ബില്ലിൽ ഭേദഗതിയുള്ളത്. അതിൽ 30 ദിവസക്കാലമാണ് ഇതുസംബന്ധിച്ച അപ്പീലിനുണ്ടായിരുന്ന സമയം. അത് ഒരു കൊല്ലമാക്കി നീട്ടുന്ന ഒറ്റ ക്ലോസാണ് ഇതിനകത്തുള്ളത്. ഈ ഒറ്റ ക്ലോസ് സാധാരണ ഗതിയിൽ അന്തിമ തീരുമാനമെടുക്കുന്നതിനുവേണ്ടി കളക്ടർക്ക് ചുമതല നൽകുകയാണ്. കളക്ടർക്ക് ഏകപക്ഷീയമായി ചുമതലനൽകുമ്പോൾ ത്തന്നെ ഇതുസംബന്ധിച്ച സബ് റൂൾസ് ഉണ്ടാക്കുന്ന സന്ദർഭത്തിൽ ഇതിൽ പരാതിക്കാരന് പരാതി പറയാനും കേൾക്കാനാവശ്യമായിട്ടുള്ള സാഹചര്യം ഉറപ്പുവരുത്തിയെങ്കിൽ മാത്രമേ ഈ പരാതിക്ക് ഗുണമുണ്ടാകുകയുള്ളു. ഇന്ന് രജിസ്ട്രേഷൻ വകുപ്പെന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്. കേരളത്തിലെ സാമ്പത്തിക രംഗത്ത് വലിയ തോതിൽ വരുമാനമുണ്ടാക്കി ത്തരുന്നൊരു വകുപ്പ് എന്ന നിലയ്ക്ക് ആ വകുപ്പിനെ കാര്യക്ഷമമാക്കുന്നതി നാവശ്യമായ ഉള്ളടക്കത്തോടുകൂടി നയിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല എന്ന പരാതിയും വിമർശനവും ഇതിന്റെ ഭാഗമായി ഞാൻ ഉന്നയിക്കുകയാ ണ്. 2010-11-ൽ 2329 കോടി രൂപയാണ് നമുക്ക് രജിസ്ട്രേഷൻ ടാക്സ് ഇന ത്തിൽ കിട്ടിയത്. അന്ന് 12.53 ലക്ഷം ആധാരങ്ങൾ രജിസ്റ്റർ ചെയ്തു. 2011-12 -ൽ 2773 കോടി രൂപ രജിസ്ട്രേഷൻ വകുപ്പിൽനിന്നും നമുക്ക് വരുമാനം കിട്ടി. അന്ന് 13.10 ലക്ഷം രജിസ്ട്രേഷൻ കഴിഞ്ഞു. 2012 സെപ്റ്റംബർ വരെ മാത്രം 1860 കോടി രൂപ ഈ വകുപ്പ് വരുമാനമുണ്ടാക്കിത്തന്നു. 6,42,000

ആധാരങ്ങൾ സെപ്റ്റംബർ മാസത്തിനുള്ളിൽ നമുക്ക് രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിഞ്ഞു.. ഭൂമി രജിസ്ട്രേഷനും കൈമാറ്റം ചെയ്യലും എത്രമാത്രം പ്രധാനപ്പെട്ടതാണെന്നതിന്റെ തെളിവാണ് ഇത്. എന്നാൽ ഇതിനനുസരിച്ച് ഈ വകുപ്പ് കാര്യക്ഷമമാക്കിയിട്ടില്ല. ഈ വകുപ്പിന് പഴയ കാലത്തെ പാരമ്പര്യമുണ്ട്. ആ പാരമ്പര്യം നമ്മൾ കാത്തുസൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഈ വകുപ്പ് എന്നു പറയുന്നത് നമ്മുടെ കേരളസംസ്ഥാനത്തിന്റെ രൂപീകരണത്തിനുതൊട്ടുമുമ്പ് തന്നെ തിരുവിതാംകൂറും കൊച്ചിയും മദ്രാസ്സുമൊക്കെത്തന്നെ ഭാഗമായുള്ള പ്രദേശങ്ങൾ ഒരുമിച്ച് ചേർന്നുകൊണ്ട് ഒരു സംസ്ഥാനമെന്ന രൂപത്തിൽ രൂപീകരിക്കുന്നതിനുമുമ്പ് തന്നെ 1865 ജനുവരി ഒന്നാം തീയതി മലബാറിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് വർക്ക് ചെയ്തിട്ടുണ്ട്. മലയാള വർഷം 1050 –ൽ, ക്രിസ്തുവർഷം **1875**–ൽ തന്നെ കൊച്ചിയിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അന്ന് വില്ലേജ് നോട്ടറികളും ഊര് കണക്കൻമാരുമായിരുന്നു ആ ചുമതല നിർവഹിച്ചിരുന്നത്. – **സദാർ കോർട്ട്** എന്നു പറയുന്ന പ്രാദേശിക കോടതികളാണ് ഇവരെ നിയോഗിച്ചിരുന്നത്. നമ്മുടെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന് ഇത്രയും പാരമ്പര്യമുണ്ട്. ഒരുപക്ഷേ കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിനുമുമ്പുതന്നെ, ആളുകൾക്ക് അഴിമതി നടത്താൻ സാധിക്കാത്ത, ആൾമാറാട്ടം നടത്താതിരിക്കാനാവശ്യമായ, തമ്പ് ഇംപ്രഷൻ വളരെ കൃത്യമായി പ്രാകൃത കാലഘട്ടത്തിൽത്തന്നെ നമ്മൾ സ്വീകരിച്ചിരുന്നു. അതിന് പകരം വയ്ക്കാൻ വേറൊരു സംവിധാനമുണ്ടായിട്ടില്ല. ആദ്യകാലഘട്ടത്തിൽത്തന്നെ വളരെ ശാസ്ത്രീയമായ രീതി പിന്തുടർന്ന രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന് എന്തുകൊണ്ടാണ് 21–ാം നൂറ്റാണ്ടിൽ അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയാത്തത്? വരുമാനമില്ലാത്തതുകൊണ്ടാണ് നമ്മൾ

ടെക്നോളജി ഉപയോഗിക്കാത്തതെന്ന് പറയാൻ പാടില്ല. നമുക്ക് നല്ല വരുമാനമുണ്ട്, ചരിത്രത്തിൽ നല്ല പാരമ്പര്യവുമുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിനുമുമ്പുതന്നെ പുതിയ രീതിയിൽ സഞ്ചരിച്ച ഒരു വിഭാഗത്തിന്റെ ചരിത്രവുമുണ്ട്. ആ ചരിത്രത്തിനനുസരിച്ച് രജിസ്ട്രേഷൻ വകുപ്പ് മുന്നോട്ട് പോകാത്തതുകൊണ്ടാണ് ഇന്ന് രജിസ്ട്രേഷൻ വകുപ്പിൽ സിവിൽ സർവീസിന്റെ എല്ലാ ആലസ്യവും നിലനിൽക്കുന്നതെന്നുമാത്രമല്ല അഴിമതി കാണിക്കുകയെന്നത് ഞങ്ങളുടെ ജന്മാവകാശമാണെന്ന് പറയുന്ന ഒരു വിഭാഗമായിട്ട് രജിസ്ട്രേഷൻ വകുപ്പ് പ്രവർത്തിക്കുന്നത്. ഈ ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ ഈ ബില്ലിന്റെ ഓരോ ഘട്ടത്തിലും കൊണ്ടുവരേണ്ട ഒന്ന് ഇത് വെറുമൊരു clause മാത്രമായി മതിയായിരുന്നില്ല. രജിസ്ട്രേഷൻ വകുപ്പിൽ നടക്കുന്ന അഴിമതികളില്ലാതാക്കാനും സിവിൽ സർവീസിനെ കാര്യക്ഷമമാക്കാനും ആവശ്യമായ കാഴ്ചപ്പാടോടുകൂടി ഈ വകുപ്പിന്റെ നിയമനിർമ്മാണങ്ങളിലേയ്ക്ക് പോകേണ്ടതായിരുന്നു. നിയമനിർമ്മാണം ഒരു clause ആണെങ്കിലും പത്ത് clause ആണെങ്കിലും ഒരേ പ്രക്രിയയാണ് നടക്കുന്നത്. മൂന്ന് വായനകൾ നടക്കണം, ധാരാളം നടപടിക്രമങ്ങളിലൂടെ പോകണം. അങ്ങനെ പോകുന്നതിന് കഴിയത്തക്കരീതിയിൽ ഈ നിയമനിർമ്മാണം കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതായിരുന്നു എന്നതാണ് ഇവിടെ പറയാനുള്ളത്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ന് സംസ്ഥാനത്ത് ഈ സെപ്റ്റംബർവരെ 1860 കോടി രൂപയുടെ വരുമാനമുണ്ടാക്കി, 642000 രജിസ്ട്രേഷനുകൾ ഇവിടെ നടത്തിയെന്ന് പറയുമ്പോൾ ഒരു കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുന്നു. കേരള സംസ്ഥാനത്ത് വ്യാജമുദ്രപ്പത്രം

നിർമ്മിച്ച് നടത്തിയ തട്ടിപ്പിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ഖജനാവി ലേയ്ക്ക് ഏതാനും വർഷത്തിനുള്ളിൽ 20000 കോടി രൂപയുടെ നഷ്ട മാണുണ്ടായതെന്ന കണക്കും ഇവിടെ ഒരു റിപ്പോർട്ടിൽ രേഖപ്പെടുത്തിയി ട്ടുണ്ട്. ഈ വരുമാനമല്ല യഥാർത്ഥത്തിൽ നമുക്കുണ്ടാകേണ്ടത്. എത്രയോ വലിയ വരുമാനമാണ് ഉണ്ടാകേണ്ടത്. 20000 കോടി രൂപയുടെ തട്ടിപ്പ് നടന്നു എന്നതാണ് ഇവിടെ ഒരു പത്രം സൂചിപ്പിക്കുന്നത്. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ വ്യാജ മുദ്രപ്പത്രത്തെക്കുറിച്ച് അന്വേഷണം നടത്തു ന്നുണ്ട്. അതുപോലെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രതിപക്ഷത്തിരിക്കുന്ന സമയത്ത് എപ്പോഴും ഉന്നയിച്ചിരുന്ന ഒരു വിഷയമാണ് അട്ടപ്പാടിയിലെ കാറ്റാടി യന്ത്രവുമായി ബന്ധപ്പെട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന വിഷയം. ആ വിഷയത്തിന്റെ ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ കളക്ടറും ചീഫ് സെക്രട്ടറി ഉൾപ്പെടെ യുള്ള ഐ.എ.എസ് ഓഫീസർമാരുടെ വിദഗ്ദ്ധ സമിതിയും റിപ്പോർട്ട് കൊടുത്തിരുന്നു. ആ വിദഗ്ദ്ധ സമിതി കൊടുത്ത റിപ്പോർട്ട് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ കണ്ണ് തുറപ്പിക്കണം. നാളെയെക്കുറിച്ച് ചിന്തിക്കുന്ന ഈ നിയമസഭ അതിനെക്കുറിച്ച് ആലോചിക്കണം. ചീഫ് സെക്രട്ടറി അധ്യക്ഷ നായ ആ സമിതി നൽകിയ കണക്ക് അറിയാമോ? പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ കോട്ടത്തറ വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ ആകെ ഭൂമി 190.48 ഏക്കറാണ്. അവിടെ ഒരു കൊല്ലത്തിനുള്ളിൽ ആധാരം രജിസ്റ്റർ ചെയ്യപ്പെട്ടത് 230.60 ഏക്കർ സ്ഥലമാണ്. അതായത് സ്വകാര്യ വക്തികളുടെ കൈയിലുള്ളതിനേക്കാൾ കൂടുതൽ ഭൂമി ഒരു കൊല്ലം കൊണ്ട് കൈമാറ്റം

ചെയ്യപ്പെട്ടു എന്നുപറയുമ്പോൾ ആ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ചിന്തിക്കേണ്ടതല്ലേ? സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ഭൂമിയെക്കാൾ കൂടുതൽ കൈമാറ്റം ചെയ്ത് രജിസ്ട്രേഷൻ നടത്തുന്നു. ഇത് എങ്ങനെ അവസാനിപ്പിക്കാം? ഭൂമി കാണിച്ചുകൊടുക്കാനില്ല, എന്നാൽ ആധാരമുണ്ട്. ഈ ആധാരം ബാങ്കുകളിൽ പണയം വച്ച് ലോണെടുക്കുകയും പലരും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നുണ്ട്. വ്യാജ ആധാര രജിസ്ട്രേഷനുകൾക്ക് ഇന്നും അവസരമുണ്ടാകത്തക്കരീതിയിൽ അട്ടപ്പാടിയിലെ ഒറ്റ വില്ലേജിൽ ഈ സംഭവമുണ്ടെന്ന് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടുള്ളപ്പോൾ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ ബാധ്യത വർദ്ധിക്കുന്നു. അങ്ങ് ചെറുപ്പക്കാരനാണ്, പുതിയ എം.എൽ.എയും മന്ത്രിയുമാണ്. ആ ഊർജ്ജസ്വലതയോടുകൂടി ഇതിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. നമ്മുടെ ഗ്രീൻ എം.എൽ.എ. മാരെല്ലാം നെല്ലിയാമ്പതിയിലേയ്ക്ക് പോയിരുന്നു. അവിടത്തെ ആധാരങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിൽ ഇല്ലാത്ത വില്ലേജിന്റെ പേരിൽ ആധാരം രജിസ്റ്റർ ചെയ്തത് നാം കണ്ടതല്ലേ? തൃക്കണ്ണാപുരം എന്ന ഒരു വില്ലേജ് എറണാകുളത്തില്ലെന്ന്  ശ്രീ. ഷാഫി പറമ്പിലിനും ശ്രീ. വി.റ്റി. ബൽറാമിനും അറിയാം. ഇല്ലാത്തൊരു വില്ലേജിൽ ..........

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, അങ്ങ് പറയുന്നതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ശ്രീ. കെ.പി. രാജേന്ദ്രൻ റവന്യൂ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പേരിൽ ഒരാധാരം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങ് ഈ കുറ്റങ്ങൾ പറയുന്ന കൂട്ടത്തിൽ ........

<u>ശ്രീ. എം. ഹംസ</u>: സർ, കഴിഞ്ഞ തവണ നിയമസഭയിൽ മണൽ പ്രശ്നം ചർച്ച ചെയ്ത സമയത്ത് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃ

ഷ്ണന് കോട്ടയം ജില്ലാ കളക്ടറുടെ പേരിലുള്ള കാറിൽ മണൽ എത്തിച്ചു കൊടുത്തു എന്ന് പറഞ്ഞിരുന്നു. വ്യാജൻമാർ എല്ലാ മേഖലയിലുമുണ്ട്. വ്യാജൻമാരുടെ വലിയ ചരിത്രമാണ് ഇന്ന് കേരളത്തിലുള്ളത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് മണൽ കൊണ്ടുവരാൻ കളക്ടറുടെ വണ്ടിയെന്തിനാണ്? ആഭ്യന്തര വകുപ്പുമന്ത്രിക്ക് മണൽ കൊണ്ടുവരാൻ കളക്ടറുടെ വണ്ടി ഉപയോഗിച്ചു എന്ന വ്യാജരേഖ ഉപയോഗിച്ച് മണൽ കടത്തിയത് നമ്മൾ കണ്ടതാണ്. ഈ കാലഘട്ടം വ്യാജൻമാരുടേതാണ്. വ്യാജൻമാരുടെ കൈയിൽ വിലങ്ങ് വയ്ക്കാനുള്ള കരുത്തും ശേഷിയും ഗവൺമെന്റിനുണ്ടാകണം എന്നാണ് ഞാൻ ഇതുമായി ബന്ധപ്പെട്ട് പറഞ്ഞത്. തൃക്കണ്ണാപുരം മാത്രമല്ല, മറ്റൊരു വിഷയംകൂടി അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. ഭൂപരിഷ്കരണ നിയമംവഴി ഭൂമിക്ക് പരിധിയുണ്ട്. ആ പരിധിക്കപ്പുറം രജിസ്ട്രേഷന് ചെന്നാൽ രജിസ്റ്റർ ചെയ്ത് കൊടുക്കാമോ? ഇവിടെ ഭൂപരിഷ്കരണ നിയമത്തിനെതിരായി, കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ ഞങ്ങളാരും എതിരല്ല. പക്ഷേ ഭൂപരിഷ്കരണ നിയമം പരിപാലിക്കപ്പെടണം. ഇവിടെ സർജൻ റിയാലിറ്റീസ് എന്ന കമ്പനി അട്ടപ്പാടിയിൽ ഒരു ദിവസം കൊണ്ട് 374.48 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്തു. ഭൂനിയമത്തിന്റെയും ഭൂപരിഷ്കരണ നിയമത്തിന്റെയും പരിധി നോക്കാതെ രജിസ്റ്റർ ചെയ്തുകൊടുത്തു. ഇങ്ങനെയാണോ രജിസ്ട്രേഷൻ വകുപ്പ് പ്രവർത്തിക്കേണ്ടത്? ഭൂപരിധിയുടെ എല്ലാ ലംഘനങ്ങളും നടത്തുന്ന രൂപത്തിൽ ഇങ്ങനെ രജിസ്ട്രേഷൻ വകുപ്പ് പ്രവർത്തിക്കാൻ പാടില്ല. അതിനനുസരിച്ചുള്ള രീതിയിലുള്ള മാറ്റങ്ങൾ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ വേണം. നമുക്ക് ടെക്നോളജിയുണ്ട്. ആ ടെക്നോളജി ഉപയോഗിച്ച് ഇങ്ങനെ

ഭൂമാഫിയകളുടെ സുവർണ്ണ കാലഘട്ടമായി കേരളത്തെ മാറ്റാൻ കഴിയുന്ന രീതിയിലേയ്ക്കല്ല പോകേണ്ടത്. ഭൂമാഫിയകളിൽനിന്ന് കേരളത്തെ രക്ഷിക്കു ന്നതിനുവേണ്ടിയുള്ള നീക്കമാണ് നടക്കേണ്ടത്. ഇന്ന് ഗ്രാമപ്രദേശങ്ങളിൽ സെന്റിനെ അടിസ്ഥാനപ്പെടുത്തിയും പട്ടണങ്ങളിൽ സ്ക്വയർഫീറ്റ് അടിസ്ഥാ നത്തിലുമാണ് ഭൂമി വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത്. കേരളം വളരെ വൈകാതെ ഗ്രാമങ്ങളിലുൾപ്പെടെ സ്ക്വയർഫീറ്റിനെക്കാൾ ചുരുങ്ങിയ യൂണിറ്റ് ഏതാണെന്ന് നോക്കി ഭൂമി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന അവസ്ഥയിലേയ്ക്ക് ഭൂമിയുടെ ഡിമാന്റ് കൂടാൻ പോവുകയാണ്. 1957-ൽ കേരളത്തിൽ കുടിയൊഴിപ്പിക്കൽ നിയമം കൊണ്ടുവരുന്നതിനുമുമ്പുള്ള കേരളത്തിന്റെ അവസ്ഥ, 90 ശതമാനം ഭൂമിയും ബ്രഹ്മസ്വത്തിന്റെയും ദേവസ്വത്തിന്റെയും കൈയിലായിരുന്നതുപോലെ ഇന്ന് കേരളത്തിലെ ഭൂമിയിലെ നല്ലൊരു ഭാഗവും ഭൂമാഫിയകളുടെയും റിയൽ എസ്റ്റേറ്റുകളു ടെയും കൈകളിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. റിയൽ എസ്റ്റേറ്റുകളു ടെയും ഭൂമാഫിയകളുടെയും കൈകളിലേയ്ക്ക് ഭൂമി വന്നാൽ........., ഇന്ന് ലോകത്ത് ആറോളം രാഷ്ട്രങ്ങളിലെ ബഹുരാഷ്ട്ര ഭീമൻ കോർപ്പറേ റ്റുകൾക്കും വിദേശപൗരൻമാർക്കും ഭൂമി വാങ്ങാനുള്ള അവകാശം കൊടുത്തുകൊണ്ടുള്ള നിയമം വന്നുകഴിഞ്ഞു. ഇൻഡ്യയിൽ വിദേശപൗര ന്മാർക്ക് ഭൂമി വാങ്ങാനുള്ള നിയമം ഇപ്പോൾ കൊണ്ടുവന്നിട്ടില്ല. കേരളത്തിലെ ഭൂമി വളരെ പെട്ടെന്ന് റിയൽ എസ്റ്റേറ്റ് മാഫിയകളുടെയും ഭൂമാഫിയകളു ടെയും കയ്യിൽ നിന്ന് ബഹുരാഷ്ട്ര ഭീമൻ കോർപ്പറേറ്റുകൾക്ക് വാങ്ങാനും നമ്മുടെ രാജ്യം അന്യാധീനപ്പെടാനും ഇടയാകുന്ന സ്ഥിതിയുണ്ട്. ബഹുമാന പ്പെട്ട സ്പീക്കർ സംഘടിപ്പിച്ച ‘നാളത്തെ കേരളം’ എന്ന വിഷയത്തെക്കുറി

ച്ചുള്ള സെമിനാർ നടക്കുമ്പോൾ, മൂന്നോ നാലോ സംസ്ഥാനങ്ങളിൽ നടന്നതുപോലെ ഇവിടെ ഭൂമി വാങ്ങാനും വിൽക്കാനും നമ്മുടെ സംസ്ഥാനത്തിലെ പൗരന്മാർക്ക് മാത്രമെ പാടുള്ളൂവെന്ന രൂപത്തിലുള്ള സംവിധാനങ്ങളിലേയ്ക്ക് വരെ ആലോചിച്ചില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾക്ക് ഭൂമി കിട്ടാത്ത സ്ഥിതി സംജാതമാകും. ഇതിനെല്ലാമെതിരായി ഇടപെടേണ്ടത് രജിസ്ട്രേഷൻ വകുപ്പാണ്. ഇ–സ്റ്റാമ്പിംഗിനെക്കുറിച്ച് ധാരാളം ചർച്ച നടത്തിയല്ലോ. എന്തുകൊണ്ടാണ് ഇ–സ്റ്റാമ്പിംഗ് മുന്നോട്ട് പോകാത്തത്; മുന്നോട്ട് പോയാൽ വ്യാജമുദ്രപ്പത്രം വരുമോ; ഇ–സ്റ്റാമ്പിംഗ് നടത്തിയാൽ കോടതികളിൽപ്പോലും ഹാജരാക്കുന്ന സ്റ്റാമ്പുകൾ വ്യാജന്മാരാകുമോ; ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനുപോലും വ്യാജമുദ്രപ്പത്രങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്ന് പ്രഖ്യാപിക്കേണ്ട സ്ഥിതിയിലേയ്ക്ക് വരുമോ? ആ രൂപത്തിലാണ് കേരളത്തിൽ ഈ മേഖല മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള സന്ദർഭത്തിലാണ് സത്യസന്ധമായ രീതിയിലേയ്ക്ക് രജിസ്ട്രേഷൻ വകുപ്പ് മാറേണ്ടത്. റോഡ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലേയ്ക്ക് പോകണമെങ്കിൽ ഏജന്റ് വേണം. കേരളത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ ആധാരമെഴുത്തുകാർ വേണം. അതുമാറ്റി കൃത്യമായി ജനങ്ങൾക്ക് നേരിട്ട് ഇടപെടാൻ കഴിയുന്ന രൂപത്തിലേയ്ക്ക് രജിസ്ട്രേഷൻ വകുപ്പ് മാറണം. ശ്രീ.എസ്. ശർമ്മയിൽ നിന്നാണ് അങ്ങയുടെ പിതാവ് ടി.എം. ജേക്കബ് ഈ വകുപ്പ് ഏറ്റുവാങ്ങിയത്. ടി.എം. ജേക്കബിൽ നിന്ന് ശ്രീ. ഷിബു ബേബി ജോൺ കുറച്ചുദിവസം ഈ വകുപ്പ് കൈകാര്യം ചെയ്തതിനുശേഷം അങ്ങ് ഈ വകുപ്പ് ഏറ്റെടുത്തു. അങ്ങ് ഈ വകുപ്പ് ഏറ്റെടുക്കുമ്പോൾ ശ്രീ. എസ്. ശർമ്മയുടെ കാലത്ത് നടപ്പാക്കിയ പൗരാവകാശ രേഖയുണ്ട്. ആ പൗരാവകാശ രേഖയിൽപ്പറയുന്ന സേവനങ്ങൾ കൃത്യമായി ഉറപ്പാക്കാൻ ഇന്ന് രജിസ്ട്രേഷൻ വകുപ്പിന് കഴിയു

ന്നുണ്ടോ? ആ പൗരാവകാശ രേഖപ്രകാരം സോഷ്യൽ ഓഡിറ്റ് നടത്തണ മെന്ന തീരുമാനമുണ്ടല്ലോ. ഞാൻ വരുന്നത് ഒറ്റപ്പാലത്തുനിന്നാണ്. പൗരാവ കാശ രേഖ പ്രഖ്യാപിക്കപ്പെട്ടതിനുശേഷം 4 തവണ അവിടെ സോഷ്യൽ ഓഡിറ്റ് നടത്തി. 20 മാസകാലത്തിനുള്ളിൽ എന്തുകൊണ്ടാണ് ഒറ്റ സോഷ്യൽ ഓഡിറ്റ് പോലും രജിസ്ട്രേഷൻ വകുപ്പ് നടത്താത്തത്? ഇടതുപക്ഷ ജനാധിപ ത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ട വളരെ ബൃഹത്തായ പൗരാവകാശരേഖ വേണ്ടന്നുവച്ചോ? എല്ലാ ഉദ്യോഗസ്ഥന്മാരും അഴിമതിക്കാ രാണെന്ന് ഞാൻ പറയുന്നില്ല. കാരണം എല്ലാ ഉദ്യോഗസ്ഥന്മാരും അഴിമതി ക്കാരാണെങ്കിൽ എങ്ങനെയാണ് തൃക്കാക്കര സബ് രജിസ്ട്രാർ ആഫീസിലെ ശ്രീമതി ജെ.ഡി. ശ്രീകല കേരള സർക്കാരിന് വരുത്തിയ **1,34,00,000** രൂപ യുടെ നഷ്ടം കണ്ടുപിടിക്കാനും ഇടപെടാനും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കെ.ആർ. വിവേകാനന്ദന് ധൈര്യമുണ്ടായത്. അങ്ങനെ ആധാരത്തിൽ നടത്തിയ വെട്ടിപ്പിനെക്കുറിച്ച് അന്വേഷണം നടത്താനും ഗവൺമെന്റിന് കിട്ടേണ്ട പണം വാങ്ങാനും വളരെ ശ്രദ്ധാപൂർവ്വം ഇടപെടാൻ കഴിയുന്ന ഉദ്യോഗസ്ഥന്മാർ കേരളത്തിലുണ്ട്. എല്ലാവരും അഴിമതിക്കാരാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അങ്ങയുടെ വകുപ്പ് സോഷ്യൽ ആഡിറ്റ് നടത്തിയില്ലെന്ന് മാത്രമല്ല തൃക്കാക്കര സബ് രജിസ്ട്രാർ ആഫീസിൽ മാത്രം ഒരു കോടിയി ലേറെ രൂപയുടെ നഷ്ടം വരുത്തിയ സംഭവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ അഴിമതിക്കെതിരായ നിലപാട് സ്വീകരിച്ചപ്പോൾ അദ്ദേഹത്തെ ഐ.ജി. മോഡണൈസേഷനിലേയ്ക്ക് വിട്ടതിനെക്കുറിച്ച് അങ്ങ് നിയമസഭ യിൽ വിശദീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങ് കേരളത്തിന്റെ ഖജനാവിന് പണം ഉണ്ടാക്കിക്കൊടുക്കേണ്ട വകുപ്പിന്റെ ചുമതയുള്ള

മന്ത്രിയും ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ തെറ്റ് ചെയ്താൽ അതിനെതിരായി നടപടി സ്വീകരിക്കേണ്ട ചുമതലയുള്ള മന്ത്രിയുമാണ്. അങ്ങ് ഒരുദ്യോഗസ്ഥ കാണിച്ച അനാസ്ഥയുടെയും അഴിമതിയുടെയും ഭാഗമായി നടപടി എടുക്കു ന്നതിനുപകരം വലിയ വെട്ടിപ്പ് പുറത്തുകൊണ്ടുവന്ന ഉദ്യോഗസ്ഥനെ ഐ.ജി. മോഡണൈസേഷനിലേയ്ക്ക് മാറ്റി ഒതുക്കിയത് എന്തുകൊണ്ടാണെന്ന് പറയാൻ ബാധ്യതയുണ്ട്. തീർച്ചയായും അത്തരം പ്രവണതകൾ കേരളത്തിൽ നടക്കാൻ പാടില്ല. അങ്ങയെപ്പോലുള്ള ചെറുപ്പക്കാരുടെ ഭാഗത്തുനിന്നും കേരളം അത് പ്രതീക്ഷിക്കുന്നില്ല. അങ്ങനെയുള്ള പോരായ്മകളെല്ലാം മാറ്റി വച്ചുകൊണ്ട് രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട ഈ നിയമം സമ്പൂർണ്ണ മാക്കാനും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് വളരെ ശക്തമായും വ്യക്തമായും മുന്നോട്ട് പോകാനും കഴിയത്തക്കരീതിയിലുള്ള സമ്പൂർണ്ണമായ നിയമ നിർമ്മാണത്തിനാണ് അങ്ങ് നേതൃത്വം കൊടുക്കേണ്ടത്. 20,000 കോടി രൂപ വ്യാജമുദ്രപ്പത്രത്തിൽ മാത്രം കേരളത്തിന് നഷ്ടമുണ്ടായെങ്കിൽ അത് നഷ്ട പ്പെടാത്ത രൂപത്തിലുള്ള സമഗ്രവും ശാസ്ത്രീയവുമായ രീതികൾ അവലം ബിച്ചുകൊണ്ട് രജിസ്ട്രേഷൻ വകുപ്പിനെ കൊണ്ടുപോകാൻ കഴിയത്തക്ക വിധത്തിലുള്ള സമഗ്രമായ നിയമമായിരുന്നു ഉണ്ടാകേണ്ടിയിരുന്നത്. കേവലം ഒരു ക്ലോസ് മാത്രം വച്ചുകൊണ്ടുള്ള നിയമഭേദഗതിയല്ല ഇന്ന് രജിസ്ട്രേഷൻ വകുപ്പിന് വേണ്ടത്. ഒരു ഗവൺമെന്റിന്റെ തുടർച്ചയാണിത്. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന പൗരാവകാശരേഖയിൽ എന്തെല്ലാമാണോ പറഞ്ഞത് അതെല്ലാം ഉറപ്പുവരുത്താൻ കഴിയുന്ന സമഗ്രമായ നിയമമാണ് നടപ്പിലാക്കേണ്ടത്. ഏതാണ്ട് 22-ഓളം നിയമങ്ങളാണ് രജിസ്ട്രേഷൻ വകുപ്പിന് ഇപ്പോൾ കൈകാര്യം ചെയ്യേണ്ടത്. ആ 22-ഓളം നിയമങ്ങളുടെ

അടിസ്ഥാനത്തിൽ നമ്മുടെ സേവനങ്ങൾ വളരെ വേഗതയിലാക്കാൻ കഴിയുന്ന, എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസുകൾ സ്ഥാപിക്കാൻ കഴിയുന്ന രീതിയിൽ, മാറ്റങ്ങൾക്കുതകുന്ന രീതിയിൽ രജിസ്ട്രേഷൻ വകുപ്പിനെ കാര്യക്ഷമമാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട്, ഈ ബിൽ വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന നിർദ്ദേശം വച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ : സർ, 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ശ്രീ. എം.ഹംസ സൂചിപ്പിച്ചതു പോലെ ഒരു ചെറിയ ക്ലോസിലുള്ള ഭേദഗതിയാണ്. അതുകൊണ്ട് ഇന്ന് രജി സ്ട്രേഷൻ ഡിപ്പാർട്ടുമെന്റും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന പല പ്രശ്ന ങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുമെന്ന പ്രതീക്ഷ എനിക്കുമില്ല. നമുക്കറിയാം ഇവിടെ ഫെയർ വാല്യു സംബന്ധിച്ച് പരാതി കൊടുക്കാനുള്ള സമയം 3 ആഴ്ച, 3 മാസം ഇപ്പോൾ ഒരുവർഷമായി വർദ്ധിപ്പിച്ചിരിക്കുന്നു. ഇത് പല തരത്തിൽ കണക്റ്റ് ചെയ്ത് കിടക്കുകയാണ്. രജിസ്ട്രേഷൻ വകുപ്പും റവന്യൂ വകുപ്പും തമ്മിലുള്ള കോ-ഓർഡിനേഷൻ അത്യാവശ്യമാ ണ്. ഫെയർ വാല്യു തീരുമാനിക്കുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റാണ്. അതിന് ചില മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങൾ എന്താണെന്ന് മനസ്സിലാക്കി ശാസ്ത്രീയമായ പഠനം നടത്തി നമുക്ക് കൂടുതൽ പ്രയോജനകരമായ തര ത്തിലുള്ള ഒരു ഫെയർവാല്യു നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ ഉണ്ടാ ക്കാൻ ശ്രമിക്കണം. അത് നടത്തേണ്ടത് റവന്യൂ വകുപ്പാണ്. ഇവിടെയല്ലാ

വരും പറഞ്ഞത് രജിസ്ട്രേഷൻ വകുപ്പിനെക്കുറിച്ചാണ്. ഏറ്റവും പൗരാണിക മായ വകുപ്പാണ് രജിസ്ട്രേഷൻ വകുപ്പ്. ആ രജിസ്ട്രേഷൻ വകുപ്പിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അനൂപ് ജേക്ക ബിന്റെ കുറ്റമാണെന്നോ അല്ലെങ്കിൽ മറ്റാരുടെയെങ്കിലും കുറ്റമാണെന്നോ പറ യുന്നില്ല. നമുക്ക് ഒട്ടും ശാസ്ത്രീയമായ പരിഷ്കാരങ്ങൾ നടപ്പാക്കാൻ കഴി യാതെവന്ന വകുപ്പാണ് രജിസ്ട്രേഷൻ വകുപ്പ്. അതിനേറ്റവും ഉദാഹരണം പഴകി ദ്രവിച്ചൊലിച്ച രജിസ്ട്രേഷൻ വകുപ്പ് ആഫീസുകൾ തന്നെയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ വ്യാജ മുദ്രപ്പത്രങ്ങളും അതുവഴി ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഏറെയാണ്. പല സമയത്തും സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഉണ്ടായി ട്ടുള്ള ബുദ്ധിമുട്ടുകളും വ്യാജ മുദ്രപ്പത്രങ്ങളിൽ ഉണ്ടായിട്ടുള്ള തട്ടിപ്പുമെല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ ഖജനാവിന് നഷ്ടമുണ്ടാക്കിയിരിക്കുന്നു, തട്ടിപ്പ് പെരുകുന്നു. കാലം വളരെയധികം പുരോഗമിച്ചു. ഇക്കാലത്ത് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് മുദ്രപ്പത്രങ്ങൾ തന്നെ വേണമെന്ന നിബ ന്ധന ബാധകമാണ്. ഈ സാഹചര്യത്തിൽ സർക്കാരിന് ലഭിക്കേണ്ട പണം ട്രഷറിയിൽ അടച്ച് ചെല്ലാൻ ഹാജരാക്കി കാര്യങ്ങൾ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നഭ്യർത്ഥിക്കുന്നു. ഈ പറയുന്ന രജിസ്ട്രേഷൻ വകു പ്പിലെ മുദ്രപ്പത്രത്തട്ടിപ്പ് അവസാനിപ്പിക്കുന്നതിനുവേണ്ടി ആധുനിക തലത്തി ലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയണം. ഇന്ന് കമ്പ്യൂട്ടർ യുഗ മാണ്. ഇതൊക്കെ വളരെ എളുപ്പം നടക്കുന്നതാണ്. ആ തരത്തിലേയ്ക്ക് രജി സ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം മാറ്റത്തക്ക രീതിയിലുള്ള ആലോചന ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. ഇവിടെ സ്ഥലമെടുപ്പിനെക്കുറിച്ചും അതുപോലെ ഭൂമാഫിയയെക്കുറിച്ചുമൊ ക്കെ പറഞ്ഞു. കേരളത്തിൽ ഏറ്റവും വിലപ്പെട്ട വസ്തു ഭൂമിയായി മാറിയിരി

ക്കുകയാണ്. ഭൂമിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലായാലും രജിസ്ട്രേഷൻ വകുപ്പിലായാലും വളരെയധികം അഴിമതിയും സമ്മർദ്ദങ്ങളും കുഴപ്പങ്ങളും നടക്കുന്നുണ്ട്. കേരളത്തിൽ ഉള്ള ഭൂമി നിലനിർത്തണം. ബഹുമാനപ്പെട്ട സ്പീക്കർ സംഘടിപ്പിച്ച 'നാളത്തെ കേരളം' എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാറിൽ പല നിർദ്ദേശങ്ങൾ വന്നു. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് വച്ച നിർദ്ദേശമുണ്ട്. ഏറ്റവും കൂടുതൽ ഭൂമാഫിയ കേരളത്തിലേയ്ക്ക് കന്നുവന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. അവർ വന്ന് ഭൂമി വാങ്ങുകയും മുദ്രപ്പത്രങ്ങൾ ഉൾപ്പെടെ എല്ലാകാര്യങ്ങളിലും കൃത്രിമം കാണിക്കുകയും ചെയ്യുന്നു. അന്യസംസ്ഥാനത്തുനിന്നുള്ള ഭൂമാഫിയ വന്ന് ഭൂമി വാങ്ങി തട്ടിപ്പ് നടത്തുന്നത് അവസാനിപ്പിക്കാനും നമ്മുടെ കേരളത്തിൽ അവശേഷിക്കുന്ന ഭൂമിയെങ്കിലും അവരുടെ കൈകളിലേയ്ക്ക് പോകാതിരിക്കാനും വളരെ കർശനമായ ചില നിയമനിർമ്മാണങ്ങൾ, ആലോചനകൾ നമ്മുടെ സമൂഹത്തിലും രാഷ്ട്രീയ നേതൃത്വത്തിലും ഭരണനേതൃത്വത്തിലും ഉണ്ടാകണമെന്നുള്ള അഭിപ്രായമാണെനിക്കുള്ളത്.

അന്ന് ശ്രീ. രമേശ് ചെന്നിത്തല ഒരു നിർദ്ദേശം വച്ചു, ഞാനതിവിടെ ആവർത്തിക്കുകയാണ്. മറ്റൊന്നുമല്ല, ഇന്ന് കാഷ്മീർ, ഹിമാചൽ പ്രദേശ്, ഗോവ പോലുള്ള ടൂറിസ്റ്റ് മേഖലകളിലെല്ലാം നിലവിലുള്ള നിയമമനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്ക് ഭൂമി വാങ്ങിക്കൂട്ടുന്നതിന് നിയന്ത്രണങ്ങളുണ്ട്. അതിന് ചില നടപടിക്രമങ്ങളുണ്ട്. കേരളത്തിലും അതിനെക്കുറിച്ച് ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടെ വന്ന് ഭൂമി വാങ്ങി ഈ രംഗത്ത് തട്ടിപ്പ് നടത്തുന്ന ഭൂമാഫിയയെ നിയന്ത്രിക്കുന്നതിനുവേണ്ടി ശക്തമായ നിയമനിർമ്മാണം നമുക്ക്

നടപ്പാക്കേണ്ടിയിരിക്കുന്നു. അത് വികസനത്തിന് എതിരാണ്. അങ്ങനെവരുമ്പോൾ ഇൻവെസ്റ്റ്മെന്റ് വരുമോ എന്ന് സ്വാഭാവികമായും ചോദിക്കും. ഇൻവെസ്റ്റ്മെന്റ് വരത്തക്കരീതിയിലുള്ള എത്രയോ സാഹചര്യങ്ങൾ നമുക്ക് ആലോചിച്ച് ഉണ്ടാക്കാം. ഇവിടെ ഭൂമാഫിയ വാങ്ങുന്ന ഭൂമിയിൽ പലതും ഇൻവെസ്റ്റ്മെന്റിന് വേണ്ടിയുള്ളതല്ല. അത് റിയൽ എസ്റ്റേറ്റ് താൽപ്പര്യത്തിന് വേണ്ടിയിട്ടാണ്. ഇപ്പോൾ ഒരു പുതിയ റോഡ് വരുമെന്ന് പറയുന്നു. ആ റോഡിന് പരിസരത്തുള്ള പല പ്രദേശത്തും ഭൂമാഫിയ വന്ന് സ്ഥലം വാങ്ങുകയാണ് ചെയ്യുന്നത്. അവിടെ റോഡ് വന്നാൽ അന്ന് വാങ്ങിയതിന്റെ പത്തിരട്ടിയും പതിനഞ്ചിരട്ടിയും കൂടുതൽ വിലകിട്ടും എന്ന കച്ചവട ലാക്കിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം വാങ്ങുന്നത്. അല്ലാതെ ഇൻവെസ്റ്റ്മെന്റിന്റെയല്ല. ഏതെങ്കിലും ഒരു പുതിയ കമ്പനി വരുന്നതിനോ ഏതെങ്കിലുമൊരു വികസനത്തിന്റെ അടിസ്ഥാനത്തിലോ ആർക്കെങ്കിലും തൊഴിൽ കൊടുക്കുന്നതിനു വേണ്ടിയുള്ള ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിനോ വേണ്ടിയിട്ടല്ല, വെറും കച്ചവട ലാക്കുമായി വരുന്ന ഭൂമാഫിയ സംഘത്തെ നിയന്ത്രിക്കേണ്ട ഉത്തരവാദിത്വം സ്വാഭാവികമായും ഗവൺമെന്റിനുണ്ട്. അത് ചെയ്യണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് ഇവിടെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലുമൊരു ചെറിയ ഭേദഗതിയിലൂടെ നമ്മുടെ രജിസ്ട്രേഷൻ വകുപ്പിൽ ഇന്ന് നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനും റിയൽ എസ്റ്റേറ്റ് മാഫിയ നടത്തുന്ന കടന്നാക്രമണങ്ങൾ തടയുന്നതിനും സാധിക്കുമെന്ന പ്രതീക്ഷ നമുക്കില്ല. അതുപോലെ ഫെയർ വാല്യു നിശ്ചയിക്കുന്ന കാര്യത്തിൽ പലയിടത്തും പല പരാതികളും ആക്ഷേപങ്ങളുമുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ അത് ശാസ്ത്രീയമാണ് എന്നൊരു തോന്നൽ എനിക്കില്ല. അതുകൊണ്ട് ശാസ്ത്രീയമായി ഇതിനൊരു

കോർഡിനേഷൻ വേണം. ഇവിടെ കുറച്ച് റവന്യൂ ഉദ്യോഗസ്ഥർ ആർ.ഡി.ഒ തലത്തിലാണ് ഇതിനെക്കുറിച്ച് തീരുമാനമെടുക്കുന്നത്. ഇപ്പോൾ ഈ നിയമത്തിൽ വന്നിരിക്കുന്ന അവസ്ഥയനുസരിച്ച് ഫെയർ വാല്യൂ നിശ്ചയിക്കുന്നതിൽ പരാതിയുണ്ടെങ്കിൽ ഒരു വർഷത്തിനുള്ളിൽ അപ്പീൽ കൊടുത്തില്ലെങ്കിലും വീണ്ടും കളക്ടർക്ക് അപ്പീൽ നൽകുന്നതിനുവേണ്ടിയുള്ള വകുപ്പ് സ്വാഗതാർഹമാണ്. അത്തരം വകുപ്പ് വളരെ നല്ലതാണ് സൂചിപ്പിക്കുന്നത്. എന്നാൽപ്പോലും ഫെയർ വാല്യൂ നിശ്ചയിക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികളെന്താണ്? അതിനെക്കുറിച്ചുള്ള കൂടുതൽ ചർച്ചകൾ നമ്മുടെ പൊതു സമൂഹത്തിലുണ്ടാവണം. അതുപോലെതന്നെ നിയമസഭയ്ക്ക് അകത്ത് ചർച്ച നടക്കണം, അഭിപ്രായങ്ങളുണ്ടാവണം, അതനുസരിച്ച് ഇക്കാര്യങ്ങൾ കുറച്ചുകൂടി ക്രമപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. കാരണം ഒരു ചെറിയ ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്ന് എനിക്കറിയാം. ഞാനും എന്റെ അഭിപ്രായം പറയുന്നു. നമ്മുടെ ഭൂമിയുമായി ബന്ധപ്പെട്ട് നടക്കുന്ന ക്രമക്കേടുകളും അതുപോലെതന്നെ തട്ടിപ്പും നിറുത്തലാക്കി രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനെ കാരൃക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഉണ്ടാകേണ്ടത്. ഇന്ന് ഏറ്റവും ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഭൂമാഫിയയെ നിയന്ത്രിക്കത്തക്ക തരത്തിൽ പഴുതുകൾ അടച്ചുകൊണ്ടുള്ള നിയമനിർമ്മാണത്തെക്കുറിച്ച് കേരള നിയമസഭ ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. അതല്ലെങ്കിൽ കേരളത്തിൽ വരും കാലങ്ങളിൽ ഭൂമിയെന്നുപറയുന്നത് വലിയ വില കൊടുത്താൽപ്പോലും കിട്ടാത്ത ഒന്നായി മാറും. അതുമാത്രമല്ല നമ്മുടെ പാർപ്പിട പ്രശ്നവും ഇതുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഇന്ന് എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവയേക്കാൾ വിസ്തൃതി കുറഞ്ഞ സിംഗ

പ്പൂരിൽ, കോഴിക്കോട്ടും എറണാകുളത്തും താമസിക്കുന്നതിനേക്കാൾ കൂടുതൽ ജനങ്ങൾ താമസിക്കുന്നു. അവിടെ ഫ്ളാറ്റ് സിസ്റ്റത്തിലാണ് അവർ താമസിക്കുന്നത്. സിംഗപ്പൂർ ഭൂമിയിൽ വീടുള്ള രണ്ടുപേരെയുള്ളൂ. സിംഗപ്പൂർ പ്രസിഡന്റും, പ്രധാനമന്ത്രിയും. ബാക്കിയുള്ളവരൊക്കെ ഫ്ളാറ്റിലാണ് താമസിക്കുന്നത്. കേരളത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് എല്ലായിടത്തും ഫ്ളാറ്റ് നിർമ്മിക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, നമ്മുടെ സംസ്ഥാനത്ത് ഭൂമിയിലുണ്ടാകുന്ന സമ്മർദ്ദങ്ങൾ മനസ്സിലാക്കി, അതുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്ത് നടമാടിക്കൊണ്ടിരിക്കുന്ന മാഫിയ സംഘത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഭൂമിയെ നശിപ്പിക്കുന്നതിനുവേണ്ടി നടന്നിരിക്കുന്ന ഈ ഒരു കടന്നാക്രമണങ്ങൾ തടയുന്നതിനും നശിച്ചുകൊണ്ടിരിക്കുന്ന ഭൂമിയെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള ഭാവനാസമ്പന്നമായ നടപടികൾ സ്വീകരിക്കണമെങ്കിൽ കേരളത്തിലെ വ്യത്യസ്തമായ വകുപ്പുകൾ, റവന്യൂ വകുപ്പ്, ഹൗസിംഗ് ബോർഡ്, ട്രഷറി അതുപോലെതന്നെ നമ്മുടെ രജിസ്ട്രേഷൻ വകുപ്പ് തുടങ്ങിയ എല്ലാ വകുപ്പുകളേയും കേന്ദ്രീകരിച്ചുകൊണ്ട്, എല്ലാ വകുപ്പിനേയും ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ചുകൊണ്ട് പുതിയ നിർദ്ദേശങ്ങൾ കൊണ്ടുവന്ന് ഒരു നിയമനിർമ്മാണം നടത്തണം. അതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽ കൂടി എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഈ ബില്ലിനെക്കുറിച്ചുള്ള ഒന്ന് രണ്ട് വിവരണങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഒന്ന്,

1959–ലെ കേരള മുദ്രപ്പത്ര നിയമത്തിലെ 28 (എ) വകുപ്പ് 1–ാം ഉപവകുപ്പ് അനുസരിച്ച് ഭൂമിയെ സംബന്ധിച്ചുള്ള കരണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചുമത്തേണ്ട മുദ്രവില നിർണ്ണയിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർ തന്റെ അധികാര പരിധിയിൽ വരുന്ന ഭൂമിക്ക് സർക്കാർ ഇത് സംബന്ധിച്ചുണ്ടാക്കിയ ചട്ടങ്ങൾക്ക് വിധേയമായി ന്യായവില നിജപ്പെടുത്തേണ്ടതാണ്. 2010 ഏപ്രിൽ 1–ാം തീയതിയാണ് ന്യായവില നിജപ്പെടുത്തിയത്. അന്നു മുതൽ ഇതിനെക്കുറിച്ചുള്ള പരാതികളുടെ പ്രവാഹമാണ്. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത് പൊതുജനങ്ങൾക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട് എന്നുള്ളത് പരമമായ യാഥാർത്ഥ്യമാണ്. കാരണം ഫെയർ വാല്യൂ നിർണ്ണയത്തിൽ അന്ന് ഒരുപാട് അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. 2010 ഏപ്രിൽ 1 നാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ വസ്തുവിന്റെ വിലക്കുറവ് കാണിച്ച് മുദ്രവില വെട്ടിക്കുന്നത് തടയാൻവേണ്ടിയാണ് ഫെയർ വാല്യൂ നിർണ്ണയിക്കാനുള്ള തീരുമാനം അന്ന് ഗവൺമെന്റ് എടുത്തത്. അതിന് അനുസൃതമായി സംസ്ഥാനത്ത് 21 റവന്യൂ ഡിവിഷനുകളിലേയും ഭൂമിയുടെ ന്യായവില ബന്ധപ്പെട്ട ആർ.ഡി.ഒ.മാർ നിശ്ചയിച്ച് 2010 മാർച്ച് മാസം 6–ാം തീയതി 515–ാം നമ്പർ കേരള അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്യുകയും ഇതനുസരിച്ച് 2010 ഏപ്രിൽ ഒന്നാം തീയതി മുതൽ ഭൂമികൈമാറ്റം സംബന്ധിച്ച രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്ന എല്ലാ ആധാരങ്ങളിലും ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള ന്യായവില പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്. കേരള മുദ്രപ്പത്ര നിയമം 28 (എ) വകുപ്പ് 3–ാം ഉപവകുപ്പ് അനുസരിച്ച് ആർ.ഡി.ഒ.മാർ നിശ്ചയിക്കുന്ന ന്യായവില പ്രസ്തുത നിയമത്തിൻ കീഴിൽ

ഉണ്ടാക്കിയിട്ടുള്ള 1995-ലെ കേരള മുദ്രപ്പത്ര ചട്ടങ്ങൾ പ്രകാരമാണ് പ്രസിദ്ധപ്പെടുത്തുന്നത്. എന്നാൽ പ്രസ്തുത നിയമത്തിന്റെ 28 (എ) വകുപ്പിന്റെ 4-ാം ഉപവകുപ്പ് അനുസരിച്ച് ന്യായവില നിജപ്പെടുത്തിയതിൽ പരാതിയുള്ള യാതൊരാൾക്കും പ്രസ്തുത നിയമം 28 (എ) വകുപ്പിന്റെ 3-ാം ഉപവകുപ്പിൻ കീഴിൽ അത് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഭൂമിയുടെ ന്യായവില നിർണ്ണയം വളരെ നീണ്ട ഒരു പ്രോസസ് ആയിരുന്നു. ഒരുപാട് സങ്കീർണ്ണതകൾ അതിൽ കടന്നുകൂടിയിട്ടുണ്ട്. 2010-ൽ വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയിൽ അപാകതകൾ കടന്നുകൂടിയിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. മിക്ക ജില്ലകളിലും പല സർവ്വേ നമ്പറുകളിലും ഡിവിഷൻ സബ്ഡിവിഷൻ നമ്പറുകളിലും ന്യായവില ശരിയായി നിർണ്ണയിക്കപ്പെടാത്തതായും ശരിയായി ക്ലാസിഫൈ ചെയ്യാത്തതായും പരാതികളും കേസ്സുകളുമുണ്ട്. അതിപ്പോഴും നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അന്തിമമായി നിജപ്പെടുത്തിയ ന്യായവിലയിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ബന്ധപ്പെട്ടവർക്ക് ഇത് സംബന്ധിച്ച പരാതി 28 (എ) വകുപ്പ് 4-ാം ഉപവകുപ്പ് അനുസരിച്ച് നിശ്ചിത ഫോറത്തിൽ 30 ദിവസത്തിനകം ജില്ലാ കളക്ടർക്ക് നൽകാം എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഈ കാലപരിധി തികയാത്ത ഒരു സാഹചര്യത്തിൽ, ഈ കാലപരിധി ന്യായമായ ഒരു സമയപരിധിയല്ല എന്ന് മനസ്സിലാക്കിക്കൊണ്ടാണ് 27.05.2010-ന് 28 (എ) 4-ാം ഉപവകുപ്പിൽ 30 ദിവസമെന്ന അപ്പീൽ കാലാവധി 90 ദിവസമെന്ന് ഭേദഗതിചെയ്തത്. തുടർന്ന് 2010-ലെ ഓർഡിനൻസ് നമ്പർ 54 പ്രകാരം 90 ദിവ

സമെന്ന കാലപരിധി ഒരുവർഷമായി നീട്ടികൊടുത്തു. മാത്രമല്ല മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോധ്യമുണ്ടെങ്കിൽ ഒരു വർഷത്തിനുള്ളിൽ ഈ പറയുന്ന വ്യക്തിക്ക് അപ്പീൽ നൽക്കാൻ സാധിച്ചില്ല, അതിനൊരു വ്യക്ത മായ മതിയായ കാരണമുണ്ടെന്ന് ഈ അതോറിറ്റിക്ക് ബോധ്യം വന്നാൽ ഒരു വർഷത്തിനുശേഷവും അപ്പീലുകൾ എന്റർടെയ്ൻ ചെയ്യാം. ഇത് സംബ ന്ധിച്ച് പിന്നീട് 9 തവണ ഇത് ഓർഡിനൻസായി വരികയുണ്ടായി. അതിനുപ കരമുള്ളതാണ് 2013-ലെ കേരള മുദ്രപ്പത്ര ബിൽ നമ്പർ 182. ഈ ബില്ലിന കത്തെ ഏറ്റവും പ്രധാനപ്പെട്ട ഇഷ്യൂ ഇതുതന്നെയാണ്. നമുക്ക് ഇതിനുള്ള ഒരു ടൈംലിമിറ്റ് ഒരുവർഷമെന്നാക്കി വർദ്ധിപ്പിക്കുന്നു. അതിനുശേഷം എന്ത് ഇഷ്യൂസ് വന്നാലും ഒരു ന്യായമായ ഇഷ്യൂവാണ്, അപ്പീൽ കൊടുക്കാതിരി ക്കാൻ ന്യായമായ കാരണമുണ്ടെന്ന് മനസ്സിലാക്കിയാൽ ഒരുവർഷത്തിനുശേ ഷവും അത് കേൾക്കുവാനുള്ള സാഹചര്യം ഒരുക്കുന്നു. അത് തീർച്ചയായും പൊതുജനങ്ങൾക്ക് ഏറ്റവും അധികം പ്രയോജനപ്രദമാകുന്ന ഒരു സാഹചര്യ മുണ്ടാകും എന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. എന്തായാലും ഫെയർ വാല്യൂ സംബന്ധിച്ച് എത്രയും പെട്ടെന്ന് ഇതിന്റെ വിഷയങ്ങൾ കേട്ട് തീർപ്പാക്കിയെടുക്കാൻ ബന്ധപ്പെട്ട കളക്ടർമാർക്ക് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഞാൻ വീഡിയോ കോൺഫ റൻസിംഗ് നടത്തിയിരുന്നു, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും ഈ വിഷയം സംബന്ധിച്ച് കളക്ടർമാരുടെ കോൺഫറൻസിൽ സൂചിപ്പിച്ചിരുന്നു. എന്താ യാലും ഇത് ഗവൺമെന്റ് വളരെ ഗൗരവമായിതന്നെ എടുത്തതിന്റെ അടിസ്ഥാ നത്തിൽ എത്രയും പെട്ടെന്ന് ഇതിന്റെ അപാകതകൾ പരിഹരിച്ച് പൂർത്തീകരി ക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് മുമ്പോട്ട് പോയ്ക്കൊണ്ടിരിക്കുക

യാണ്. ഇതാണ് എനിക്ക് ബില്ലിനെ സംബന്ധിച്ച് പറയുവാനുള്ളത്. ഇതോടൊപ്പംതന്നെ ഇവിടെ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഇ-സ്റ്റാമ്പിംഗിന്റെ വിഷയം ചോദിച്ചിരുന്നു. ബഹുമാനപ്പെട്ട സി. ദിവാകരൻ പറഞ്ഞപ്പോഴും ഇതുതന്നെയാണ് പറഞ്ഞത്. സ്റ്റാമ്പ് പേപ്പറിൽ ഒരുപാട് തട്ടിപ്പുകൾ വരുന്നുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. അതിന് ശാശ്വതമായ പരിഹാരം എന്ന നിലയിലാണ് ഇ-സ്റ്റാമ്പിംഗ് ഇൻക്ലൂഡ് ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ സോഫ്ട്‌വെയർ തയ്യാറായിട്ടുണ്ട്. ട്രഷറിയുടെ സോഫ്ട്‌വെയർകൂടി തയ്യാറായാൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാകും. അതിനൊരു പൈലറ്റായിട്ട് പരീക്ഷണാർത്ഥം നടത്തിയിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് ഉടനെതന്നെ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ പൗരാവകാശരേഖയുടെ കാര്യം ചോദിച്ചു. പൗരാവാകാശരേഖ തയ്യാറാക്കി ഡിപ്പാർട്ട്മെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ആധുനികവൽക്കരിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. വളരെ ഫാസ്റ്റായിട്ടുതന്നെ ഈ വിഷയങ്ങൾ ഞങ്ങൾ ടേക്കപ് ചെയ്തിട്ടുണ്ട്. ഈ ഡിപ്പാർട്ട്മെന്റിന്റെ ഡിജിറ്റലൈസേഷൻ നടക്കുകയാണ്. നേരത്തെ പറഞ്ഞതുപോലെ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നു. ഡിപ്പാർട്ട്മെന്റിൽ ഓൺലൈനായി ആപ്ലിക്കേഷനുകൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഇരുപ്പത്തിഒന്നാം നൂറ്റാണ്ടിന് അനുസൃതമായ മാറ്റങ്ങൾ ഇന്ന് ഈ വകുപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്.

ChnsS kmµÀ`n-I-am-bn-«m-sW-¦nepw _lp-am-\-s¸« AwKw {io. lwk ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിച്ചു. എന്തായാലും അദ്ദേഹം പറഞ്ഞതു നന്നായി, അതിന് മറുപടി പറയാനുള്ള ഒരവസരം

എനിക്ക് നിയമസഭയിൽ തന്നെ ലഭിക്കുകയാണ്. ശ്രീമതി ശ്രീകല എന്ന സബ് രജിസ്ട്രാറെ സംബന്ധിച്ച വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. ശ്രീമതി ശ്രീകല എന്ന സബ് രജിസ്ട്രാർ റവന്യൂ നഷ്ടമുണ്ടാക്കി എന്ന ഒരു പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഒരന്വേഷണം ഗവൺമെന്റ് തലത്തിൽ നടക്കുകയാണ്. അന്വേഷണ റിപ്പോർട്ട് അതിന്റെ ഫൈനൽ സ്റ്റേജിൽ എത്തിയെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനെക്കുറിച്ച് നിഷ്പക്ഷമായ ഒരന്വേഷണം ഇന്ന് ഗവൺമെന്റ് തലത്തിൽ നടക്കുകയാണ്. അതുമായി ബന്ധപ്പെടുത്തികൊണ്ടാണ് അദ്ദേഹം ഇവിടെ ഐ.ജി. വിവേകാനന്ദനെക്കുറിച്ച് പരാമർശിച്ചത്. അദ്ദേഹം പറഞ്ഞുവന്നതിന്റെ രത്നചുരക്കം ഇതാണ്, ഐ.ജി. വിവേകാനന്ദൻ എന്ന ഓഫീസർ ശ്രീമതി ശ്രീകല എന്ന സബ് രജിസ്ട്രാറെ സസ്പെന്റ് ചെയ്തതിന്റെ പേരിൽ ഐ.ജി. വിവേകാനന്ദൻ എന്ന ഓഫീസറെ തൽസ്ഥാനത്തുനിന്നും മാറ്റിയെന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ അടക്കമുള്ളവർ മനസ്സിലാക്കുവാനുള്ളത് ആരെങ്കിലും പറയുന്നതുകേട്ട് നിയമസഭയിൽ വന്ന് പറയേണ്ട കാര്യമില്ല, ആധികാരികമായി അദ്ദേഹത്തിന് ബോധ്യമുണ്ടെങ്കിൽ മാത്രം അവതരിപ്പിക്കേണ്ട കാര്യങ്ങളായിരുന്നു. ഇതിനെ സംബന്ധിച്ച് വിജിലൻസ് കോടതിയിൽ ഒരു പരാതിയും പോയിട്ടുണ്ട്. അത് നിയമപരമായ വിഷയമാണ്, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ശ്രീമതി ശ്രീകലയെ നാലാം മാസം സസ്പെന്റ് ചെയ്തത് ഐ.ജി. വിവേകാനന്ദനാണ്. ശ്രീമതി ശ്രീകലയെ തിരിച്ച് സർവ്വീസിലേയ്ക്കെടുത്തതും ഐ.ജി. വിവേകാനന്ദനാണ്, അത് ആറാം മാസം. അദ്ദേഹം തന്നെയാണ് സസ്പെന്റ് ചെയ്തതും, അദ്ദേഹം തന്നെയാണ് തിരിച്ചെടുത്തതും. അപ്പോൾ അദ്ദേഹത്തെ അതിന്റെ പേരിൽ മാറ്റിയെന്നൊക്കെ പറയുന്നത് യാഥാർത്ഥ്യത്തിന് നിര

ക്കാത്ത വിഷയമാണ്. മാത്രമല്ല അദ്ദേഹത്തെ ഐ.ജി. മോഡണൈസേഷൻ എന്ന സ്ഥാനത്തേയ്ക്കാണ് സ്ഥാനക്കയറ്റം കൊടുത്തത്. ഡിപ്പാർട്ടുമെന്റ് ഡിജിറ്റലൈസേഷനടക്കം മോഡണൈസ് ചെയ്യുകയാണ്. അദ്ദേഹത്തിന്റെ കഴിവും പ്രാപ്തിയും മനസ്സിലാക്കിക്കൊണ്ടാണ് അദ്ദേഹത്തിന് ഐ.ജി.മോഡണൈസേഷൻ എന്ന വളരെ പ്രധാനപ്പെട്ട സ്ഥാനം കൊടുത്തത്. കാരണം, ഇത് കുറച്ചുകൂടി ഫാസ്റ്റായിട്ട് പോകുമ്പോൾ ഇതിനായിമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ വേണമെന്ന ചിന്തയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം ഗവൺമെന്റെടുത്തത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ ഈ വിഷയം ഇവിടെ പറഞ്ഞത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, മോഡണൈസേഷനുമായി ബന്ധപ്പെട്ട് ഡോക്യുമെന്ററി റൈറ്ററായിട്ടുള്ള ആളുകളുടേതായുള്ള അവകാശം അവതാളത്തിലാണ് എന്നുള്ള ആശങ്കയുണ്ട്. അതുകൊണ്ട് അത് നിവർത്തിക്കാനുള്ള എന്തെങ്കിലും നടപടിയുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, അവരുടെ ആശങ്കകൾ പല സന്ദർഭങ്ങളിലും മുമ്പോട്ട് വച്ചിട്ടുണ്ട്. പരമ്പരാഗതമായി ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ആധാരം എഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും. ഇത്തരത്തിലുള്ള മാറ്റങ്ങൾ വരുമ്പോൾ സ്വാഭാവികമായും അവർക്ക് സംശയങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകാറുണ്ട്. ആ ഒരു ശൈലിയിൽതന്നെ തുടരാൻ കഴിഞ്ഞുവെന്ന് വരില്ല. ബഹുമാനപ്പെട്ട എം. ഹംസ ഇപ്പോഴും ആ പഴയ കാലഘട്ടത്തിൽ തന്നെയാണോ ഡിപ്പാർട്ട്മെന്റ് നിൽക്കുന്നത് എന്ന് ചോദിക്കുകയുണ്ടായി. കാലം മാറി, സ്വാഭാവികമായും പുതിയ സാങ്കേതിക വിദ്യകൾ നമുക്ക് വിനിയോഗിക്കേണ്ടതായി വരും. ഇതെല്ലാം ചെയ്യുമ്പോഴും ഇവരുടെ വിഷയങ്ങളെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. അവരുടെ തൊഴിൽ

സംരക്ഷിക്കുന്ന ഒരു സാഹചര്യത്തിലൂടെതന്നെ മോഡണൈസേഷനിലേയ്ക്ക് നീങ്ങണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതും.

ശ്രീ. പി. കെ. ബഷീർ: സർ, ഫെയർ വാല്യൂ കൂടുതലാണെങ്കിൽ അതിന് അപ്പീൽ കൊടുക്കാനുള്ള കാലാവധി പറഞ്ഞിട്ടുണ്ട്. പക്ഷെ കളക്ടർക്ക് അപ്പീൽ കൊടുത്താൽ എത്ര സമയംകൊണ്ട് അത് തീർപ്പാക്കണമെന്നുള്ള ഒരു നിബന്ധന ഇപ്പോൾ ഉണ്ടോ? കളക്ടർക്ക് ഒരു അപ്പീൽ കൊടുത്താൽ അതിന് തീരുമാനമുണ്ടാകണമല്ലോ. ആ തീരുമാനം അനന്തമായി നീണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. അതിന് ഒരു മാറ്റം വരുത്താൻ സർക്കാർ ആലോചിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങനെ അനന്തമായി നീളുന്ന ഒരു സാഹചര്യം ഉണ്ടാകരുത് എന്നുതന്നെയാണ് ഗവൺമെന്റ് അവരോട് നിർദ്ദേശിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അപ്പീൽ കേട്ട് തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകാറുണ്ട്.

മി. ചെയർമാൻ: അതിനകത്ത് ടൈം ലിമിറ്റ് വച്ചിട്ടില്ലേ?

ശ്രീ. അനൂപ് ജേക്കബ്: നിർബന്ധമായും സമയപരിധിക്കുള്ളിൽ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

2013-ലെ കേരള മുദ്രപത്ര (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. സി. ദിവാകരൻ, 2013-ലെ കേരള മുദ്രപത്ര (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബഹനാൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: 2013–ലെ കേരള മുദ്രപത്ര (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഇന്ന് ഉച്ചയ്ക്ക് 12.00 മണിയോടുകൂടി കേരള നിയമസഭാ കവാടത്തിൽ പ്രകടനം നടത്തിയ എ.ഐ.വൈ.എഫ്.ന്റെ

ഒരു കൂട്ടം യുവജനങ്ങളെ ഭീകരമായി മർദ്ദിക്കുകയും ടിയർ ഗ്യാസ് പൊട്ടിക്കുകയും വെള്ളം ചീറ്റിയടിക്കുകയും ഗ്രനേഡ് എറിയുകയും ചെയ്തതിന്റെ ഫലമായി നിരവധി ആളുകൾ ആശുപത്രിയിലായിരിക്കുകയാണ്. പ്രതിഷേധ പ്രകടനം നിയമസഭയുടെ കവാടത്തിൽ നടത്താൻ കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്. അവർ നിയമം ലംഘിച്ചില്ല, അവർ ആ അതിർത്തിയിൽതന്നെ നിന്ന് മുദ്രാവാക്യം വിളിക്കുകയായിരുന്നു. അനാവശ്യവും പ്രകോപനപരവുമായ രീതിയിൽ ദിവസവും ചെറിയ ചെറിയ സംഘങ്ങളെപ്പോലും പോലീസ് ഇത്രയും ക്രൂരമായി കൈകാര്യം ചെയ്യുന്നത് ശരിയാണോ? അവർ ഒരു നിയമ ലംഘനവും നടത്തിയില്ല, ആരേയും കല്ലെറിഞ്ഞില്ല. കരി ഓയിൽ ഒഴിച്ചവർക്കെല്ലാം കസേര കൊടുത്തു, അവർക്ക് ശിക്ഷയില്ല. ഇതിനെതിരെ അന്വേഷണം നടത്തണം.

<u>മി. സ്പീക്കർ</u> : ഇക്കാര്യം ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉണ്ടല്ലോ.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഞാൻ അന്വേഷിക്കാം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കാമെന്ന് പറഞ്ഞു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, നിയമസഭാ കവാടത്തിലേയ്ക്ക് കടക്കാൻ ശ്രമിക്കുമ്പോൾ പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ നടക്കുന്നത് അങ്ങനെയല്ല. അവിടെ നിന്ന് വരുമ്പോൾതന്നെ പോലീസ് അടിക്കുകയാണ്. അസാധാരണമായ ഒരു സ്ഥിതിയാണ് പോലീസ് സൃഷ്ടിക്കുന്നത്. കഴിഞ്ഞ ദിവസം ഡി.വൈ.എഫ്.ഐ.ക്കാർ പ്രകടനം നടത്തിയപ്പോഴും ഇതുതന്നെയായിരുന്നു സ്ഥിതി. പ്രകടനം നടത്താൻ പാടില്ലാ

യെന്ന് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇവിടെ 144 പ്രഖ്യാപിക്കണം.

മി. സ്പീക്കർ : ഇവിടെ ഉന്നയിച്ച വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യും. ഇന്നത്തെ ഷെഡ്യൂൾ അനുസരിച്ച് കേരള ടോൾ (ഭേദഗതി) ബില്ലാണ് അടുത്ത് എടുക്കേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ഥലത്തുള്ളതുകൊണ്ട് നാലാമത്തെ ബിൽ മൂന്നാമതായി എടുക്കുന്നു.

## 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി)ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മുടെ എം.എൽ.എ.മാർക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനുവേണ്ടി ഒരു വർഷം 15000 രൂപ കൊടുക്കണം എന്നുള്ള ഒരു നിർദ്ദേശം വന്നിരുന്നു. അങ്ങ് വായനയെ വളരെ ഇഷ്ടപ്പെടുന്ന ആളാണ്. അങ്ങാണ് ഇക്കാര്യത്തിൽ ഇനിഷ്യേറ്റീവ് എടുത്തത്. അങ്ങെടുത്ത നിർദ്ദേശം ഗവൺമെന്റ് അംഗീകരിക്കുകയും എല്ലാപേരുമായി സംസാരിച്ച് ഒരു

തീരുമാനം ഉണ്ടാക്കുകയും ചെയ്തു. അത് നടപ്പിലാക്കുന്നതിനുവേണ്ടിയിട്ടുള്ള നിർദ്ദേശമാണ് ഈ ബിൽ. ഈ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്നുള്ള പ്രമേയമാണ് അവതരിപ്പിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, അംഗങ്ങൾക്ക് ഇഷ്ടമുള്ള പുസ്തകങ്ങൾ വാങ്ങിക്കാനുള്ള ഏർപ്പാടുണ്ടാക്കണം.

മി. സ്പീക്കർ: നിയമസഭാംഗങ്ങളെ ഞങ്ങൾ വിശ്വാസത്തിലെടുക്കുകയാണ്. ഇത് വാങ്ങുന്ന പുസ്തകത്തിനുള്ള റീ-ഇംബേഴ്സ്മെന്റാണ്. നമുക്കെല്ലാം ബന്ധമുള്ള ഒരുപാട് ബുക്ക് സ്റ്റാളുകൾ ഉണ്ട്. അവിടത്തെ മാത്രം ബുക്കുകൾ വാങ്ങുന്നതിനായി ഈ പണം ആരും ചെലവഴിക്കില്ലായെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ പറഞ്ഞത് എല്ലാപേർക്കും മനസ്സിലായിക്കാണുമല്ലോ?

2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(3) 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രീ, അങ്ങേയ്ക്ക് 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, മറുപടി പ്രസംഗം നടത്തുമ്പോൾ സംസാരിക്കാം.

ഡോ. കെ.ടി. ജലീൽ: Sir, I move that – “ *This House resolves to disapprove The Kerala Tolls (Amendment) Ordinance, 2013 (Ordinance No.4 of 2013).*” 1990-കളിൽ ആരംഭിച്ച ആഗോളവൽക്കരണ-ഉദാരവൽക്കരണ

നയങ്ങളുടെ വ്യാപനം ഗതാഗത മേഖലയിലേയ്ക്കുകൂടി കടന്നുവന്നിരിക്കുന്നുവെന്നതിന്റെ തെളിവാണ് വിദേശ-സ്വദേശ കുത്തകകൾക്ക് നമ്മുടെ പൊതുനിരത്തുകൾ തീറെഴുതിക്കൊടുക്കുവാൻ ലക്ഷ്യമിട്ടുള്ള നയസമീപനങ്ങൾ. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ സമീപനം ജീവിതത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കാനൊരുങ്ങുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. *(1)* സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്ന നിലപാട്; *(2)* ക്ഷേമപദ്ധതികൾക്ക് പണം അത്യാവശ്യത്തിനുപോലും നീക്കിവയ്ക്കേണ്ടതില്ലെന്ന സമീപനം; *(3)* വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, കുടിവെള്ളം ഇതൊന്നും സൗജന്യമായി നൽകാനാവില്ല, ഇതിന്റെയെല്ലാം ചെലവുകൾ സർക്കാരിന് വഹിക്കാനുമാകില്ല, ഓരോരുത്തരും ആ ചെലവുകൾ ഏറ്റെടുക്കണമെന്ന വീക്ഷണം; *(4)* എല്ലാ സീമകളും കടന്ന് സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുകയും പൊതുമേഖലകളെ അവഗണിച്ച് തകർക്കുകയും ചെയ്യുന്ന നയം. ഇവയുടെ തുടർച്ചയായി മാത്രമേ ഗതാഗത രംഗത്ത് നടപ്പിലാക്കാൻ പോകുന്ന ടോൾ റോഡുകളുടെയും ടോൾ പാലങ്ങളുടെയും അവസ്ഥയെ കാണാനാകൂ. സ്വാതന്ത്ര്യാനന്തരം നമ്മൾ അനുഭവിക്കുന്ന സഞ്ചാര സ്വാതന്ത്ര്യത്തിന്റെ നിഷേധവും കൂടിയാണിത്. ഗതാഗത വികസനമെന്നാൽ എന്താണ്; അത് കേവലം റോഡുകളുടെ വികസനവും വീതി കൂട്ടലും മാത്രമാണോ? ഗുജറാത്ത്, തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ദേശീയ-അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകൾ ഉണ്ടായിട്ടുണ്ട്. പക്ഷെ റോഡ് വികസനത്തിന്റെ അഞ്ച് ശതമാനമെങ്കിലും സാമ്പത്തിക-സാമൂഹ്യ വികസനം അവിടങ്ങളിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ എന്നുള്ളത്

പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. നഗര കേന്ദ്രീകൃതമായ ഒരുതരം ആർട്ടിഫിഷ്യൽ ഡെവലപ്പ്മെന്റാണ് അവിടങ്ങളിലെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ജീവിതത്തിൽ സ്ഥായിയായിട്ടുള്ള ഒരു മാറ്റവും ഈ വിശാലമായ പാതകൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് നിഷേധിക്കാവുന്നതല്ല. നമുക്കുവേണ്ടത് ഗതാഗത വികസനമാണോ അതോ റോഡ് വികസനം മാത്രമാണോ? ഗതാഗത വികസനത്തിന്റെ പ്രധാനഭാഗം തന്നെയാണ് റോഡുവികസനമെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ റോഡുപോലെത്തന്നെ പ്രാധാന്യമർഹിക്കുന്ന റെയിൽ ട്രാക്കുകളുടെ വികസനം, ജലഗതാഗത വികസനം എന്നിവയെക്കുറിച്ച് എന്തുകൊണ്ടാണ് കേരളത്തിൽ ചർച്ചകൾ നടക്കാത്തത്? കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ റെയിൽ-ജലഗതാഗത വികസനങ്ങൾക്ക് അനന്തമായ സാധ്യതകളാണുള്ളത്. അത് വിസ്മരിക്കപ്പെടുന്നതിന്റെ പിന്നിൽ ചില നിഗൂഢമായ ലക്ഷ്യങ്ങളുണ്ട്. കാർ വ്യവസായികളെ സഹായിക്കലും റിയൽ എസ്റ്റേറ്റ് മാഫിയകളെ സഹായിക്കലുമാണ് റോഡുവികസനത്തിൽ മാത്രമൂന്നി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുന്നോട്ടുപോകുന്നതിന്റെ ഉദ്ദേശം. കടലിലും റെയിൽപ്പാളങ്ങളുടെ ഓരങ്ങളിലും റോഡുകൾക്കരികിലെന്നപോലെ റിയൽ എസ്റ്റേറ്റ് മാഫിയകൾക്ക് ലാഭക്കൊയ്ത്ത് നടത്താൻ സാധ്യതയില്ലാത്തതുകൊണ്ട് ആ മേഖലകളിലെ ഗതാഗത വികസനം അവഗണിക്കപ്പെടുകയാണ്. നിലവിലുള്ള റെയിൽപ്പാളങ്ങളുടെ ഉപയോഗക്ഷമത നാൽപ്പതുശതമാനം മാത്രമാണ്. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ ഒരു റെയിൽ ട്രാക്കുകൂടി വന്നാൽ ഒരുപരിധിവരെ കേരളത്തിന്റെ ഗതാഗത പ്രശ്നം പരിഹരിക്കാനാകും. ഒരു പുതിയ റെയിൽ ട്രാക്ക് നിർമ്മിക്കാൻ നിലവിലുള്ളതിനോടൊപ്പം കേവലം എട്ട് മീറ്റർ വീതിയിൽ

സ്ഥലമെടുത്താൽ മതി. മാത്രമല്ല, റെയിൽപ്പാളങ്ങൾക്കരികിൽ കച്ചവട–വ്യാപാര സ്ഥാപനങ്ങളും വീടുകളും റോഡരികിലുള്ളതിനെക്കാൾ എത്രയോ കുറവാണ്. വലിയ ബുദ്ധിമുട്ടുകളോ സാമ്പത്തിക ബാധ്യതകളോ വരാതെ റെയിൽപ്പാള വികസനത്തിന് സ്ഥലം അക്വയർ ചെയ്യാൻ സാധിക്കുകയും ചെയ്യും. പൊന്നുംവില നൽകി പതിനായിരക്കണക്കിന് കുടുംബങ്ങളെ കുടിയിറക്കി നാഷണൽ ഹൈവേ നാലുവരിപ്പാതയും ആറുവരിപ്പാതയുമാക്കുമ്പോൾ സർക്കാർ അതിന് സദാ ജാഗരൂകതയും സന്നദ്ധതയും പ്രകടിപ്പിക്കുന്നു. അതേസമയം നിലവിലുള്ളതിന്റെ കൂടെ ഒരു റെയിൽപ്പാളവുംകൂടി നിർമ്മിക്കാൻ എന്തുകൊണ്ടാണ് ഗവൺമെന്റ് താൽപ്പര്യം കാണിക്കാത്തത്? ചരക്ക് ഗതാഗതത്തിന് റെയിൽവേയെ ആശ്രയിക്കുന്നതാണ് ഏറ്റവും ലാഭകരം. ഇതിനെക്കാൾ ലാഭകരമാണ് ജലഗതാഗതത്തെ ആശ്രയിക്കൽ. ചില വിദേശ രാജ്യങ്ങളിൽ കാറുംകൂടി ട്രെയിനിൽ കയറ്റി ലക്ഷ്യ സ്റ്റേഷനുകളിൽ ഇറക്കിക്കൊടുക്കുന്ന *റോ–റോ* അഥവാ *റോൾ ഇൻ–റോൾ ഔട്ട്* സംവിധാനവും നിലവിലുണ്ട്. ഇതേക്കുറിച്ചൊന്നും നമുക്ക് ആലോചിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? നിലവിലുള്ള നാഷണൽ ഹൈവേ വികസിപ്പിക്കുന്നതിന് കേരളത്തിൽ മാത്രം 6500 ഏക്കർ സ്ഥലവും അനുബന്ധ വസ്തുവകകളും ആവശ്യമായി വരും. പതിനായിരക്കണക്കിന് കുടുംബങ്ങളാണ് ആട്ടിയിറക്കപ്പെടാൻ പോകുന്നത്. ദീർഘദൂര യാത്രികർക്ക് അവരുടെ യാത്ര സുഗമമാക്കാനും റോഡിൽ നിക്ഷേപമിറക്കുന്ന കമ്പനികൾക്ക് ലാഭകരമായി പദ്ധതി നടത്തിക്കൊണ്ടുപോകാനും തദ്ദേശവാസികൾ ഉപേക്ഷിക്കേണ്ടിവരുന്നത് അവരുടെ സമയവും സമ്പത്തും സംസ്ക്കാരവും ജീവനോപാധികളുമാണ്. വിദേശക്കമ്പനികളെ നമ്മുടെ റോഡുകളുടെ നിർമ്മാണച്ചുമതല ഏൽപ്പിച്ച്

ടോൾ റോഡുകളും പാലങ്ങളും നിർമ്മിക്കുമ്പോൾ അതിൽ നിന്നുണ്ടാകുന്ന ലാഭം അവരുടെ നാട്ടിലേയ്ക്ക് യാതൊരു നിയന്ത്രണവുമില്ലാതെ കൊണ്ടു പോകാനുള്ള അവസരവും കൂടിയാണുണ്ടാകുന്നത്. പണ്ട് ബ്രിട്ടീഷുകാർ മാത്രം ചെയ്തിരുന്ന നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികച്ചോർത്തൽ നടത്താൻ നിലവിൽത്തന്നെ പതിനേഴ് വിദേശ രാജ്യങ്ങളിൽ നിന്നുള്ള കമ്പ നികൾക്ക് അവസരമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഈ വിദേശ കമ്പനികളുടെ കടന്നുവരവ് ക്രമാതീതമായി ഉയരാനേ ടോൾ പാലങ്ങളും ടോൾ റോഡു കളുമെന്ന ആശയം ഉപകരിക്കുകയുള്ളൂ. കേരളത്തിൽ നമ്മൾ റോഡുകൾ വീതി കൂട്ടുന്നതിനെക്കുറിച്ചുമാത്രമാണ് ചിന്തിക്കുന്നതും ഗവേഷണം നടത്തു ന്നതും. എപ്പോഴെങ്കിലും നമ്മൾ വാഹന നിയന്ത്രണത്തെക്കുറിച്ച് ആലോചി ച്ചിട്ടുണ്ടോ? എണ്ണ സമ്പന്ന ഗൾഫ് രാജ്യങ്ങളിലും വിഭവസമൃദ്ധ യൂറോപ്യൻ രാജ്യങ്ങളിലുംവരെ വാഹന നിയന്ത്രണത്തെക്കുറിച്ച് ആലോചിക്കുവാൻ അവിടത്തെ ബന്ധപ്പെട്ട സർക്കാരുകൾ തയ്യാറാകുന്നു. അതിനാവശ്യമായ നടപടികൾ അവർ സ്വീകരിക്കുന്നു. പക്ഷേ കേരളം അതിന്റെ എല്ലാ കവാട ങ്ങളും വിദേശ കാർ കമ്പനികളുടെ മുമ്പിൽ തുറന്നിട്ടുകൊടുത്തിരിക്കുക യാണ്. അനിയന്ത്രിതമായ വാഹനങ്ങളുടെ കടന്നുവരവിന് അന്ത്യമുണ്ടായി ല്ലെങ്കിൽ നൂറ് മീറ്റർ വീതിയിൽ ടോൾ റോഡുകളുണ്ടാക്കിയാലും ഗതാഗതാ ക്കുരുക്കിൽ നിന്ന് കേരളം രക്ഷപ്പെടുകയില്ല. കഴിഞ്ഞ പത്ത് വർഷമായി വാഹനങ്ങളുടെ എണ്ണത്തിൽ പത്തിരട്ടി വർദ്ധനവുണ്ടായപ്പോൾ റോഡുകൾ ഒന്നര ഇരട്ടി മാത്രമാണ് വർദ്ധിച്ചത്. ഈ അനുപാതം തുടർന്നാൽ നാഷണൽ ഹൈവേ മാത്രം വീതികൂട്ടിയാലും കേരളത്തിന്റെ ഗതാഗത പ്രശ്നം പരിഹരി ക്കാൻ കഴിയുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കേരളത്തിലെ മണ്ണുത്തി മുതൽ ഇടപ്പള്ളി വരെയുള്ള പാത ഇപ്പോൾ ടോൾ റോഡാണ്. അവിടെയുള്ള ജനങ്ങൾ അനുഭവിക്കുന്ന ദുരിതം കേരളത്തിലെ മുഴുവനാളുകൾക്കും അറിയാം. ഒരു കാർ ആ ടോൾ പ്ലാസയിലൂടെ കടന്നുപോകുന്നതിന് 85 രൂപ യാണ് നൽകേണ്ടത്. അതുതന്നെയിപ്പോൾ വർദ്ധിപ്പിക്കാൻ പോകുകയാണെ ന്നാണ് കേൾക്കുന്നത്. തീരാദുരിതം എന്നുപറഞ്ഞാൽ അത് അക്ഷരാർത്ഥ ത്തിൽ ഈ ടോൾ റോഡിൽ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത്തരത്തിൽ ഒരു ടോൾ പ്ലാസയിലെ പ്രശ്നം നടന്നുകൊണ്ടിരിക്കുമ്പോൾ ജനങ്ങൾക്ക് താങ്ങാവുന്ന രീതിയിലേയ്ക്ക് നിരക്ക് കുറയ്ക്കുന്നതുവരെ ഇപ്പോഴുള്ള ടോൾ പിരിവ് നിറുത്തിവയ്ക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായ മുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u>: തീർച്ചയായും. ജനങ്ങളുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും കണ്ടില്ലെന്നു നടിക്കാൻ ഒരു സർക്കാരിന് കഴിയില്ലല്ലോ. നാഷണൽ ഹൈവേ വീതികൂട്ടിയതുകൊണ്ടു മാത്രം പ്രശ്നങ്ങൾ പരിഹരി ക്കാൻ കഴിയുമോ? കേരളം മുഴുവൻ നാം റോഡാക്കിയാലും വാഹന നിയന്ത്രണം ഏർപ്പെടുത്താതെ കേരളത്തിന് ഗതാഗത കുരുക്കിൽ നിന്ന് രക്ഷ പ്പെടാൻ കഴിയില്ല. പത്തുവർഷം കൂടി കഴിഞ്ഞാൽ എന്താകും നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിയെന്ന് നമ്മൾ സഗൗരവം ആലോചിക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ടോൾ പിരിവ് ആരംഭിക്കുന്നതിന് മുമ്പ് നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെ സൂചിപ്പിച്ച എൻ.എച്ച് 47 മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള ഭാഗത്ത്

അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ സർവ്വീസ് റോഡുകൾ, സ്ട്രീറ്റ് ലൈറ്റ്, ഡ്രെയിനേജ്, ബസ്, ബസ് ഷെൽറ്റർ, തുടങ്ങിയ അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തീകരിച്ചി ട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യ ത്തിൽ മൂന്ന് വട്ടം മീറ്റിംഗ് നടന്നു. ബഹുമാനപ്പെട്ട പി.ഡബ്ള്യു.ഡി മന്ത്രി രണ്ടു വട്ടം മീറ്റിംഗ് വിളിച്ചു. ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കാമെന്ന് ഈ മൂന്ന് മീറ്റിംഗുകളിലും പറഞ്ഞെങ്കിലും ഇതുവരെ അത് പൂർത്തീകരിച്ചി ട്ടില്ല. ടോൾ കൊള്ള തുടരുകയുമാണ്. മാത്രമല്ല ഈ ടോൾ റോഡിനോട് ചേർന്ന് മുമ്പ് ജനങ്ങൾ ഉപയോഗിച്ചിരുന്ന പഴയ ഒരു റോഡുണ്ട്. ആ കവാടം ഒരു ദിവസം വെളുപ്പിന് മൂന്ന് മണിക്ക് പോലീസിന്റെ സഹായത്തോടെ അടച്ച് ടോൾ കൊള്ളയ്ക്ക് കൂട്ടു നിൽക്കുന്ന സമീപനമാണ് സർക്കാർ സ്വീക രിച്ചതെന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ടോൾ റോഡുകൾ നിർമ്മിക്കുന്ന കമ്പനി കൾക്കുമേൽ വളരെ ഉദാരമായിട്ടുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. അതിന്റെ തെളിവാണിത്. എല്ലാ വ്യവസ്ഥകളും പാലിക്ക പ്പെടുന്നതിന് മുൻപ് ടോൾ പിരിക്കുവാനുള്ള അവകാശം എന്തടിസ്ഥാനത്തി ലാണ് അവർക്ക് നൽകിയത്. എല്ലാ വ്യവസ്ഥകളും പാലിക്കുന്നത് ആറു മാസത്തിനുള്ളിൽ നടക്കും എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പ് നൽകി യിട്ടും അത് പാലിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ. പക്ഷേ അത് പാലിക്കാതെ തന്നെ ആളുകളുടെ കയ്യിൽ നിന്ന് ടോൾ പിരിക്കാൻ ബന്ധപ്പെട്ട കമ്പനികൾക്ക് അവകാശവും അധികാരവും നൽകിയിരിക്കുന്നു. അനുബന്ധ റോഡുകളുടെ വികസനം വളരെ പ്രധാനമാണ്. അനുബന്ധ റോഡുകളിലേയ്ക്ക് കടക്കുന്ന കവാടം പോലും അടച്ചു പൂട്ടിക്കൊണ്ട് വിദേശ കമ്പനികൾക്ക് അല്ലെങ്കിൽ

ടോൾ റോഡുകൾ നിർമ്മിച്ചിട്ടുള്ള കമ്പനികൾക്ക് സ്വദേശ വലിയ ഭീമൻ കമ്പനികൾക്ക് ഒത്താശകൾ ചെയ്തുകൊടുക്കുന്ന സമീപനം ഒരു സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവരുത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ടോൾ വയ്ക്കാനായി നമ്മൾ കൊടുക്കുകയാണല്ലോ. കൺസ്ട്രക്ഷൻ കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങൾക്ക് ഇപ്പോൾ പണിയൊന്നുമില്ല, എടുക്കുന്ന പണി ചെയ്യുന്നുമില്ല, അവരെ ഇതങ്ങ് ഏൽപ്പിച്ച് കുറച്ച് പണവും കൊടുത്താൽ ഇങ്ങനെയുള്ള അഴിമതികൾ അവസാനിപ്പിക്കാൻ കഴിയില്ലേ?

ഡോ. കെ. ടി. ജലീൽ: സർ, കുടിവെള്ള പദ്ധതികൾ പോലുള്ള പദ്ധതികൾക്കൊക്കെ നബാർഡിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. നമ്മൾ അത് ഉപയോഗപ്പെടുത്തി സർക്കാർ അത് തിരിച്ചടയ്ക്കുകയാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന് ഇതുപോലുള്ള സഹായങ്ങൾ ലഭ്യമാക്കിക്കൊണ്ട് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ മുൻകൈയെടുത്ത് നിർമ്മിക്കുകയും അവയുടെ ടോൾ പിരിക്കുകയും ചെയ്യുമ്പോൾ അതിന് തീർച്ചയായും ഒരു നിശ്ചിതത്വവും, ഒരു വ്യക്തതയും ഒരു വ്യവസ്ഥാപിതത്വവുമൊക്കെയുണ്ടാകും. ഇത് വിദേശ കമ്പനികൾക്ക് കൊടുത്താൽ യാതൊരു തരത്തിലുള്ള നിയന്ത്രണവും ഉണ്ടാകില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഈ ബിൽ അഞ്ചു കോടി രൂപ വരെയാക്കി ഉയർത്താൻ വേണ്ടിയാണ്. മണ്ണുത്തി-ഇടപ്പള്ളി റോഡ് ആരുടെ കാലത്ത് പണി തീർത്ത് ടോൾ ഏർപ്പാടാക്കിയതാണ്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത്. അപ്പോൾ അഞ്ചുകോടി രൂപയായി ഉയർത്തുമ്പോൾ ടാക്സ് പിരിക്കുന്നത് കുറയുക എന്ന നല്ല ഉദ്ദേശത്തോടെ ബിൽ കൊണ്ടു വരുമ്പോൾ അതിനെ ഇങ്ങനെ ഇന്റർപെർട്ട് ചെയ്യുന്നത് ശിയാണോ.

അതുപോലെ അങ്ങ് പറഞ്ഞ വേറൊരു കാര്യം വാഹന ബാഹുല്യം കുറയ്ക്കണമെന്നതാണ്. എങ്ങനെ കുറയ്ക്കും റോഡിന് നീളവു വീതിയും ഉണ്ടാകണം. ബാക്കിയുള്ള റോഡുകൾ കൂടി വീതികൂട്ടുകയല്ലേ ചെയ്യാൻ പറ്റൂ. രണ്ട് കോൺട്രഡിക്ഷനിൽ വർത്തമാനം പറയുന്നുവെന്നാണ് എന്റെ പരാതി.

ഡോ. കെ. ടി. ജലീൽ: നാഷണൽ ഹൈവേ വീതി കൂട്ടിയതു കൊണ്ടു മാത്രം കാര്യമില്ല. വാഹനങ്ങൾ നിയന്ത്രിക്കാതെ, അനിയന്ത്രിയമായിട്ടല്ലേ വാഹനങ്ങളുടെ പെരുപ്പം നമ്മുടെ നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. എണ്ണ സമ്പന്ന ഗൾഫ് രാജ്യങ്ങളിൽ പോലും വിഭവ സമൃദ്ധ യൂറോപ്യൻ രാജ്യങ്ങളിൽ പോലും വാഹനങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ സർക്കാരുകൾ തയ്യാറാകുന്നു. കേരളം മുഴുവൻ റോഡാക്കിയാലും പത്ത് വർഷം കഴിയുമ്പോൾ വാഹനങ്ങളുടെ പെരുപ്പംമൂലം നമുക്ക് സഞ്ചരിക്കാൻ സാധിക്കാത്ത സ്ഥിതി വരും. അന്ന് നമ്മളെല്ലാം കുടിയിറങ്ങി പോകണമെന്നാണോ. മനുഷ്യർക്ക് താമസിക്കണ്ടേ. കേരളത്തിൽ വാഹനങ്ങളിൽ മനുഷ്യർ താമസിക്കുന്ന ഒരു കാലം വിദൂരമല്ല. അങ്ങനെയൊരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ മാറാൻ പോവുകയാണ്. ഏതെങ്കിലും തരത്തിലുള്ള വ്യവസ്ഥയും ചിട്ടയും ഈ കമ്പനികളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ? എത്ര വർഷമാണ് ടോൾ പിരിക്കുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, മണ്ണുത്തി–ഇടപ്പള്ളി റോഡിലെ പാലിയക്കര ടോളിനെ സംബന്ധിച്ച് ശ്രീ. വി. എം. സുധീരൻ ഒരു പഠനം നടത്തിയശേഷം നടത്തിയ ഒരു പ്രസ്താവനയുണ്ട്. അവിടെ ദിവസവും കിട്ടുന്ന കളക്ഷൻ 17 കൊല്ലം കൊണ്ട് കിട്ടാവുന്ന കളക്ഷൻ അവിടെ ചെലവാക്കിയ പണം, 250 കോടി രൂപ ചെലവാക്കിയെന്ന് പറയുന്നു കമ്പനി പിന്നീട് 600

കോടി രൂപ ചെലവായെന്ന് പറയുന്നു. ഇപ്പോഴത്തെ തോതിൽ വണ്ടികൾ ഓടിയാൽ, 17 കൊല്ലം കഴിയുമ്പോൾ 7000 കോടി രൂപയാണ്......... ഇനി വണ്ടികളുടെ എണ്ണം കൂടിയാലും സ്വാഭാവികമായും തുക കൂടും. 17 കൊല്ലം കഴിയുമ്പോൾ 7000 കോടി രൂപ ഈ കമ്പനികൾക്ക് പിരിച്ചെടുക്കാൻ കഴിയുമെന്ന് ശ്രീ. സുധീരന്റെ ഒരു പ്രസ്താവനയുണ്ട്. അതിന് മറുപടി ഗവൺമെന്റ് ഇതുവരെ പറഞ്ഞിട്ടില്ല. റോഡുകൾ ഉണ്ടാക്കുകയും ആ റോഡുകൾ ജനങ്ങൾക്കായി തുറന്നു കൊടുക്കുകയും റോഡുകൾ തുറന്നു കൊടുക്കാൻ വേണ്ടി സമരം ചെയ്യുകയും ചെയ്ത ചരിത്രം കേട്ടിട്ടുണ്ട്. എവിടെയെങ്കിലും ആധുനിക കാലഘട്ടത്തിൽ ഈ ടോൾ റോഡിലേയ്ക്ക് വണ്ടികൾ വരാൻ വേണ്ടി വേറെയുള്ള റോഡുകൾ കോൺക്രീറ്റുകൊണ്ട് അടച്ചുകെട്ടുന്ന സംഭവം ചരിത്രത്തിലെവിടെയെങ്കിലും മുമ്പ് കേട്ടിട്ടുണ്ടോ. അത് പാലിയക്കരയിലുണ്ടായിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ: അവിടെ മാത്രമല്ല സംഭവിക്കാൻ പോകുന്നത് നമ്മുടെ സംസ്ഥാനത്തൊക്കെ സംഭവിക്കാൻ പോവുകയാണ്. ടോൾ റോഡുകളെന്ന ആശയം വിപുലമാകുന്നതോടെ, വ്യാപിക്കുന്നതോടെ ഇങ്ങനെയുള്ള സർവ്വീസ് റോഡിലേയ്ക്കുള്ള പ്രവേശനം മുഴുവൻ തടസ്സങ്ങൾ സൃഷ്ടിച്ച് ഇല്ലാതാക്കുകയും ടോൾ റോഡിലൂടെ മാത്രം ആളുകൾ യാത്ര ചെയ്യുന്ന ഒരു സ്ഥിതി ഉണ്ടാക്കുകയും അങ്ങനെ ഈ കമ്പനികൾക്ക് ലാഭം ഉണ്ടാക്കി കൊടുക്കുകയും ചെയ്യുകയെന്നുള്ള ഒരു സമീപനത്തിലേയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അവരുടെ നടപടികളും നിലപാടുകളുംമൂലം പോയിക്കൊണ്ടിരിക്കുകയാണ്. ഈ കമ്പനികൾക്ക് സർവ്വതന്ത്ര സ്വാതന്ത്ര്യമല്ലേ നൽകിയിരിക്കുന്നത്. ഇത്ര വർഷമേ പിരിക്കാവൂ എന്നുള്ള വ്യവസ്ഥയു

ണ്ടോ? അവരെ എല്ലാ ടാക്സുകളിൽ നിന്നും ഒഴിവാക്കി കൊടുത്തിട്ടില്ലേ. നേരെ മറിച്ച് കുടിയൊഴിപ്പിക്കപ്പെട്ട് പോകുന്ന ആളുകൾക്ക് നമ്മൾ കൊടുക്കുന്ന നഷ്ടപരിഹാരത്തുകയിൽ 10.5 ശതമാനം ഇൻകം ടാക്സ് പിടിച്ചാണ് നമ്മൾ അവർക്ക് പണം കൊടുക്കുന്നത്. നമ്മുടെ പ്രദേശക്കാരായ ആളുകൾ കുടിയിറങ്ങി പോകുമ്പോൾ അവർക്ക് കൊടുക്കുന്ന നഷ്ടപരി ഹാരത്തുകയിൽ നിന്ന് ഇൻകം ടാക്സ് പിടിക്കാൻ ഔത്സുക്യവും താത്പ ര്യവും കാണിക്കുന്ന ഗവൺമെന്റ് എല്ലാ ടാക്സുകളിൽ നിന്നും നികുതി ഭാര ങ്ങളിൽ നിന്നും ഈ ടോൾ കമ്പനികളെ ഒഴിവാക്കി നിറത്തുകയാണ്. ഇത് ആരെ സഹായിക്കാൻ വേണ്ടിയാണ്? നാട്ടുകാരെ സഹായിക്കാൻ വേണ്ടിയു ള്ളതാണോ. ഇത് ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുവാനും പ്രയാസപ്പെടു ത്തുവാനും വേണ്ടിയുള്ളതാണ്. 1500 കി.മീ. **വിസ്തൃതി**യുള്ള ജലപാത നമുക്കുണ്ട്. ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവ ത്തോടെ നാം ആലോചിക്കണം. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ജലപാതാ പദ്ധതികൾ താറുമാറാക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഒരു പഠനം നടത്തിയാൽ കേരള ത്തിന്റെ ഗതാഗത വികസനത്തിന് അനുസൃതമായ ജലാശയമാണ് നമുക്കുള്ള തെന്ന് മനസ്സിലാക്കുവാൻ കഴിയും. റെയിൽപ്പാളങ്ങൾ ഇനിയും വർദ്ധിപ്പിക്കു ന്നതിനെക്കുറിച്ചും, ജലപ്പാതകൾ വ്യവസ്ഥാപിതമായി ഉപയോഗിക്കുന്നതിനെ ക്കുറിച്ചും ചിന്തിക്കാതെ നമ്മുടെ ഭരണ–ഉദ്യോഗ വൃന്ദം ടോൾ റോഡുകളെ ക്കുറിച്ചും ടോൾ പാലങ്ങളെക്കുറിച്ചും മാത്രമേ ആലോചിക്കുന്നുള്ളൂ. 1972 –ൽ തിരുവനന്തപുരത്ത് സ്ഥാപിതമായ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്പാനിഷ് കമ്പനിയായ എൽസാമെക്സിന് കൈമാറിയത് എന്തിനായിരുന്നു.

ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് പോലും മാറ്റിയില്ലേ? ഇപ്പോഴത്തെ പേര് റിസർച്ച് ഡെവലപ്പ്മെന്റ് ആന്റ് ടെസ്റ്റിംഗ് സെന്റർ എന്നാണ്. കൈമാറ്റ കരാറനുസരിച്ച് 74 ശതമാനം ഓഹരി അവകാശം ഇനി മുതൽ മാഡ്രിഡ് ആസ്ഥാനമായുള്ള എൽസാമെക്സ് എന്ന കമ്പനിക്കായിരിക്കും. കമ്പനി നൽകുന്ന എല്ലാ സേവനങ്ങൾക്കും അവർ തീരുമാനിക്കുന്ന ഫീസ് സർക്കാർ നൽകണം. കമ്പനിക്ക് ധനസഹായം നൽകുമെന്നും ധാരണാപത്രത്തിൽ പറയുന്നുണ്ട്. മാത്രമല്ല പി. ഡബ്ള്യൂ. ഡിയുടെ എല്ലാ വർക്കുകൾക്കും എൽസാമെക്സ് എന്ന കമ്പനിയുടെ അംഗീകാരം വേണ്ടി വരും എന്നും ധാരണാപത്രത്തിൽ പറയുന്നുണ്ട്. ഇങ്ങനെപോയാൽ നാം എവിടെ ചെന്നെത്തും. നമ്മളെക്കാൾ എല്ലാത്തിനും മെച്ചം വിദേശികളും വിദേശകമ്പനികളുമാണെങ്കിൽ നമ്മുടെ നാട് ഭരിക്കാനുള്ള അവകാശവും അവരെതന്നെ ഏൽപ്പിച്ചുകൂടെ? നമ്മുടെ നാട്ടിലെ വലതുപക്ഷ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വവും വിദേശ കമ്പനികളെയും വിദേശികളെയും ഏൽപ്പിച്ച് വളരെ നന്നായി നടത്തിക്കൊണ്ടുപോയിക്കൂടെ. തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിനെ നാട്ടുരാജാക്കൻമാരുടെ സ്ഥാനത്ത് നിറുത്തി ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് പകരം ഒരുപാട് വിദേശ കമ്പനികൾ നാട്ടിൽ വികസന അജണ്ടകൾ നിശ്ചയിക്കുന്ന സ്ഥിതി ചെറുത്ത് തോൽപ്പിക്കപ്പെടേണ്ടതാണ്. കേരളത്തിൽ നിന്ന് കേന്ദ്രം ഒരു വർഷം പിരിച്ചെടുക്കുന്ന ഇന്ധന വാഹന നികുതിയുടെ പത്ത് ശതമാനം മാത്രമാണ് സംസ്ഥാനത്തിന്റെ റോഡുവികസനത്തിനായി നമുക്കവർ തിരിച്ചു നൽകുന്നത്. ഓരോ സംസ്ഥാനത്തു നിന്നും കേന്ദ്രം പിരിച്ചെടുക്കുന്ന സംഖ്യയുടെ 58 ശതമാനം ദേശീയ പാതകളുടെ വികസനത്തിനും 22 ശതമാനം പാലങ്ങളുടെ വികസനത്തിനും 20 ശതമാനം സംസ്ഥാന പാതകളുടെ വികസനത്തിനും ഉപയോഗി

ക്കണമെന്നാണ് വ്യവസ്ഥ. പക്ഷേ കേന്ദ്രം വെറും 10% മാത്രമാണ് ഇവിടെ നിന്ന് പിരിച്ചെടുക്കുന്ന തുകയിൽ നിന്ന് കേരളത്തിന്റെ റോഡ് വികസനത്തി നായി തിരിച്ചു നൽകുന്നത്. നമ്മുടെ സംസ്ഥാനത്ത് നിന്ന് പെട്രോൾ, ഡീസൽ നികുതിയിനത്തിൽ 699 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് ഒരു വർഷം കൊണ്ടുപോകുന്നത്. വാഹന നികുതിയിനത്തിൽ 1410 കോടി രൂപയാണ് കേന്ദ്രം പിരിച്ചെടുക്കുന്നത്. കേരളത്തിന്റെ ദേശീയപാത നാലുവ രിയാക്കുന്നതിന് ആവശ്യമായ തുക 4250 കോടി രൂപയാണ്. അതായത് സംസ്ഥാനത്ത് നാഷണൽ ഹൈവേയിൽ നാലുവരിപ്പാത നിർമ്മിക്കാൻ കേരള ത്തിൽ നിന്ന് രണ്ടു വർഷം പിരിച്ചുകൊണ്ടു പോകുന്ന നികുതിപ്പണം മാത്രം മതി. ഈ സത്യം മറച്ചുവച്ചുകൊണ്ടാണ് ടോൾ റോഡുകളും ടോൾ പാല ങ്ങളും ഉണ്ടാക്കുന്നതിനെക്കുറിച്ച് നിയമനിർമ്മാണം നടത്തുന്നത്. കേരള ത്തിൽ നിന്ന് കോടികൾ നികുതിയിനങ്ങളിൽ പിരിച്ചെടുക്കുകയും ഇവിടത്തെ റോഡുവികസനത്തിൽ നിന്ന് ഒഴിഞ്ഞുപോവുകയും ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ ഇരട്ടത്താപ്പിന് ചൂട്ട് പിടിക്കാൻ വേണ്ടിയാണ് ടോൾ റോഡു കളെ സംബന്ധിക്കുന്ന ഭേദഗതി ബിൽ തന്നെ കൊണ്ടുവരപ്പെട്ടിരിക്കുന്നത്. അഞ്ചുകോടി രൂപയാക്കി എന്നുള്ളതുകൊണ്ട് എന്താണ് സ്ഥായിയായ മാറ്റം സംഭവിക്കാൻ പോകുന്നത്? പി.ഡബ്ല്യു.ഡി. യുടെ ഇപ്പോഴത്തെ **റൈറ്റ് ടു റേറ്റ് റിവൈസ് സ്റ്റേജില്ലേ** – ഓരോ വർഷവും ഇനി പി.ഡബ്ല്യു.ഡി. യുടെ റേറ്റ് റിവൈസ് ചെയ്തുകൊണ്ടേയിരിക്കും. എത്ര ഭീമമായ വർദ്ധനവാണ് അതിലൊക്കെ വന്നുകൊണ്ടിരിക്കുന്നത്. 5 കോടി എന്നുള്ളത് ഏറ്റവും ചുരു ങ്ങിയത് 25 കോടി രൂപയെങ്കിലുമാക്കിയില്ലെങ്കിൽ ഗ്രാമീണമേഖലയിലെ റോഡുകൾക്കു പോലും ടോൾ കൊടുക്കേണ്ട ദുരവസ്ഥയിലേയ്ക്ക് ഗ്രാമീണ

ജനത പോകേണ്ടിവരും. നാട്ടിൻപുറങ്ങളിൽ റോഡ് റബ്ബറൈസ് ചെയ്യുന്നതിനു വേണ്ടി നാലു മുതൽ ആറു കോടി രൂപവരെയാണ് ചെലവഴിക്കുന്നത്. അങ്ങനെ ചെലവാഴിക്കുന്ന റോഡുകൾക്ക് ടോൾ പിരിക്കേണ്ട സാഹചര്യമുണ്ടായാൽ കേരളത്തിലെ എല്ലാ റോഡുകളും ടോളിന്റെ പരിധിയിൽ വരുന്ന സ്ഥിതിയുണ്ടാകും. ഒരു കാരണവശാലും അതുണ്ടാകാൻ പാടില്ല. നാടിന്റെ വികസനമാണ് സർക്കാർ ലക്ഷ്യമാക്കുന്നതെങ്കിൽ നാട്ടിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ജീവിക്കണ്ടേ? വാഹനമുള്ളവർക്ക് മാത്രം ജീവിച്ചാൽ മതിയോ? സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും കുടിയിറക്കപ്പെടുന്നവരുടേയും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നാം കാണാതെ പോകരുത്. നാഷണൽ ഹൈവേ വീതി കൂട്ടുന്നതിന് ആളുകളെ കുടിയൊഴിപ്പിച്ചാൽ നമുക്കെന്താണെന്ന് നമ്മൾ ചോദിച്ചേയ്ക്കാം, കാരണം നമ്മുടെ ഒരിഞ്ച് ഭൂമി പോലും നഷ്ടപ്പെടുന്നില്ലല്ലോ. ഹൈവേ വികസനം എന്നു പറഞ്ഞുകൊണ്ട് നമ്മുടെ വീട്ടിന്റെ അകത്തളങ്ങളിലേയ്ക്ക് സ്ഥലം അക്വയർ ചെയ്യാൻ ആളുകൾ വരുമ്പോൾ മാത്രമേ നമുക്ക് അതിന്റെ വേദനയും വിഷമവും ബുദ്ധിമുട്ടും മനസ്സിലാകുകയുള്ളൂ. എല്ലാറ്റിനോടും നിസ്സംഗമായ ഒരു സമീപനമാണ് നമ്മുടെ നാട്ടിലെ ആളുകൾ സ്വീകരിക്കുന്നത് എന്നുള്ളതുകൊണ്ടാണ് സർക്കാരിനെ ഇത്തരത്തിലുള്ള പരിപാടികളുമായി മുന്നോട്ടുപോകാൻ പ്രചോദിപ്പിക്കുന്നത് എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ ഈ സന്ദർഭത്തിൽ ഞാൻ ഒരു കഥ ഓർക്കുകയാണ്. കുറ്റകരമായ നിസ്സംഗത ജനങ്ങൾ പുലർത്തിയാൽ ഒരുപാടൊരുപാട് ഭാരങ്ങൾ അവർക്ക് ചുമക്കേണ്ടി വരും. അവസാനം അവർക്ക് ശബ്ദിക്കാൻ പോലും സാധിക്കാത്ത ഒരു സ്ഥിതിയുണ്ടാകും. ജർമ്മനിയിൽ എങ്ങനെയാണ് ഫാസിസം ഒരു വ്യവസ്ഥയായി വന്നത് എന്നതിനെക്കുറിച്ച് **പാസ്ചർ ന്യൂമോറർ** എന്ന

മഹാനായ തത്വചിന്തകൻ ഒരു കഥ പറഞ്ഞിട്ടുണ്ട്. ആ കഥ കേരളത്തിലേയും ഇന്ത്യയിലേയും മുഴുവൻ ജനങ്ങൾക്കും ബാധകമാണ്. അവരത് ഓർമ്മിക്കണം. **ന്യൂമോററുടെ** വാക്കുകൾ തന്നെ ഞാൻ ഉദ്ധരിക്കുകയാണ്. ‘ഒരു ദിവസം സന്ധ്യാസമയത്ത് ഞാൻ എന്റെ വീട്ടിലിരിക്കുന്ന സന്ദർഭത്തിലാണ് ഹിറ്റ്ലറുടെ പട്ടാളം എന്റെ വീട്ടുപടിക്കൽ വന്നത്. അവരെന്നോട് ചോദിച്ചു? Are you a Jew ? നിങ്ങൾ ഒരു ജൂതമതക്കാരനാണോ? I was not a Jew. ഞാനൊരു ജൂതമതക്കാരനല്ലായിരുന്നു. അതുകൊണ്ടുതന്നെ ജൂതമതക്കാരായിട്ടുള്ള ആളുകളുടെ വീടുകൾ ഞാൻ അവർക്ക് കാണിച്ചുകൊടുത്തു. അവരെയും കൊണ്ട് ഹിറ്റ്ലറുടെ പട്ടാളം പോയാൽ അവരുടെ സ്വത്ത് എന്റേതാകുമല്ലോ എന്നുള്ളതായിരുന്നു എന്റെ ചിന്ത. രണ്ടാമതും ഹിറ്റ്ലറുടെ പട്ടാളം വന്നു, അന്ന് ഞാൻ ഉറങ്ങാൻ പോകുന്ന സമയമായിരുന്നു. എന്റെ വീടിന്റെ വാതിലിൽ അവർ തട്ടി വിളിച്ചു. വാതിൽ തുറന്നുനോക്കിയ എന്നോട് അവർ ചോദിച്ചു. Are you a Communist? നിങ്ങൾ ഒരു കമ്മ്യൂണിസ്റ്റുക്കാരനാണോ? I was not a Communist. ഞാനൊരു കമ്മ്യൂണിസ്റ്റുക്കാരനല്ലായിരുന്നു. പക്ഷേ കമ്മ്യൂണിസ്റ്റുക്കാരായിട്ടുള്ള എന്റെ അയൽവാസികളുടെ വീടുകൾ ഞാൻ അവർക്ക് കാണിച്ചുകൊടുത്തു. അവരെയും കൊണ്ട് ഹിറ്റ്ലറുടെ പട്ടാളം പോയാൽ അവരുടെ സമ്പത്ത് എന്റേതാകുമല്ലോ എന്നുള്ളതായിരുന്നു അപ്പോഴും എന്റെ ചിന്ത. മൂന്നാമതും ഹിറ്റ്ലറുടെ പട്ടാളം എന്റെ വീട്ടിൽ എന്നെ തേടി എത്തി. ഞാൻ ഉറങ്ങാൻ പോകുന്ന സമയത്തായിരുന്നു അത്. ബൂട്ട്സിന്റെ ശബ്ദം കേട്ട്, എന്റെ വീടിന്റെ വാതിൽ തട്ടിവിളിക്കുന്ന ശബ്ദം കേട്ട് ഞാൻ ഞെട്ടിയുണർന്ന് വാതിലുകൾ തുറന്നു നോക്കി. അവരെന്നോട് ചോദിച്ചു? Are you a Roman Catholic ? നിങ്ങൾ ഒരു റോമൻ

കത്തോലിക്കനാണോ? ഞാനൊരു റോമൻ കത്തോലിക്കനല്ലായിരുന്നു. റോമൻ കത്തോലിക്കരായിട്ടുള്ള ആളുകളുടെ വീടുകൾ ഞാൻ അവർക്ക് കാണിച്ചുകൊടുത്തു. അവരെയും കൊണ്ട് ഹിറ്റ്ലറുടെ പട്ടാളം പോയി. അവസാനം ഒരു ദിവസം രാത്രി ഞാൻ സ്വപ്നങ്ങൾ കണ്ടുറങ്ങുന്ന സമയത്ത് എന്റെ സമ്മതത്തിനു കാത്തുനിൽക്കാതെ എന്റെ വാതിലുകൾ തട്ടിത്ത കർത്തുകൊണ്ട് എന്റെ കിടപ്പുമുറിയിൽ അവർ എത്തി. ഞാൻ കിടന്നുറങ്ങി യിരുന്ന കട്ടിലിൽ നിന്ന് അവരെന്നെ വലിച്ച് താഴെയിട്ടു. എന്നെ വലിച്ചിഴച്ചു കൊണ്ട് അവർ പോയി. ഞാൻ ആർത്തട്ടഹസിച്ച് നിലവിളിച്ചു. പക്ഷേ എന്റെ ആർത്തനാദം കേൾക്കാൻ ജർമ്മനിയിൽ പ്രതികരണശേഷി നഷ്ടപ്പെ ടാത്തവരായി ആരും തന്നെ ജീവിച്ചിരിപ്പുണ്ടായിരുന്നില്ല.' കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഓരോ ഇരകളേയും ഒറ്റയ്ക്കൊറ്റയ്ക്ക് വേട്ടയാടുവാനാണ് ശ്രമിക്കുന്നത്. ഇങ്ങനെ ഓരോ ഇരകളും വേട്ടയാടപ്പെടുമ്പോൾ നിശ്ശബ്ദ മായി നിൽക്കുന്ന മനുഷ്യർ ഒരു കാര്യം ആലോചിക്കണം, ഈ ദംഷ്ട്രങ്ങൾ എന്നെങ്കിലും നമ്മുടെ വീട്ടുപടിക്കലുമെത്തും. അന്ന് നമ്മൾ നിലവിളിക്കു മ്പോൾ, നമ്മുടെ നിലവിളി കേൾക്കാൻ നാട്ടിൽ ഒരു മനുഷ്യനുമുണ്ടാകില്ല. ഈ കഥ ഇരകളെ വേട്ടയാടപ്പെടുമ്പോൾ മൗനികളായി നിൽക്കുന്നവർക്ക് ഒരു പാഠമാകണം എന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.06.2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1976–ലെ കേരള ടോൾ ആക്ടിന്റെ ഭേദഗതിയാണ്. ഇതിൽ ഒരു ക്ലോസ്സിൽ മാത്രമാണ് ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. ഒരു കോടി രൂപ വരെ നിർമ്മാണ ചെലവുള്ള പാലങ്ങൾക്ക് ടോളുണ്ടായിരുന്നത്, അതിന്റെ സാമ്പത്തിക പരിധി അഞ്ചു കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. അഞ്ചു കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള ഈ നീക്കത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ദേശീയപാതയിലെ ടോളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. ഇതിന്റെ ഭേദഗതിയിൽ അതിനെ സംബന്ധിച്ച് വാചാലമാകുന്നതിൽ അർത്ഥമില്ല. അതുപോലെ ബി.ഒ.ടി. സംബന്ധിച്ച കാര്യങ്ങൾ, അതിന് പ്രത്യേകമായ ആക്ട് വേറെയുണ്ട്. Built, Operate and Transfer എന്ന് പറയുന്ന അത്തരം രീതിയിലുള്ള നിർമ്മാണങ്ങൾ അത് വേറെ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. 1976 മുതൽ ഭരണപക്ഷവും പ്രതിപക്ഷവും അല്ലെങ്കിൽ യു.ഡി.എഫും എൽ.ഡി.എഫും പലതവണ ഭേദഗതി വരുത്തിയതാണ്. ഇതിന് മുമ്പ് ഡോ. എം. കെ. മുനീർ, പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ഇതിന്റെ സാമ്പത്തിക പരിധി ഒരു കോടി രൂപയാക്കി വർദ്ധിപ്പിച്ചത്. അതിപ്പോൾ അഞ്ചുകോടി രൂപയാക്കിയിരിക്കുകയാണ്. ഇന്നത്തെ ഈയൊരു റേറ്റ് റിവിഷന്റെയുമൊക്കെ പശ്ചാത്തലത്തിൽ എനിക്ക് സൂചിപ്പിക്കുവാനുള്ളത് ഈ അഞ്ചുകോടിയും വളരെ ഒരു ചെറിയ സംഖ്യയാണ്. അഞ്ചു കോടിയിലധികം ചെലവു വരുന്ന ചെറിയ പാലങ്ങൾ വരെയുള്ള ഈ കാലഘട്ടത്തിൽ ഇതിന്റെ പരിധി 10 കോടിയെങ്കിലുമാക്കി ഉയർത്തണമെന്ന ഒരു പ്രായോഗികമായ നിർദ്ദേശം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ വയ്ക്കുകയാണ്. നിലവിലുള്ള ഇതിന്റെ ആക്ടിൽ തന്നെ ധാരാളം പോരായ്മകളുണ്ട്. അതിൽ ചിലതു കൂടി ഈ

ചർച്ചയുടെ ഭാഗമായി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ സെക്ഷൻ 8 –ൽ ഇതിന്റെ പെനാൽറ്റിയെക്കുറിച്ച് പറയുന്നുണ്ട്. അതുപ്രകാരം എത്ര കേസ്സുകൾ രാജ്യത്ത് എടുത്തിട്ടുണ്ട് എന്നുള്ളതൊക്കെ പരിശോധിക്കേണ്ടതാണ്. കാരണം ഇതിന്റെ ഒരു അവ്യക്തത വളരെ പ്രകടമാണ്. സെക്ഷൻ 8– ൽ പറയുന്നത് Every person other than any person appointed to collect toll who leaves or demands any toll on any bridge shall on conviction by a magistrate. ഈ 8–ാം വകുപ്പിൽ നിരന്തരം ആവർത്തിച്ചു പറയുന്നത് ഒരു മജിസ്ട്രേറ്റ്, ഒരു മജിസ്ട്രേറ്റ്.... എന്നാണ്. നിയമത്തിന്റെ വ്യക്തതയ്ക്കു വേണ്ടി ഏത് മജിസ്ട്രേറ്റാണെന്ന് പറയുന്നത് കുറേക്കൂടി ഉചിതമായിരിക്കും. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടാണ് എന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. നമുക്ക് ഡിസ്ട്രിക്ട് മജിസ്ട്രേറ്റുണ്ട്, അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റുണ്ട്, സബ് ഡിവിഷണൽ മജിസ്ട്രേറ്റുണ്ട്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുണ്ട് ഇങ്ങനെയൊക്കെയുള്ള ഒരു പശ്ചാത്തലത്തിൽ ഇവിടെ കൂടി ഒരു ഭേദഗതി നന്നായിരിക്കുമെന്ന് നിർദ്ദേശിക്കുകയാണ്. ഇവിടെ എല്ലായിടത്തും shall on conviction by a Magistrate be liable to be a fine which may extend to hundred rupees എന്നു പറയുന്നുണ്ട്. അതുപോലെ മജിസ്ട്രേറ്റ്, മജിസ്ട്രേറ്റ് എന്ന് ആവർത്തിച്ച് പറയുന്നുമുണ്ട്. ഡെഫിനിഷൻ ക്ലോസ്സിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുമില്ല. സെക്ഷൻ 8–ന്റെ ക്ലോസ് 4–ൽ ഓഫീസർ – നിർവ്വഹണം കൂടുതൽ ക്ലാരിറ്റി വേണം. ഇവിടെ 4–ൽ പറയുന്നത്, No Magistrate shall take cognisance of any offence under this Act except on a complaint in writing made by an officer authorized by the Government in this behalf.

ഏത് ഓഫീസറാണെന്ന് പറഞ്ഞിട്ടില്ലയെന്നുള്ളത് വളരെയേറെ ആശയക്കുഴപ്പമുള്ള ഒരു കാര്യമാണ്. അതുപോലെത്തന്നെ ഇതിലെ വേറൊരു തെറ്റുകൂടി ഇത് ഓപ്പൺ ചെയ്ത സാഹചര്യത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സെക്ഷൻ 10-ന്റെ നിയമപരമായ നിലനിൽപ്പിനെ സംബന്ധിച്ചുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. സെക്ഷൻ 10 പറയുന്നത്, *Bar to proceedings*:- എന്നിട്ട് പറയുന്നത്. No suit, prosecution or other legal proceedings shall lie against any officer or other person for anything which is in good faith done or intended to be done under this Act. ഈ ആക്ട് പ്രകാരം പ്രവർത്തിച്ച ഏത് ഓഫീസർക്കെതിരെയും ഒരു suit-ഉം, suit എന്നാൽ സിവിൽ സ്യൂട്ടായിരിക്കാം, ഒരു ക്രിമിനൽ പ്രോസിക്യൂഷനും നിലിനിൽക്കില്ലായെന്നുപറയുന്നത് നിയമപരമായി ഈ സെക്ഷന് നിലനിൽപ്പില്ലായെന്നാണ് എന്റെ അഭിപ്രായം. ഒരു അന്യായത്തിനെതിരെ ഏത് ഓഫീസർക്കെതിരെയും ഏതൊരു ഇന്ത്യൻ പൗരനും രാജ്യത്തെ നീതിന്യായ വ്യവസ്ഥയെ സമീപിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. അത് ഭരണഘടനാപരമായ സ്വാതന്ത്ര്യമാണ്. ആ സ്വാതന്ത്ര്യത്തെ ഒരു ആക്ടിലൂടെ നിഷേധിക്കുവാൻ സാധിക്കില്ലായെന്ന വസ്തുതകൂടി ഇത് സംബന്ധിച്ചൊരുചർച്ച നടക്കുമ്പോൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. മറ്റൊരു നിർദ്ദേശമുള്ളത് 3(B) വകുപ്പിലാണ്. അതിൽ പറയുന്നത്, 15 കി.മീറ്റർ ചുറ്റളവിൽ ഒന്നിൽ കൂടുതൽ പാലങ്ങളുണ്ടെങ്കിൽ ഒന്നിനുമാത്രം ടോൾ എന്നുള്ളതാണ്. എന്റെ അഭിപ്രായത്തിൽ 20 കി.മീറ്ററെങ്കിലും ആക്കി മാറ്റേണ്ടതുണ്ട്. അടുത്തടുത്ത് പാലങ്ങൾ വരുമ്പോൾ 15 കി.മീറ്ററിനുള്ളിൽ ഒന്നിൽ കൂടുതൽ പാലങ്ങൾ ഉണ്ടെങ്കിൽ ഒന്നിന് ടോൾ

കൊടുത്താൽ മതി. അത് ഇരുപത് കി.മീറ്ററെങ്കിലും ആക്കി മാറ്റേണ്ടത് ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ രാജ്യത്തിലെ പട്ടിണിപ്പാവങ്ങൾക്കുവേണ്ടി ചെറിയ നിർദ്ദേശം വയ്ക്കുകയാണ്. ബില്ലുകളും നിയമങ്ങളും ഉണ്ടാക്കുമ്പോൾ അതിനകത്തുനിന്ന് സംസാരിക്കണം. വെറുതെ കുറേ അന്താരാഷ്ട്ര കാര്യങ്ങൾ പറഞ്ഞതുകൊണ്ട് കാര്യമില്ല. ടോളിൽ നിന്ന് മോട്ടോർ ബൈക്കുകളെ ഒഴിവാക്കിയതുപോലെ മുച്ചക്രവാഹനങ്ങളെ, അതായത് ഓട്ടോറിക്ഷകളെ കൂടി ടോളിൽ നിന്ന് ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനയപൂർവ്വം രാജ്യത്തെ പട്ടിണിപ്പാവങ്ങൾക്കുവേണ്ടി അപേക്ഷിക്കുകയാണ്. ഓട്ടോറിക്ഷക്കാർ നിരന്തരം അങ്ങോട്ടുമിങ്ങോട്ടും പോവുകയും വരികയും ചെയ്യും. ഈ പാവങ്ങൾ ഇതിന് ടോൾ കൊടുക്കുകയെന്നുള്ളത് വളരെ പ്രയാസമുള്ള സംഗതിയായതുകൊണ്ട് മുച്ചക്രവാഹനങ്ങളെയും യാത്ര ചെയ്യുന്ന ഓട്ടോറിക്ഷകളെയും ടോളിൽ നിന്ന് ഒഴിവാക്കണം. അതുപോലെ മീൻ തുടങ്ങി കുറച്ച് സാധനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകുന്ന ഓട്ടോ ക്യാരേജുകളുണ്ടാകും അതും മുച്ചക്രവാഹനങ്ങളാണ്. അവർ ഒരുപ്രാവശ്യം ടോൾ അടച്ച് തിരിച്ചുവരുമ്പോൾ വീണ്ടും ടോൾ അടയ്ക്കേണ്ടിവരും. ഇങ്ങനെ കൂലിപ്പണിക്കാരും പാവപ്പെട്ടവരും യാത്ര ചെയ്യുകയും ജോലി ചെയ്യുകയും ചെയ്യുന്ന മുച്ചക്രവാഹനങ്ങളെകൂടി ടോളിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയാണ്. അതോടൊപ്പം ദേശീയ പാതയിലെ ടോളുകൾക്കും സംസ്ഥാന പാതയിലെ ടോളുകൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കാൻ നമ്മൾ കേന്ദ്രത്തിൽ സമ്മർദ്ധം ചെലുത്തണം. ഈ ആക്ടിന്റെ ഭാഗമായി ഇവിടെയുള്ള മന്ത്രിമാരെയും ഭരണകൂടത്തെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ദേശീയപാതയിലെ ടോളിന് വേറൊരു നിയമമാണ്. അതിന്റെ രീതിയിലാണ് നടക്കുന്നത്. അതോടൊപ്പം ഇതിനുള്ള

കാലാവധിയും നിശ്ചയിക്കണം. 15 വർഷം പൂർത്തിയായാൽ, നിശ്ചിത സംഖ്യ പിരിച്ചാലാണ് ടോൾ അവസാനിപ്പിക്കുന്നത്. 15 വർഷം പൂർത്തിയായാൽ ടോൾ പിരിവ് നിർത്തുമെന്നാണ് നിലവിലെ വ്യവസ്ഥയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതൊരു പത്ത് വർഷമായിട്ടെങ്കിലും ചുരുക്കണം. പണം കിട്ടിയാലും ഇല്ലെങ്കിലും പത്ത് വർഷത്തിൽ കൂടുതൽ ഒരു പാലത്തിന്റെ ടോൾ പിരിക്കുകയെന്നത് ന്യായീകരിക്കത്തക്കതല്ലായെന്ന അഭിപ്രായം കൂടിയുണ്ട്. ഭേദഗതികളിൽ ഈ പറഞ്ഞ കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയാൽ നന്നായിരിക്കുന്നെ അഭിപ്രായം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ചെറിയ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. രാജു, അങ്ങേയ്ക്ക് 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. രാജു: 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (B) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, അഞ്ച് കോടി രൂപയിൽ കുറവാണ് ഒരു പാലത്തിന്റെ നിർമ്മാണ ചെലവെങ്കിൽ അവയെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, ചെറിയ പാലങ്ങളെ ടോൾ പിരിവിൽ നിന്നും ഒഴിവാക്കി കൊടുക്കുകയെന്നുള്ളതാണ്. ഇന്ന് നിർമ്മാണ സാധനങ്ങളുടെയെല്ലാം വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ഈ നിശ്ചയിക്കപ്പെട്ടിട്ടുള്ള തുക വളരെ അപര്യാപ്തമാണ്. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. എൻ. ഷംസുദീൻ പത്ത് കോടി രൂപവരെ നിർമ്മാണച്ചെലവ് വരുന്ന പാലങ്ങളെ ഒഴിവാക്കണ

മെന്ന നിലയിലാണ് സൂചിപ്പിച്ചത്. അത് വളരെ കുറവാണ്. അമ്പത് കോടി രൂപ ചെലവ് വരുന്ന പാലങ്ങളും അതുപോലെ അതിനുമുകളിൽ വരുന്ന മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുമാത്രമേ ടോൾ ഏർപ്പെടുത്താവൂയെന്നുള്ളതാണ് എനിക്ക് ഈ അവസരത്തിൽ നിർദ്ദേശിക്കാനുള്ളത്. ടോൾ പിരിവ് തന്നെ അടുത്തകാലത്ത് ഉയർന്നുവന്നിട്ടുള്ള പുതിയ സംരംഭമാണ്. ഗതാഗതയോഗ്യമായ റോഡ്, പാലം ഇവയെല്ലാം നിർമ്മിച്ച് നൽകുകയെന്നുള്ളത് ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. മോട്ടോർ വാഹനങ്ങളിൽ നിന്ന് വൻതോതിൽ നികുതി പിരിക്കുന്നുണ്ട്. മോട്ടോർ ടാക്സ് അഡ്വാൻസായി പിരിക്കുകയാണ് ചെയ്യുന്നത്. പത്ത്, പതിനഞ്ച്, ഇരുപത് വർഷമെന്ന നിലയിൽ അഡ്വാൻസ് ടാക്സും റോഡ് ടാക്സും പിരിക്കുന്നുണ്ട്. അതുപോലെ നിരവധിയായിട്ടുള്ള ടാക്സുകൾ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പിരിക്കുമ്പോൾ ആ തുക എന്തിനുവേണ്ടിയാണ് ഉപയോഗിക്കേണ്ടത്? വാഹന ഉടമകളിൽ നിന്ന് അഡ്വാൻസായി വൻതോതിൽ ഇപ്പോൾ ടാക്സ് പിരിക്കുന്നുണ്ട്. അങ്ങനെ പിരിക്കുന്ന ടാക്സ് പൂർണ്ണമായും ഈ നാട്ടിലെ ജനങ്ങൾക്ക്, അത് വാഹനത്തിലായാലും അല്ലാതെയും സഞ്ചരിക്കുന്നതിനാവശ്യമായിട്ടുള്ള ഗതാഗതയോഗ്യമായ റോഡുകൾ, പാലങ്ങൾ ഇവ നിർമ്മിച്ചുകൊടുക്കുവാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുതന്നെയാണ്. ഇന്നിപ്പോൾ ടോളിലൂടെ പണംപിരിച്ചുകൊടുത്ത് ജനങ്ങളുടെമേൽ ഭാരം ഏൽപ്പിച്ച് അതിലൂടെ മാത്രമേ പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുകയുള്ളൂവെന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. ഇതൊരു ജനാധിപത്യ ഭരണക്രമത്തിന് യോജിച്ചതല്ല. ഇങ്ങനെ പിരിക്കുന്ന ടാക്സ്......... പെട്രോളിയം ഉത്പന്നങ്ങൾക്ക് ടാക്സ് പിരിക്കുന്നുണ്ട്. ഒരു ലിറ്റർ പെട്രോളിന്റെ വിൽപ്പന നടക്കുമ്പോൾ രണ്ട് രൂപയെങ്കിലും

റോഡ് ടാക്സിനത്തിൽ പെട്രോളിയം ഉത്പന്നങ്ങളിൽ നിന്ന് ലഭിക്കണം. ആ നിലയിൽ നോക്കുമ്പോൾ പിരിക്കപ്പെടുന്ന പതിനായിരക്കണക്കിന്, ലക്ഷ ക്കണക്കിന് കോടി രൂപ എന്തിനുവേണ്ടി ഉപയോഗിക്കുന്നു. സംസ്ഥാന ഗവൺമെന്റിന് അതിന്റെ പങ്ക് കിട്ടുന്നുണ്ടോ? റോഡ് ടാക്സിനത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് തരുന്ന വിഹിതം തരുന്നുണ്ടോ? ഇവയെല്ലാം ഈ അവസരത്തിൽ ആലോചിക്കേണ്ടതാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത്, നല്ല ഗതാഗതയോഗ്യമായ റോഡായാലും പാലമായാലും നിർമ്മിച്ച്........ നമ്മുടെ പൗരന്റെ അവകാശമാണ്, ഇന്ത്യയിൽ നിലവിലിരിക്കുന്ന ജനങ്ങളുടെ മൗലികാവകാശത്തിൽപ്പെടുന്ന കാര്യമാണ് യാത്രാസ്വാതന്ത്ര്യമെന്നുപറയു ന്നത്. അതിനാവശ്യമായ സൗകര്യം ഒരുക്കിക്കൊടുക്കുന്നതിൽ ഗവൺമെന്റിന് ഉത്തരവാദിത്തമുണ്ട്. ഗവൺമെന്റ് അത് ചെയ്യണം. ടോൾ പിരിച്ച്, എല്ലാ ഭാരവും ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച് മാത്രമേ റോഡുകളും പാലങ്ങളും നിർമ്മിക്കുകയുള്ളൂവെന്ന സമീപനം മാറണമെന്നാണ് എനിക്ക് ഈ അവസര ത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ഇപ്പോഴുള്ള നിലയിലേക്ക് കാര്യങ്ങൾ പോയാൽ ചെറുകിട നിർമ്മാണ മേഖലയിൽ ചെറിയ റോഡുകളും പാല ങ്ങളും നിർമ്മിക്കുന്ന കാര്യത്തിൽപോലും ടോൾ ഏർപ്പെടുത്തുന്ന നിലയി ലേക്ക് കാര്യങ്ങൾ പോവുകയാണ്. ഈ രീതിയിൽ പോയാൽ കുറച്ചുകൂടി കഴിയുമ്പോൾ നടപ്പാതകളിലും ടോൾ ഏർപ്പെടുത്തുന്ന സ്ഥിതിയിലേക്ക് സർക്കാരുകൾ കാര്യങ്ങൾ ആലോചിച്ച് തുടങ്ങും. ഏത് സർക്കാരാണെന്ന് ഞാൻ പറയുന്നില്ല. ഈ വിഷയത്തിൽ രാഷ്ട്രീയമൊന്നുമില്ല. ഗവൺമെന്റുകൾ ഇപ്പോൾ വന്നുനിൽക്കുന്നത് ആ നിലയിലേക്കാണ്. ഗതാഗത സൗകര്യം ഒരുക്കിക്കൊടുക്കുകയെന്നത് ഗവൺമെന്റിന്റെ പ്രാഥമിക ഉത്തരവാദിത്വത്തിൽപ്പെടുന്നതാണ്. അങ്ങനെയാണെങ്കിൽ ആ നിലയിൽ

കാര്യങ്ങൾ ആലോചിക്കാതെ റോഡുകളായാലും പാലങ്ങളായാലും ഈ പറയുന്ന ടോൾ പോലുള്ള കാര്യങ്ങൾ ഏർപ്പെടുത്തുകവഴി നമ്മുടെ സമൂഹ ത്തിൽ പലതരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നു. ചില ടോൾ ബൂത്തുക ളുടെ പ്രവർത്തനം പരിശോധിച്ചാൽ, അവിടെ .ഭീഷണിപ്പെടുത്താൻവേണ്ടി വലിയ ഭീമൻമാരായിട്ടുള്ള, കൊമ്പൻമാരായിട്ടുള്ള ആളുകളെ കൊണ്ടുനിർത്തുകയാണ്. അവിടെ വല്ല വഴക്കുകളോ ശല്യങ്ങളോ ഉണ്ടായാൽ വാഹനത്തിൽ വരുന്ന ആളിന്റെ പക്കൽനിന്നും തുക കൃത്യമായി കിട്ടാൻവേണ്ടി ഇത്തരം ആളുകളെ കൊണ്ടുനിർത്തുകയാണ്. അവിടെ നിൽക്കുന്ന കൊമ്പൻ മീശക്കാരനായിട്ടുള്ള മറ്റൊരു രീതിയിൽ പറഞ്ഞാൽ ടോൾ ബൂത്തിൽ കരാറുകാരൻ നിർത്തിയിരിക്കുന്ന കായിക ശേഷിയുള്ള ആൾ ഗുണ്ടായെന്ന് വേണമെങ്കിൽ പറയാം, തുക പിരിക്കുകയാണ്.

ദേശീയപാതയിൽ ബി.ഒ.റ്റി. വ്യവസ്ഥയിൽ ഒരു പണി ചെയ്യുമ്പോൾ ഗവൺമെന്റ് 40% തുക ഗ്രാന്റായി കൊടുക്കുകയാണ്. യഥാർത്ഥത്തിൽ പൊതുമരാമത്ത് വകുപ്പ് ഒരു കിലോമീറ്റർ റോഡ് ദേശീയപാതയുടെ നിലവാരത്തിൽ ചെയ്യുന്നതിനുവേണ്ടി ആറ് കോടി രൂപയോ ഏഴരക്കോടി രൂപയോ മാത്രമേ ചെലവാക്കുകയുള്ളു. അതാണ് ഇവിടത്തെ റേറ്റ്. എന്നാൽ ബി.ഒ.റ്റി. വ്യവസ്ഥയിലാകുമ്പോൾ ഒരു കിലോമീറ്ററിന് 25 കോടി രൂപവരെ ആകുന്നുണ്ട്. ഈ കണക്കനുസരിച്ച് 40% തുക പണി തുടങ്ങുന്നതിനുമുമ്പ് ഈ കരാറുകാരന് ഗ്രാന്റായി ലഭിക്കുന്നു. ഗ്രാന്റായി ലഭിക്കുന്ന തുക മാത്രം വച്ചാണ് ഈ പണി നടത്തുന്നത്. ബി.ഒ.റ്റി. വ്യവസ്ഥയിലൂടെ കാര്യങ്ങൾ നടത്തുന്നതുവഴി വമ്പിച്ച കൊള്ളയാണ് നടക്കുന്നത്. ആ നിലയിൽ ജനങ്ങളുടെമേൽ ഭാരം അടിച്ചേൽപ്പിക്കുന്ന ഈ

സമീപനത്തിന് ഒരറുതി വരേണ്ടതുണ്ട്. പലപ്പോഴും പല പാലങ്ങളും നിർമ്മിക്കുന്നുണ്ടെങ്കിലും അതിന്. അപ്രോച്ച് റോഡില്ല. ഗതാഗതവും റോഡുകളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ശാസ്ത്രീയമായി പഠനം നടത്തിക്കൊണ്ടുള്ള സമീപനവുമായിവേണം മുന്നോട്ടുപോകേണ്ടത്. പാലം നിർമ്മിക്കേണ്ടത് അവ ആവശ്യമുള്ള സ്ഥലത്തായിരിക്കണം. അവിടെ അപ്രോച്ച് റോഡിനുള്ള സൗകര്യമുണ്ടായിരിക്കണം. അങ്ങനെ പാലത്തേയും അപ്രോച്ച് റോഡിനെയും സംബന്ധിച്ച് സമഗ്രമായ പഠനവും സർവ്വെയും നടത്തിക്കൊണ്ടുള്ള സമീപനമെടുക്കാൻ കഴിയണം. സർക്കാരിന്റെ പണം ചെലവഴിച്ചുകൊണ്ട് അപ്രോച്ച് റോഡില്ലാതെ പാലം മാത്രം പണിതു നിർത്തിയിട്ടുള്ള സ്ഥിതിയുണ്ട്. കേരളത്തിലെ റോഡുകളെ സംരക്ഷിക്കാൻവേണ്ടി, വെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ ഓട വേണമെന്ന് പി.ഡബ്ല്യൂ.ഡി.-ക്ക് തോന്നിയത് എപ്പോഴാണ്? കേരളത്തിലെ ഏതെങ്കിലും റോഡുകൾക്ക് ഓടയുണ്ടായിരുന്നോ? ഒരുപക്ഷേ തിരുവനന്തപുരത്തെ തെരുവീഥികളിലോ മറ്റോ രാജാക്കൻമാരുടെ കാലത്തുള്ള ചില റോഡുകളിൽ മാത്രമായിരുന്നു അന്ന് ഓടകളുണ്ടായിരുന്നതെങ്കിൽ പിന്നീട് നിർമ്മിക്കപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡുകളിലൊന്നും ഓട നിർമ്മാണം ഒരു പ്രധാനപ്പെട്ട വിഷയമായി കണക്കാക്കിയിരുന്നില്ല. അതുകൊണ്ട് വെള്ളം ഒഴുകി ഈ റോഡെല്ലാം നാശമായിപ്പോകുന്ന സ്ഥിതിയാണുള്ളത്. റോഡിന്റെ കാലാവധി പരമാവധി ഒരു വർഷമോ രണ്ടുവർഷമോ മാത്രമായിരിക്കും. ഇപ്പോഴാണ് പി.ഡബ്ല്യൂ.ഡി. ഓട പണിഞ്ഞുതുടങ്ങിയത്. പാലങ്ങളായാലും റോഡുകളായാലും അതിനെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനവും

സർവ്വെയും നടത്തി തീരുമാനങ്ങളെടുത്ത് ജനങ്ങളുടെ കയ്യിൽ നിന്ന് പിരിക്കുന്ന ടാക്സ് ഉപയോഗിച്ച് പി.ഡബ്ല്യൂ.ഡി.–യുടെ നേതൃത്വത്തിൽ സർക്കാരിന് അതിന്റെ നിർമ്മാണം നടത്തുവാൻ കഴിയണം. അനുബന്ധറോഡുകളുടെ വികസനവും പ്രധാനമാണ്. പാലങ്ങളുടെ നിർമ്മാണത്തോടൊപ്പം അനുബന്ധറോഡുകൾ, പ്രധാന റോഡുകളിൽ വന്നുചേരുന്ന മറ്റ് റോഡുകൾ ഇവയെല്ലാം പ്രധാനമാണ്. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. കേന്ദ്ര ഗവൺമെന്റ് റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപ ചെലവാക്കുന്നു. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് കേരളത്തിന് അർഹമായ തുക ലഭിക്കുന്നുണ്ടോ; ആ തുക ഉപയോഗിച്ചുകൊണ്ട് റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ? ഈ റോഡിൽ എത്രയോ മനുഷ്യജീവനാണ് ഓരോ ദിവസവും പൊലിയുന്നത്. ഗവൺമെന്റല്ലാതെ വേറെ ആരാണ് ഇതിനെല്ലാം ഉത്തരവാദി.? ഏതെങ്കിലും ഒരു ഗവൺമെന്റിനെ കുറ്റപ്പെടുത്തുവാൻവേണ്ടി പറയുന്നതല്ല. നമ്മുടെ ജനായത്ത ഭരണക്രമത്തിൽ റോഡിൽ മനുഷ്യജീവൻ പൊലിയുന്നതിന്റെ ഉത്തരവാദിത്വം സംസ്ഥാനം ഭരിക്കുന്ന അല്ലെങ്കിൽ കേന്ദ്രം ഭരിക്കുന്ന ഭരണകൂടത്തിനാണെന്നുള്ള കാര്യത്തിൽ തർക്കമുണ്ടോ? റോഡിലൂടെ സുരക്ഷിതമായി നടക്കുവാനും യാത്ര ചെയ്യുവാനുമുള്ള അവകാശം മനുഷ്യന്റെ പൗരാവകാശമല്ലേ? ഹൈവേയെ സംബന്ധിച്ചുപറയുമ്പോൾ, എക്സ്പ്രസ് ഹൈവേയടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയടക്കമുള്ളവർ പറയുന്നത്. എക്സ്പ്രസ് ഹൈവേ എന്നുപറയുന്നത് നല്ല കാര്യമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഉപരിതല ഗതാഗതവകുപ്പും റെയിവേയും സംയുക്തമായി പണംമുടക്കി നിർമ്മിച്ചിട്ടുള്ള പാലങ്ങൾക്ക് ഈ രീതിയിൽ ടോൾ പിരിക്കുന്നതിന് എന്തെങ്കിലും ന്യായീകരണമുണ്ടോ? ഏറ്റവും പ്രധാനപ്പെട്ട വിഷയം റോഡ് ടാക്സ് പിരിക്കുന്നു; വെഹിക്കിൾ ടാക്സ് പിരിക്കുന്നു; ഈ പിരിവെല്ലാം നടത്തിയതിനുശേഷം അതിന്റെ ഭാഗമായുള്ള പണത്തിൽ നിന്ന് നിർമ്മിച്ചിട്ടുള്ള പാലങ്ങൾക്ക് അവിടെ ബി.ഒ.റ്റി. അല്ല; മറ്റൊന്നുമല്ല; സർക്കാരിന്റേതാണ്; ബഡ്ജറ്റ് പ്രൊവിഷനാണ്; അങ്ങനെ നിർമ്മിച്ചിട്ടുള്ള പാലങ്ങളുടെ ടോൾ പിരിക്കുന്നതിനുള്ള വ്യവസ്ഥയെ ന്യായീകരിക്കുവാൻ കഴിയുമോ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കെ. രാജു: ഒരു തരത്തിലുമുള്ള ടോൾ പിരിക്കുന്നതിനെ ന്യായീകരിച്ചല്ല ഞാനിവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഒരു തരത്തിലുമുള്ള ടോൾ വേണ്ടെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇത് ഭരിക്കുന്ന ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്; ജനങ്ങൾക്കാവശ്യമായ നല്ല റോഡ് കിട്ടുകയെന്നുള്ളത് അവരുടെ പൗരാവകാശമാണ്. ആദ്യനാളുകളിൽ നിർമ്മാണ ചെലവിനാവശ്യമായിട്ടുള്ള ടോൾ പിരിക്കുന്നതിനുള്ള സമയം രണ്ടോ മൂന്നോ അല്ലെങ്കിൽ നാലോ അഞ്ചോ വർഷം എന്നുള്ള നിലയിലാണ് നിശ്ചയിച്ചുകൊടുത്തിരുന്നത്. എന്നാൽ ഇന്നിപ്പോൾ അങ്ങനെയാണോ? ആ നിശ്ചയിക്കപ്പെട്ട കാലാവധി കഴിഞ്ഞാൽ ഗവൺമെന്റ് പിന്നെയും കാലാവധി നീട്ടിക്കൊടുക്കുകയാണ്. ഇഷ്ടംപോലെ പണം പിരിക്കുകയാണ്. ഓരോ വർഷവും അല്ലെങ്കിൽ ഓരോ മാസവും നീട്ടിക്കൊടുക്കുന്നതുവഴി കോടിക്കണക്കിന് രൂപ അധികമായി പിരിക്കുന്നതിനുള്ള അവസരം ലഭിക്കുകയാണ്. അറിഞ്ഞുകൊണ്ട് നടക്കുന്ന വമ്പിച്ചതോതിലുള്ള ഒരു വലിയ തട്ടിപ്പാണത്. താഴെയറ്റം മുതൽ മേലെയറ്റം വരെയുള്ള ആളുകൾക്ക്

അതിന്റെ പ്രതിഫലവും കിട്ടുന്നു. അതുകൊണ്ട് സദുദ്ദേശ്യപരമായി കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണിത്. 100 ലക്ഷം രൂപവരെ ചെലവഴിക്കുന്ന പാലങ്ങൾ എന്ന സ്ഥാനത്ത് 500 ലക്ഷം രൂപ വരെ ചെലവഴിക്കുകയാണ്. അതൊരു 50 കോടി രൂപ ചെലവുവരുന്നത് എന്നെങ്കിലുമായി ഉയർത്തണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ടോൾ പിരിക്കുന്നതിന് അങ്ങ് എതിരാണെന്നുപറഞ്ഞു. ടോൾ ആക്ട് ആദ്യമായി വരുന്നത് 1976–ലാണ്. അന്ന് ശ്രീ. അച്ചുതമേനോന്റെ ഗവൺമെന്റാണുണ്ടായിരുന്നത്. ഇക്കാര്യം അന്നത്തെ ഭരണാധികാരികൾ ആലോചിച്ചില്ല എന്നാണോ അങ്ങ് പറയുന്നത്.

മി. സ്പീക്കർ : അങ്ങനെ ചോദിക്കണ്ട. അന്ന് ശ്രീ. കെ. രാജു നിയമസഭയിലില്ല. ഇപ്പോഴാണുള്ളത്. അതുകൊണ്ടാണ് അദ്ദേഹം അഭിപ്രായം പറയുന്നത്.

ശ്രീ. കെ. രാജു : ഞാൻ ഒരു ഗവൺമെന്റിനേയും കുറ്റപ്പെടുത്തിക്കൊണ്ടല്ല; പൊതുവായി അതിനെസംബന്ധിച്ച ഒരഭിപ്രായമാണ് പറഞ്ഞത്. കേന്ദ്രഫണ്ട് ഏറ്റവും കുറച്ചുപയോഗിക്കുന്ന സംസ്ഥാനം കേരളമാണ്. റോഡിന്റെ മേഖലയിലും അങ്ങനെയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. സി. ജോസഫ് കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള കാര്യത്തെ സംബന്ധിച്ച് സൂചിപ്പിച്ചു. എനിക്ക് ഈ അവസരത്തിൽ ഒരു കാര്യം സൂചിപ്പിക്കുവാനുള്ളത്, ഹിൽ ഏരിയ ഡവലപ്മെന്റുമായി ബന്ധപ്പെട്ടാണ്. കേന്ദ്ര സ്കീമാണല്ലോ ഹിൽ ഏരിയ ഡവലപ്മെന്റ്. ഹിൽ ഏരിയയിലുള്ള ചില പഞ്ചായത്തുകളിൽ, പഞ്ചായത്തുകൾ തീരുമാനിച്ചുതന്നെ അദ്ദേഹം അതിന്റെ ലിസ്റ്റ് തന്നിട്ടുണ്ട്. ഹിൽ ഏരിയ

ഡവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്കീമിൽ ഉൾപ്പെടുത്തി റോഡ് വികസിപ്പിക്കുകയുംവഴി മെച്ചപ്പെട്ടതാക്കുകയും ചെയ്യാം. പക്ഷേ അവിടെയും കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ നമുക്ക് അംഗീകരിക്കാവുന്നതല്ല. 8 മീറ്റർ വീതി അവിടെയും ഉറപ്പുവരുത്തണമെന്നാണ് പറയുന്നത്. ഹിൽ ഏരിയയെന്നു പറയുകയും ആ ഹിൽ ഏരിയയിലെ വനവുമായി ബന്ധപ്പെട്ടുകിടക്കുന്ന പഞ്ചായത്തുകളെ തെരെഞ്ഞെടുത്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ട് അവിടെ ഹിൽ ഏരിയ ഡെവലപ്മെന്റിൽ ഉൾപ്പെടുത്തി 8 മീറ്റർ വീതിയുള്ള റോഡ് ചെയ്യണമെന്നുപറഞ്ഞാൽ എവിടെയാണ് നടക്കുന്നത്?

അത് നടപ്പിലാക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായ ഭേദഗതികൾ വരുത്തേണ്ടത് അത്യാവശ്യമാണ്. അത് നടക്കുന്നില്ല. കേരളത്തിലും കേന്ദ്രത്തിലും കോൺഗ്രസ്സ് നേതൃത്വം നൽകുന്ന ഗവൺമെന്റാണ് ഭരിക്കുന്നത്. കേരളത്തിന്റെ യഥാർത്ഥ സ്ഥിതി കേന്ദ്രത്തിൽ ബോദ്ധ്യപ്പെടുത്തി നമ്മുടെ സംസ്ഥാനത്തിനാവശ്യമായ മാറ്റങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള മാനദണ്ഡങ്ങളിൽ നടപ്പിലാക്കിയേ മതിയാകൂ? മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ ഇന്ന് എല്ലാ മേഖലയിലും കേന്ദ്രത്തിൽനിന്നും കിട്ടുന്ന തുക ഏറ്റവും കുറച്ച് ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണ്. റോഡ് ഫണ്ടിൽ നമുക്ക് കിട്ടേണ്ട വിഹിതത്തിനനുസരിച്ചുള്ള തുക കിട്ടുന്നുണ്ടോ? ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ അതുംകൂടി വിശദീകരിക്കണം. റോഡ് ഫണ്ടിന്റെ കാര്യത്തിൽ യഥാർത്ഥത്തിൽ നമുക്ക് ലഭിക്കേണ്ട തുക മുഴുവനും ലഭിക്കുന്നില്ല.. മറ്റ് സംസ്ഥാനങ്ങൾ റോഡ്

ഫണ്ടിലെ ഭൂരിപക്ഷം തുകയും ഉപയോഗിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട റോഡുകൾ അവരുടെ സംസ്ഥാനത്ത് നിർമ്മിക്കുന്നു. പക്ഷേ നമുക്കതിന് കഴിയുന്നില്ല. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, നമ്മുടെ സംസ്ഥാന സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ചെലവിൽ പൂർണ്ണമായോ ഭാഗികമായോ നിർമ്മിച്ച പാലങ്ങളുടെ ടോൾ സംബന്ധിച്ചാണ് ഈ അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുന്നത്. വാസ്തവത്തിൽ ബഹുമാനപ്പെട്ട ഡോ. കെ.ടി. ജലീൽ തെറ്റിദ്ധരിച്ചുവെന്നാണ് എനിക്ക് തോന്നിയത്. കാരണം, റോഡുകൾക്കാണ് ടോൾ ഏർപ്പെടുത്തുന്നത് എന്നുള്ള രീതിയിലാണ് അദ്ദേഹം സംസാരിച്ചത്. കേരളത്തിൽ പാലങ്ങൾക്ക് മാത്രമാണ് ടോൾ ഉള്ളത്, റോഡുകൾക്ക് ഇതുവരെ ടോൾ ചുമത്തിയിട്ടില്ല. മാത്രമല്ല, ഒരു കോടി രൂപയായിരുന്നത് 5 കോടി രൂപയായി ഉയർത്തിക്കൊടുത്ത് റിലീഫ് കൊടുക്കുകയാണ് ചെയ്യുന്നത്. ഈ നിയമം സഭ പാസ്സാക്കിത്തന്നാൽ 5 കോടി രൂപ വരെ ചെലവഴിച്ച് നിർമ്മിച്ച പാലങ്ങൾക്ക് ഇനി ടോൾ കൊടുക്കേണ്ടി വരില്ല. അത് ഏറ്റവും വലിയ നേട്ടമായിരിക്കും. മറ്റൊരു പ്രധാന കാര്യം, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ റോഡുകളെ സംബന്ധിച്ചാണ്. അതിന് ഈ സഭയ്ക്കോ കേരള ഗവൺമെന്റിനോ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. സംസ്ഥാനത്തെ ദേശീയപാതകളിൽ കൂടിയുള്ള പാലങ്ങൾക്ക് ടോൾ പിരിക്കുന്നത് കേന്ദ്ര റോഡ്ഗതാഗതവും ഹൈവേകളും മന്ത്രാലയത്തിന്റെ വിജ്ഞാപനമനുസരിച്ചാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിയമമനുസരിച്ചാണ് അത് നടക്കുന്നത്. ബഹുമാനപ്പെട്ട പല അംഗങ്ങളും ചർച്ചയിൽ ഇടപെട്ടുകൊണ്ട് അപ്പപ്പോഴുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. അതിലൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും അതാത് സമയങ്ങളിൽ ഇടപെട്ട് കേന്ദ്ര

ഗവൺമെന്റുമായി ഇൻട്രാക്റ്റ് ചെയ്ത് സംസാരിക്കുകയും അതുസംബന്ധിച്ച് കോൺഫറൻസുകൾ നടത്തി, ആവശ്യമായ റിലീഫുകളൊക്കെ വരുത്തിയിട്ടുണ്ട്. പഞ്ച് ലിസ്റ്റിലുണ്ടായിരുന്ന വർക്കുകളിൽ ഏകദേശം 75 ശതമാനവും തീർന്നിട്ടുണ്ട്. ഇനി 25 ശതമാനം കൂടി തീരാനുണ്ട്. പക്ഷേ ഒരു പണിയെങ്കിലും തീരാതെ അവരെ ഞങ്ങൾ വിടില്ലെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഗവൺമെന്റ് വളരെ നിശ്ചയദാർഢ്യത്തോടു കൂടിയാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, അങ്ങ് ഇവിടെ കൊണ്ടുവന്ന ഭേദഗതി, 5 കോടി രൂപയായി വർദ്ധിപ്പിക്കുന്ന റിലീഫ്, അത് ഏറ്റവും നല്ലതാണ്. എട്ടുംപത്തും കോടി രൂപ മുടക്കി നിർമ്മിച്ച പാലങ്ങൾക്ക് ഒരു വർഷം കിട്ടുന്ന ടോൾ രണ്ടോ മൂന്നോ ലക്ഷം രൂപയാണ്. 25–50 വർഷം കഴിഞ്ഞാൽപോലും അത് ഒഴിവാക്കാൻ കഴിയില്ല. അങ്ങനെയുള്ള കാര്യത്തിൽ തുക കിട്ടിയാലും ഇല്ലെങ്കിലും ഒരു ക്ലിപ്ത വർഷത്തിനകം ടോൾ ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടേ?

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, .....(മൈക്ക് ഓഫ്)........പ്രൈവറ്റ് കമ്പനികൾക്ക് കൊടുക്കുന്ന കാര്യം.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)</u>: ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുള്ള വ്യവസ്ഥ 15 വർഷമോ അല്ലെങ്കിൽ മുടക്കുമുതലും 50 ശതമാനം പലിശയും കൂടിയുള്ള സംഖ്യയോ പിരിഞ്ഞുകിട്ടുന്നതുവരെയോ ആണ്. മുടക്കുമുതലും പലിശയും പിരിഞ്ഞുകിട്ടിയാലും, കിട്ടിയില്ലെങ്കിലും 15 വർഷം കൊണ്ട് അവസാനിപ്പിക്കുന്ന രീതിയിൽ

നമുക്ക് പരിശോധിക്കാവുന്നതാണ്. ഇപ്പോൾ ഈ ബിൽ സബ്ജക്ട് കമ്മി റ്റിക്ക് വിടാൻപോകുകയാണ്, അപ്പോൾ പരിശോധിക്കാവുന്നതാണ്. ഇൻഡ്യാ ഗവൺമെന്റ് അത് perpetual ടോളിംഗായി മാറ്റിയിരിക്കുകയാണ്, ലോക അവസാനംവരെയുള്ള ടോളിംഗാണ്. കേരള ഗവൺമെന്റിനെ സംബന്ധിച്ചിട ത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്തിട്ടുള്ളത് ടോൾ തന്നെ വേണ്ടെന്നുള്ള നിലപാടാണ്. കഴിയുന്നത്ര ടോൾ കുറച്ചുകൊണ്ടുവരണമെ ന്നുള്ള നിലപാടാണുള്ളത്. ഇപ്പോൾ നമ്മുടെ ഗവൺമെന്റ് 50 ശതമാനം ഷെയർ എടുത്തുകൊണ്ട് ആലപ്പുഴ ബൈപ്പാസും കൊല്ലം ബൈപ്പാസും പണിയാൻ പോകുകയാണ്. 200 കോടിരൂപ വീതം രണ്ട് ബൈപ്പാസിനും. കൂടി 400 കോടി രൂപ ഷെയർ ചെയ്യേണ്ടിവരും. കേരള ഗവൺമെന്റിന്റെ നയം ടോളിന് അനുകൂലമല്ല. പക്ഷേ നിർബന്ധിതാവസ്ഥയിൽ ടോൾ പിരിക്കേണ്ടി വരും.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, 2013-ലെ 4-ാം നമ്പർ ഓർഡി നൻസിനുപകരമുള്ള നിയമമാണ് ഇവിടെ ചർച്ച ചെയ്തത്. മൂല ഓർഡി നൻസ് എന്നുപറയുന്നത്, 2011-ലെ 54-ാം നമ്പർ ഓർഡിനൻസ് അതിന്റെ കാലാവധി കഴിഞ്ഞപ്പോൾ 2012-ലെ 12-ാം നമ്പർ ഓർഡിനൻസും അതിന്റെ കാലാവധി കഴിഞ്ഞപ്പോൾ 2012-ലെ 36-ാം നമ്പർ ഓർഡിനൻസും, ആ 36-ാം നമ്പർ ഓർഡിനൻസിന്റെ കാലാവധി 23 ജൂലൈ 2012-ൽ അവസാനിച്ചു. പിന്നീട് 21 ആഗസ്റ്റ് വരെ ഓർഡിനൻസില്ല. 5 കോടി രൂപ ടോളിന്റെ പരിധി ഉയർത്തിക്കൊണ്ടുള്ള നിയമം 2012 ജൂലൈ മാസം 23 മുതൽ 2012 ഓഗസ്റ്റ് മാസം 21-ാം തീയതി വരെ നിലവിലില്ല. അതിനുശേഷമാണ് ഓർഡിനൻസ് പുനഃപ്രസിദ്ധീകരിക്കുന്നത്. In effect-ൽ 2012 ജൂലൈ മാസം 23 മുതൽ 2012

ഓഗസ്റ്റ് മാസം 21-ാം തീയതി വരെയുള്ള സമയത്ത് ജനങ്ങൾ കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ടിരുന്നത് ഒരു കോടി രൂപവരെയുള്ള ടോളാണ്. അത് പിരിച്ചിട്ടുണ്ടാകില്ല, ഞാൻ സമ്മതിക്കുന്നു. പക്ഷേ ഈ ഓർഡിനൻസ് യഥാസമയം പുന:പ്രസിദ്ധീകരിക്കാത്തതുകൊണ്ട് ജനങ്ങളുടെമേൽ ഒരു ബാദ്ധ്യത വരുത്തിവച്ചു. യഥാസമയം ഈ ഓർഡിനൻസ് പുന:പ്രഖ്യാപിക്കാൻ കഴിയാതെവന്നത് അങ്ങയുടെ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ചയാണോ; നിയമ വകുപ്പിന്റെ വീഴ്ചയാണോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; പരിശോധിച്ചിട്ടില്ലെങ്കിൽ ഇനി പരിശോധിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഞാൻ പരിശോധിക്കാം. നിയമപരമായുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കാം. അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ്. അങ്ങ് മന്ത്രിയായിരുന്ന മന്ത്രിസഭയുടെ കാലത്ത് വന്ന ഓർഡിനൻസ് അത് മൂന്നുകോടി രൂപ വിലയാക്കിക്കൊണ്ടുള്ളതാണ്. അതിനുശേഷം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നപ്പോൾ അത് 5 കോടി രൂപയാക്കി ഉയർത്തുകയാണ് ചെയ്തത്. ഏതെങ്കിലും ഒരു സമയത്തിന്റെ പ്രശ്നം വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാം. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ ലാപ്സാണെങ്കിൽ അത് പരിശോധിക്കാവുന്നതാണ്. അത് overcome ചെയ്യാനുള്ള നടപടികളും സ്വീകരിക്കാം. പക്ഷേ ഈ കാര്യത്തെ സംബന്ധിച്ച് എല്ലാ ഭാഗത്തുനിന്നും ഒരു വിമർശനവുമില്ലാതെ പിന്താങ്ങേണ്ട ഒരു ഭേദഗതിയാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ശ്രീ. കെ.ടി. ജലീൽ ആണ് നോർത്തിന്റെ കാര്യം സംബന്ധിച്ച് സംസാരിച്ചത്. അതിനോടനുബന്ധിച്ച് പല അംഗങ്ങളും

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ റോഡുകളെ സംബന്ധിച്ചാണ് സംസാരിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്ന് ഈ സഭയെ അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ പല കാര്യങ്ങളും ഉന്നയിച്ചു. നിയമപരമായ കാര്യങ്ങൾ നിയമവകുപ്പ് വളരെ സൂക്ഷ്മമായി പരിശോധിക്കുന്നുണ്ടെന്ന് മാത്രമല്ല, ലാ വെറ്റ് ചെയ്തിട്ടാണ് വന്നിരിക്കുന്നത്. ഇനിയും വെറ്റ് ചെയ്യണമെങ്കിൽ അതിന് ബുദ്ധിമുട്ടില്ല. ത്രീ വീലറുകൾക്ക് ടോൾ ഒഴിവാക്കിക്കൊടുക്കണമെന്ന് അദ്ദേഹം പറയുകയുണ്ടായി. അതൊരു നല്ല നിർദ്ദേശമാണ്. കാരണം, സാധാരണക്കാർ സഞ്ചരിക്കുന്നതും സാധാരണക്കാരായ ഡ്രൈവർമാരും വളരെ പാവപ്പെട്ട ആളുകളും ഓടിച്ചുകൊണ്ടിരിക്കുന്ന ഓട്ടോറിക്ഷകൾ, ഭാരം കയറ്റുന്നതായാലും യാത്രക്കാരെ കയറ്റിക്കൊണ്ടുപോകുന്നതായാലും ശരി അവർക്ക് ടോൾ ഒഴിവാക്കിക്കൊടുക്കുന്ന കാര്യം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ പരിശോധിച്ച് അനുകൂലമായ നടപടിയെടുത്ത് സഭയിൽ കൊണ്ടുവരാം എന്നുകൂടി ഉറപ്പുനൽകിക്കൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ശ്രീ. എൻ. ഷംസുദീൻ പറഞ്ഞത്, ബില്ലിൽ ഓപ്പൺ ചെയ്യാത്ത ക്ലോസ് വല്ലതുമുണ്ടോ എന്ന് നോക്കണം. അങ്ങനെയുണ്ടെങ്കിൽ അത് സാധ്യമല്ല. ലാ കൂടി പരിശോധിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടാൽ അവിടെവച്ച് പരിശോധിക്കാം.

<u>മി. സ്പീക്കർ</u>: ഈ ബില്ലിന്റെ ചർച്ചയിൽ ആരംഭത്തിൽ ഒരു ബുദ്ധിമുട്ട് വന്നെങ്കിലും സജീവമായ ഒരു പങ്കാളിത്തം സഭയിൽ കാണുന്നു. സാധാരണ ഗതിയിൽ ബില്ലുകളിൽ ഇത്രയധികം പങ്കാളിത്തം കണ്ടുവരാറില്ല, അതു കൊണ്ടാണ് എടുത്തുപറഞ്ഞത്. അതിനുള്ള സന്തോഷം ഞാൻ നിങ്ങളോ ടൊപ്പം പങ്കുവയ്ക്കുകയാണ്..

<u>മി. സ്പീക്കർ</u>: ഡോ. കെ.ടി. ജലീൽ, അങ്ങയുടെ 4–ാം നമ്പർ ഓർഡി നൻസ്, 2013–ലെ കേരള ടോൾ (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം അങ്ങ് പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ.ടി. ജലീൽ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.........

ഡോ. കെ.ടി. ജലീൽ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാക രിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യു ന്നുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.........

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാജു അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു ണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. രാജു അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ഫെബ്രുവരി മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 03.02-ന് പിരിഞ്ഞു)

********